


# ടൈംസ് ഓഫ് അമേരിക്ക

TIMES of AMERICA

2026 ജൂലൈ 15 – 30

Volume XX Issue 14

## അമേരിക്കൻ മലയാളിയുടെ സമ്പൂർണ്ണ വാർത്താ ദ്വൈമാസിക





Cheif Editor: **George Thazhakara**
Tel: + 944 73 55710
e-mail:**georgethazhakara@gmail.com**

TIMES OF AMERICA.ORG ONLINE BI- WEEKLY
www: **timesofamerica.org**
News Cordination: Joychan Puthukulam

Managing Editor: **Mathew George**
Tel: 267-991-2111







## ഹോർമുസ് കടലിടുക്കിന്റെ നിയന്ത്രണം യുഎസ് ഏറ്റെടുക്കും; കപ്പലുകൾക്ക് 20% ഫീസ് ഏർപ്പെടുത്തുമെന്ന് ട്രംപ്


**- പി പി ചെറിയാൻ**



വാഷിംഗ്ടൺ: ലോകത്തിലെ ഏറ്റവും പ്രധാനപ്പെട്ട എണ്ണക്കടത്തു പാതകളിലൊന്നായ ഹോർമുസ് കടലിടുക്കിന്റെ നിയന്ത്രണം അമേരിക്ക ഏറ്റെടുക്കുമെന്ന് യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് പ്രഖ്യാപിച്ചു. ഈ മേഖലയുടെ സുരക്ഷ ഉറപ്പാക്കുന്നതിനുള്ള ചെലവിലേക്ക് പാതയിലൂടെ കടന്നുപോകുന്ന എല്ലാ ചരക്കുകപ്പലുകൾക്കും 20 ശതമാനം ഫീസ് ഏർപ്പെടുത്തുമെന്നും അദ്ദേഹം വ്യക്തമാക്കി. ട്രൂത്ത് സോഷ്യൽ പോസ്റ്റിലൂടെയും ഫോക്സ് ന്യൂസ് അഭിമുഖത്തിലൂടെയുമാണ് ട്രംപ് ഇക്കാര്യം അറിയിച്ചത്.

ഇറാനുമായുള്ള യുദ്ധം ശക്തമാകുന്ന സാഹചര്യത്തിൽ, ഹോർമുസ് കടലിടുക്ക് തങ്ങൾ അടച്ചുവെന്ന ഇറാന്റെ വാദത്തെ ട്രംപ് തള്ളി. കടലിടുക്കിലെ സുരക്ഷാ ചുമതല ഇനി അമേരിക്കയ്ക്കായിരിക്കുമെന്നും ഇതിനുള്ള നടപടികൾ ഉടനടി ആരംഭിക്കുമെന്നും അദ്ദേഹം പറഞ്ഞു. കഴിഞ്ഞ 50 വർഷമായി പ്രതിഫലമില്ലാതെയാണ് യുഎസ് ഇവിടെ കാവൽ നിന്നതെന്നും ഇനി അത് അനുവദിക്കില്ലെന്നും ട്രംപ് കൂട്ടിച്ചേർത്തു. അതേസമയം, യുഎസിന്റെ ഈ നീക്കത്തെ ശക്തമായി എതിർക്കുമെന്ന് ഇറാൻ സൈനിക വക്താവ് വ്യക്തമാക്കി. യുഎസ് തങ്ങളുടെ മൂന്നാം ദിവസത്തെ ആക്രമണത്തിന്റെ ഭാഗമായി ഇറാനിയൻ ലക്ഷ്യസ്ഥാനങ്ങൾക്ക് നേരെ വീണ്ടും ശക്തമായ വ്യോമാക്രമണം നടത്തിയിട്ടുണ്ട്. ഇരുരാജ്യങ്ങളും തമ്മിലുള്ള സംഘർഷം രൂക്ഷമായതോടെ രാജ്യാന്തര വിപണിയിൽ എണ്ണവില 5 ശതമാനത്തിലധികം വർദ്ധിച്ച് ബാരലിന് 75 ഡോളറിലെത്തി.

## രഘുറാം രാജനും രാജ് ചെട്ടിക്കും ആശാ ശർമ്മയ്ക്കും നിയമനം



വാഷിംഗ്ടൺ: യു.എസ്. ഫെഡറൽ റിസർവിന്റെ ധനനയ രൂപീകരണവും ദീർഘകാല പരിഷ്കരണങ്ങളും അവലോകനം ചെയ്യുന്നതിനുള്ള നിർണായകടാസ്ക് ഫോഴ്സുകളുടെ തലപ്പത്തേക്ക് പ്രമുഖ ഇന്ത്യൻ വംശജരെ നിയമിച്ചു. റിസർവ് ബാങ്ക് ഓഫ് ഇന്ത്യ മുൻ ഗവർണർ രഘുറാം രാജൻ, പ്രശസ്ത ഹാർവാർഡ് സാമ്പത്തിക ശാസ്ത്രജ്ഞൻ രാജ് ചെട്ടി, മൈക്രോസോഫ്റ്റ് എക്സ് ബോക്സ് സി.ഇ.ഒ ആശാ ശർമ്മ എന്നിവരെയാണ് ഫെഡറൽ റിസർവ് ചെയർമാൻ കെവിൻ വാർഷ് വിവിധ സമിതികളുടെ തലപ്പത്തേക്ക് തിരഞ്ഞെടുത്തത്.

കേന്ദ്ര ബാങ്കിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി രൂപീകരിച്ച അഞ്ച് ടാസ്ക് ഫോഴ്സുകളുടെ വിവരങ്ങൾ ജൂലൈ 10നാണ് ചെയർമാൻ ഔദ്യോഗികമായി പ്രഖ്യാപിച്ചത്.

ഫെഡറലിന്റെ ബാലൻസ് ഷീറ്റ് ഫ്രെയിംവർക്കിന്റെ നേട്ടങ്ങളും കോട്ടങ്ങളും വിലയിരുത്തുന്നതിനുള്ളബാലൻസ് ഷീറ്റ് പോളിസിടാസ്ക് ഫോഴ്സിന്റെ കോ ചെയർമാനായാണ് രഘുറാം രാജനെ നിയമിച്ചിരിക്കുന്നത്. നിലവിൽ ചിക്കാഗോ ബൂത്ത് സ്കൂൾ ഓഫ് ബിസിനസിൽ പ്രൊഫസറാണ് അദ്ദേഹം.

സാമ്പത്തിക വ്യവസ്ഥയിലെ ലികിഡിറ്റി പ്രശ്നങ്ങളെക്കുറിച്ച് പഠിക്കുന്നലികിഡിറ്റി ഡിപെൻഡൻസ് ടാസ്ക് ഫോഴ്സിനെ രാജ് ചെട്ടി നയിക്കും.

## ബഹിരാകാശ നിലയത്തിൽ പ്രവേശിച്ച് അനിൽ മേനോൻ ഉൾപ്പടെയുള്ള മൂന്ന് ബഹിരാകാശ യാത്രികർ



വാഷിങ്ടൺ: ബഹിരാകാശത്ത് എത്തുന്ന ആദ്യ മലയാളിയായി ഡോ. അനിൽ മേനോൻ. ഇന്ത്യൻ സമയം പുലർച്ചെ രണ്ട് മണിയോടെയാണ് അനിൽ മേനോൻ ഉൾപ്പടെയുള്ള മൂന്ന് ബഹിരാകാശ യാത്രികർ ബഹിരാകാശ നിലയത്തിൽ പ്രവേശിച്ചത്. രാത്രി 11.26ഓടെ സോയൂസ് പേടകം അന്താരാഷ്ട്ര ബഹിരാകാശ നിലയവുമായി ഡോക്ക് ചെയ്യാൻ സാധിച്ചിരുന്നു. എട്ട് മാസത്തെ ദൗത്യ ശേഷം അടുത്ത വർഷം ഏപ്രിലിൽ ആയിരിക്കും സംഘത്തിന്റെ മടക്കം.

എക്സ്പെഡിക്ഷൻ 74 ദൗത്യത്തിന്റെ ഭാഗമാണ് ഈ യാത്ര. റഷ്യൻ നിർമ്മിത സോയൂസ് എംഎസ് 29 പേടകത്തിലായിരുന്നു സംഘം ബഹിരാകാശത്തെത്തിയത്. കസാഖിസ്താനിലെ ബൈക്കനൂർ കോസ്മോഡ്രോമിൽ നിന്നായിരുന്നു വിക്ഷേപണം. റഷ്യൻ ബഹിരാകാശ സഞ്ചാരികളായ പ്യോത്തർ ഡുബ്രോവ്, അന്ന കിക്കിന എന്നിവരും അനിലിനൊപ്പം പേടകത്തിലുണ്ട്.

## ട്രംപിന്റെ പുതിയ കുടിയേറ്റ നയം: 10 ലക്ഷം പേർക്ക് യുഎസ് വിടേണ്ടി വന്നേക്കാം

വാഷിംഗ്ടൺ ഡി സി: അമേരിക്കയിൽ നിയമപരമായി താമസിക്കുന്ന പത്ത് ലക്ഷത്തോളം വരുന്ന വിദേശികൾക്ക് രാജ്യം വിടേണ്ടി വന്നേക്കാമെന്ന് സൂചന. ഡൊണാൾഡ് ട്രംപ് ഭരണകൂടം കൊണ്ടുവരുന്ന പുതിയ കുടിയേറ്റ നിയമങ്ങളാണ് നിലവിൽ നിയമപരമായ അനുമതിയോടെ കഴിയുന്നവരെപ്പോലും പ്രതികൂലമായി ബാധിക്കുന്നത്.

പുതിയ കടുത്ത നിർദ്ദേശങ്ങൾ പ്രാബല്യത്തിൽ വരുന്നതോടെ കരീബിയൻ, മധ്യ അമേരിക്കൻ രാജ്യങ്ങളിൽ നിന്നുള്ളവർ ഉൾപ്പെടെയുള്ള വലിയൊരു വിഭാഗം ആളുകളുടെ താമസാധികാരം റദ്ദാക്കപ്പെട്ടേക്കാം.

സാംസ്കാരികം

അമേരിക്കൻ മലയാളിയുടെ സമഗ്ര വാർത്ത പത്രിക

ടൈംസ് ഓഫ് അമേരിക്കൻ മലയാളി ഡോട്ട് കോം

പി. ഡി. എഫ് ഫയലിനോടൊപ്പം
പ്രതിമാസ സാംസ്കാരിക മാസിക

സാഹിത്യ സാംസ്കാരികതയുടെ പ്രതിഫലനം

www.timesofamericanmalayali.com

ഈ ലക്കത്തിൽ

### കേരളത്തിലെ ഗ്രന്ഥശാലാ പ്രസ്ഥാനം


**ജോർജ് തഴക്കര**



സാഹിത്യം സംസ്കാരം തുടങ്ങിയ പതിവു പംക്തികൾ

# ഡോ.എം.വി.പിള്ളയ്ക്ക് നാമം ലൈഫ് ടൈം അച്ചീവ്മെന്റ് പുരസ്കാരം

- ജോർജ് നടവയൽ




ന്യൂ ജേഴ്സി: പ്രഗത്ഭ ഭിഷഗ്വരൻ, പ്രശസ്ത ഓങ്കോളജിസ്റ്റ്, സരസനായ അധ്യാപകൻ, ഹൃദയാലുവായ മാനുഷികവാദി, ശാന്തഗംഭീരനായ പ്രഭാഷകൻ, കിടയറ്റ നാടക പ്രേമി എന്നീ നിലകളിൽ അറിയുന്ന ഡോ.എം.വി.പിള്ളയെ ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് ജേതാവായി നാമം പ്രഖ്യാപിച്ചു.

അഞ്ച് പതിറ്റാണ്ടിലേറെയായി വൈദ്യശാസ്ത്രം, കാൻസർ നിവാരണം, മെഡിക്കൽ വിദ്യാഭ്യാസം, പൊതുജനാരോഗ്യം, ആഗോള മലയാളി സമൂഹ പരിചരണം, സാഹിത്യാസ്വാദന പ്രഭാഷണങ്ങൾ എന്നീ മേഖലകളിൽ നൽകിയ അസാമാന്യമായ സേവന തിളക്കമാണ് ഡോ.എം.വി.പിള്ളയ്ക്ക് നാമം ലൈഫ് ടൈം അച്ചീവ്മെന്റ് പുരസ്കാര മുടിചൂടാൻ രാജ വീഥിയൊരുക്കിയത്.

ഇന്ത്യൻ അമേരിക്കൻ മെഡിക്കൽ സമൂഹത്തിലെ വളരെ ആദരണീയനായ ഡോ.പിള്ള; ഇന്ത്യ, ന്യൂസിലൻഡ്, യുണൈറ്റഡ് സ്റ്റേറ്റ്സ് എന്നിവിടങ്ങളിൽ വ്യാപ്തിയാർജ്ജിച്ച, മെഡിക്കൽ മികവിന്റെ വിക്ടറി സ്റ്റാന്റിൽ, ചുവടുറപ്പിച്ച ഫിസിഷ്യനാണ്. ഹെമറ്റോളജി, ഓങ്കോളജി, വൈറോളജി, അന്താരാഷ്ട്ര ആരോഗ്യ കാര്യ വിശകലനങ്ങൾ എന്നിവയിലെ അദ്ദേഹത്തിന്റെ നേട്ടങ്ങൾ വ്യാപകമായ ശ്രദ്ധ നേടിയിട്ടുണ്ട്.

തിരുവനന്തപുരം മെഡിക്കൽ കോളേജിലെ പൂർവ്വ വിദ്യാർത്ഥിയായ ഡോ.പിള്ള, ന്യൂസിലൻഡിലെ ഓക്ക്ലാൻഡ് സർവകലാശാലയിൽ നിന്ന് ഹെമറ്റോളജിയിൽ ഉന്നത പരിശീലനം പൂർത്തിയാക്കി. യുണൈറ്റഡ് സ്റ്റേറ്റ്സിലെ വെർജീനിയ മെഡിക്കൽ കോളേജിൽ നിന്ന് മെഡിക്കൽ ഓങ്കോളജിയിലും, അമേരിക്കയിൽ ഇന്റേണൽ മെഡിസിൻ, ഹെമറ്റോളജി, മെഡിക്കൽ ഓങ്കോളജി എന്നീ വിദഗ്ദ്ധശാഖകളിൽ (ട്രിപ്പിൾബോർഡ് സർട്ടിഫൈഡ്) പഠനവും പൂർത്തിയാക്കി.

പ്രൊഫഷണൽ യാത്രയിൽ ഡോ.എം.വി.പിള്ള, യുണൈറ്റഡ് സ്റ്റേറ്റ്സ് എയർഫോഴ്സ് മെഡിക്കൽ കോർപ്സിൽ ഫിസിഷ്യനായും, സീനിയർ ഓഫീസറായും സേവനമനുഷ്ഠിച്ചു, ലെഫ്റ്റനന്റ് കേണൽ പദവിയിലേക്ക് ഉയർന്നു. വാഷിംഗ്ടൺ ഡി.സിയിലെ യുഎസ് എയർഫോഴ്സ് മെഡിക്കൽ സെന്ററിൽ ഹെമറ്റോളജി ആൻഡ് ഓങ്കോളജി മേധാവിയായി സേവനമനുഷ്ഠിച്ചു. ജോർജ് വാഷിംഗ്ടൺ യൂണിവേഴ്സിറ്റിയിൽ അക്കാദമിക് നിയമനങ്ങൾ നടത്തി. 2010 മുതൽ 2024 വരെ, ഫിലഡൽഫിയയിലെ തോമസ് ജെഫേഴ്സൺ യൂണിവേഴ്സിറ്റിയിൽ ഓങ്കോളജി ക്ലിനിക്കൽ പ്രൊഫസറായും സേവനമനുഷ്ഠിച്ചു.

ഗ്ലോബൽ വൈറസ് നെറ്റ്വർക്കിന്റെ സീനിയർ ഉപദേഷ്ടാവായും ഇന്റർനാഷണൽ നെറ്റ്വർക്ക് ഫോർ കാൻസർ ട്രീറ്റ്മെന്റ് ആൻഡ് റിസർച്ചിന്റെ പ്രസിഡന്റും ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായും സേവനമനുഷ്ഠിച്ചത്, ഡോ.പിള്ളയുടെ അന്താരാഷ്ട്ര നേതൃപാടവങ്ങളിൽ ഉൾപ്പെടുന്നു.

ഡോ.എം.വി.പിള്ള, 2025 ഇന്റർനാഷണൽ കാൻസർ കെയർ നെറ്റ്വർക്ക് സ്ഥാപിക്കുകയും ചെയർമാൻ ചുമതല നിർവഹിക്കുകയും ചെയ്തു. സ്തനാർബുദം നേരത്തേ കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനുമുള്ള ആഗോള മാർഗ്ഗനിർദ്ദേശത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ച ലോകാരോഗ്യ സംഘടനയുടെ സംരംഭത്തിന്റെ കൺസൾട്ടന്റായും ഡോ.എം.വി.പിള്ള സേവനമനുഷ്ഠിച്ചിട്ടുണ്ട്.

തിരുവനന്തപുരത്തെ തോന്നയ്ക്കലിൽ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി സ്ഥാപിക്കുന്നതിൽ ഡോ.പിള്ള സമർപ്പിച്ച കഠിനയത്നം അദ്ദേഹത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട സംഭാവനകളിലൊന്നാണ്. ഗ്ലോബൽ വൈറസ് നെറ്റ്വർക്കിലൂടെയും കേരള ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ പിന്തുണയോടെയും പ്രവർത്തിച്ചുകൊണ്ട്, അഭിലാഷകരമായ പൊതുജനാരോഗ്യ സംരംഭത്തെ യാഥാർത്ഥ്യമാക്കി മാറ്റാൻ അദ്ദേഹം സഹായിച്ചു.

സ്വകാര്യ ആശുപത്രികളുമായി സഹകരിച്ച് കേരളത്തിൽ സംസ്ഥാനവ്യാപകമായി നടപ്പിലാക്കുന്ന കാൻസർ പ്രതിരോധ, പ്രാരംഭ കണ്ടെത്തൽ ശ്രമങ്ങൾക്ക് ഡോ.എം.വി.പിള്ള ഉപദേശകനായിട്ടുണ്ട്. കേരളത്തിലെ ഡോ.കെ.എം.ചെറിയാൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിലെ ഓങ്കോളജി സെന്ററിന്റെ ഉപദേശക സമിതി ചെയർമാനുമാണ് ഡോ.എം.വി.പിള്ള.

വൈദ്യശാസ്ത്രത്തിനപ്പുറം, എഴുത്തുകാരൻ, കോളമിസ്റ്റ്, പൊതു പ്രഭാഷകൻ, സാംസ്കാരിക അഭിഭാഷകൻ, സാമൂഹിക നിരീക്ഷകൻ, ഉത്സാഹഭരിതനായ വായനക്കാരൻ എന്നീ നിലകളിൽ ഡോ. പിള്ള അറിയപ്പെടുന്നു.

# സ്റ്റെഫ്ന പ്രവർത്തനോദ്ഘാടനവും സെന്റ്തോമസ് ദിനാചരണവും ന്യൂയോർക്കിൽ നടത്തി



- മാത്യുക്കുട്ടി ഈശോ

ന്യൂയോർക്ക്: ലോങ്ങ് ഐലൻഡിലെ വിവിധ ക്രിസ്തീയ സഭകളുടെ കൂട്ടായ്മയായ സെൻറ് തോമസ് എക്യൂമെനിക്കൽ ഫെഡറേഷൻ ഓഫ് നോർത്ത് അമേരിക്കയുടെ 2026 വർഷത്തെ പ്രവർത്തനോദ്ഘാടനവും സെൻറ് തോമസ് ദിനാചരണവും വാലിസ്ട്രീമിലുള്ള സെന്റ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് പള്ളിയിൽ നടത്തി. മാർത്തോമ്മാ സഭയുടെ നോർത്ത് അമേരിക്കൻ ഭദ്രാസനാധിപൻ അഭിവന്ദ്യ ഡോ.എബ്രഹാം മാർ പൗലോസ് തിരുമേനിയും എപ്പിസ്കോപ്പൽ ചർച്ച് ബിഷപ്പ് അഭിവന്ദ്യ ഡോ. ജോൺസി ഇട്ടിയും ഭദ്രദീപം കൊളുത്തിയാണ് ഈ വർഷത്തെ പ്രവർത്തനോദ്ഘാടനം നിർവ്വഹിച്ചത്. ലോങ്ങ് ഐലൻഡ് ഭാഗത്തെ വിവിധ വിഭാഗത്തിൽ പെട്ട പള്ളികളിൽ നിന്നുള്ള വൈദികരുടെയും വിശ്വാസികളുടെയും നിറസാന്നിദ്ധ്യത്തിലാണ് ഉദ്ഘാടന കർമ്മം നടത്തിയത്.

ആദ്യ നൂറ്റാണ്ടുകളിൽ ക്രിസ്തു ശിഷ്യനായ വിശുദ്ധ തോമാശ്ലീഹാ കേരളത്തിൽ വന്ന് ക്രിസ്തീയ സഭയുടെ തുടക്കം കുറിച്ചതും അവിടെ നിന്നുള്ള ക്രിസ്തീയ സഭയുടെ വളർച്ചയെക്കുറിച്ചും ഉദ്ഘാടന പ്രസംഗത്തിൽ പൗലോസ് തിരുമേനി ഉദ്ബോധിപ്പിച്ചു. കേരളത്തിൽ നിന്നുള്ള വിവിധ സഭാ വിശ്വാസികൾ ധാരാളം പേർ അമേരിക്കയിലെത്തി അവരവരുടെ ജീവിതരീതി തുടർന്നെങ്കിലും എക്യൂമെനിക്കൽ ഫെഡറേഷനായി ഇത്തരത്തിലുള്ള കൂടി വരവുകൾ നമുക്കേവർക്കും സന്തോഷം നൽകുന്ന ഒന്നാണ്. എങ്കിലും നമ്മൾ ഇങ്ങനെ ഒരുമിച്ച് കൂടി വെറുമൊരു ആഘോഷമായി മാത്രം നടത്തി പോകാതെ ദൈവാരാജ്യത്തിനുള്ള കേട്ടുപണിക്കായി പ്രവർത്തിക്കുക കൂടി ചെയ്യണം. നമ്മുടെ ചുറ്റുപാടും അവശത അനുഭവിക്കുന്ന ധാരാളം പേരുണ്ട്. അവർക്ക് ഈ സംഘടനയായി എന്ത് സഹായം ചെയ്യാം എന്നുകൂടി ചിന്തിക്കണം. എക്യൂമെനിക്കൽ ഫെഡറേഷന്റെ ഈ വർഷത്തെ പ്രവർത്തനങ്ങൾ മറ്റുള്ളവർക്ക് ഏറ്റവും അനുഗ്രഹപ്രദമായി തീരട്ടെ എന്ന് ആശംസിക്കുന്നു.

ബിഷപ്പ് ജോൺസി ഇട്ടി, സെന്റ് തോമസ് എക്യൂമെനിക്കൽ ഫെഡറേഷന്റെ പ്രവർത്തനങ്ങളെ പ്രകീർത്തിക്കുകയും ഇതിലൂടെ സമൂഹത്തിനു ലഭിക്കുന്ന അനുഗ്രഹങ്ങൾക്കായി ഇതിന് പിന്നിൽ പ്രവർത്തിക്കുന്ന എല്ലാവർക്കും നന്ദി അർപ്പിക്കുകയും ചെയ്തു. ഫെഡറേഷൻ പ്രസിഡൻറ് റവ. ഫാദർ ജോൺ തോമസ് അദ്ധ്യക്ഷത വഹിച്ച് എക്യൂമെനിക്കൽ ഫെഡറേഷന്റെ വിവിധ പ്രവർത്തനങ്ങളെപ്പറ്റി സംസാരിച്ചു.

ആത്മായ വൈസ് പ്രസിഡൻറ് ജോസഫ് വി.തോമസ് സ്വാഗതം ചെയ്തു. കമ്മറ്റി അംഗമായ എബ്രഹാം സി.തോമസ് ചടങ്ങിന്റെ പ്രസക്തിയെപ്പറ്റി സംസാരിച്ചു. സ്ഫോർഡിലുള്ള മലയാളം കോൺഗ്രിഗേഷൻ ഓഫ് സി.എസ്.ഐ. മഹായിടവക വികാരി റവ.ഡോ. ജോസഫ് ശാമുവേൽ പ്രാരംഭ പ്രാർത്ഥനയും ഫെഡറേഷന്റെ വൈദിക വൈസ് പ്രഡിഡന്റും സെന്റ് ജോൺസ് മാർത്തോമ്മാ ഇടവക വികാരിയുമായ റവ. ബിജു പി.സൈമൺ സമാപന പ്രാർത്ഥനയും നടത്തി. സി.എസ്.ഐ. ജൂബിലി ഇടവകയിലെ ഗായക സംഘവും, കൗൺസിൽ ഓഫ് ഇന്ത്യൻ ഓർത്തഡോക്സ് ചർച്ച് ഗായക സംഘവും ക്രിസ്തീയ ഭക്തി ഗാനങ്ങൾ അവതരിപ്പിച്ചു.

ആതിഥേയ പള്ളിയായ സെൻറ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് പള്ളി വികാരി റവ. ഫാദർ ജെറി വർഗ്ഗീസ് ആശംസാ പ്രസംഗം നടത്തി. ഫെഡറേഷൻ സെക്രട്ടറി ജോബി ജോർജ് കൃതജ്ഞത രേഖപ്പെടുത്തി. ട്രഷറർ ജോൺ താമരവേലിൽ, ജോയിന്റ് സെക്രട്ടറിമാരായ അനിൽ തോമസ്, ശോശാമ്മ തോമസ്, ജോയിൻറ് ട്രഷറർ സജി തോമസ്, യൂത്ത് ഫെലോഷിപ്പ് അംഗം റവ.ഫാദർ സെബിൻ ജോ ബെൻസൺ, ഗായക സംഘ കോർഡിനേറ്റർ കെ. എം. മാത്യു, പ്രസിദ്ധീകരണ കൺവീനർ തോമസ് ജേക്കബ്, കമ്മറ്റി അംഗങ്ങളായ ജയ് കെ. പോൾ, എബ്രഹാം സി. തോമസ്, കോശി കൊച്ചുമ്മൻ, ഓഡിറ്റർ തോമസ് തടത്തിൽ എന്നിവർ ചടങ്ങുകൾക്ക് നേതൃത്വം നൽകി. അലീന ഏലിയാസ് മാസ്റ്റർ ഓഫ് സെറിമണിയായിരുന്നു.

# നിലവിലെ ഒ.സി.ഐ കാർഡ് ഉടമകൾക്ക് ഇനി ഇ-ഒ.സി.ഐ ഡൗൺലോഡ് ചെയ്യാം; ഘട്ടംഘട്ട മാർഗ നിർദേശം പുറത്തിറങ്ങി

- പ്രസാദ് തീയാടിക്കൽ

ന്യൂഡൽഹി: വിദേശത്തുള്ള ഇന്ത്യൻ വംശജർക്കായി ഇന്ത്യൻ സർക്കാർ നടപ്പിലാക്കുന്ന ഡിജിറ്റൽ ഇ-ഒ.സി.ഐ. (ഇലക്ട്രോണിക് ഓവർസീസ് സിറ്റിസൺ ഓഫ് ഇന്ത്യ) സംവിധാനത്തിന്റെ ഭാഗമായി നിലവിലുള്ള ഒ.സി.ഐ. കാർഡ് ഉടമകൾക്ക് ഇ-ഒ.സി.ഐ. കാർഡ് ഡൗൺലോഡ് ചെയ്യുന്നതിനുള്ള ഔദ്യോഗിക മാർഗനിർദേശം പുറത്തിറങ്ങി. പുതിയ ഡിജിറ്റൽ സംവിധാനം വഴി ഒ.സി.ഐ. സേവനങ്ങൾ കൂടുതൽ വേഗത്തിലും സൗകര്യപ്രദമായും ലഭ്യമാക്കുക എന്നതാണ് ലക്ഷ്യം.


പുതിയ സംവിധാനപ്രകാരം, അർഹരായ നിലവിലെ ഒ.സി.ഐ.കാർഡ് ഉടമകൾ ഔദ്യോഗിക ഒ.സി.ഐ. പോർട്ടലിൽ പ്രവേശിച്ച് ആവശ്യമായ വിവരങ്ങൾ സ്ഥിരീകരിച്ച ശേഷം ഇ-ഒ.സി.ഐ. ഡൗൺലോഡ് ചെയ്യാൻ കഴിയും. ഡിജിറ്റൽ കാർഡിൽ ക്യു ആർ കോഡ് ഉൾപ്പെടുന്ന സുരക്ഷാ സംവിധാനവും ഒരുക്കിയിട്ടുണ്ട്. അതേസമയം, നിലവിലുള്ള ഫിസിക്കൽ ഒ.സി.ഐ. കാർഡുകൾ ഇപ്പോഴും സാധുവായതിനാൽ അവയുടെ ഉപയോഗം തുടർന്നും അനുവദിക്കും.

അധികൃതർ പുറത്തിറക്കിയ മാർഗനിർദേശമനുസരിച്ച്, പുതിയ പാസ്പോർട്ട് ലഭിച്ച ഒ.സി.ഐ. കാർഡ് ഉടമകൾ നിശ്ചിത സമയത്തിനുള്ളിൽ പുതിയ പാസ്പോർട്ട് വിവരങ്ങളും പുതിയ ഫോട്ടോയും ഒ.സി.ഐ. പോർട്ടലിൽ അപ്ഡേറ്റ് ചെയ്യണം. ഇതിലൂടെ ഒ.സി.ഐ. രേഖകൾ ഡിജിറ്റൽ രീതിയിൽ പുതുക്കി സൂക്ഷിക്കാൻ സാധിക്കും.

സർക്കാരിന്റെ ഡിജിറ്റൽ ഇന്ത്യ പദ്ധതിയുടെ ഭാഗമായാണ് ഇ-ഒ.സി.ഐ. സംവിധാനം നടപ്പാക്കുന്നത്. ഇതിലൂടെ അപേക്ഷാ നടപടികൾ ലളിതമാകുകയും രേഖകളുടെ സുരക്ഷ വർധിക്കുകയും വിദേശത്തുള്ള ഇന്ത്യൻ വംശജർക്കുള്ള സേവനങ്ങൾ കൂടുതൽ കാര്യക്ഷമമാകുകയും ചെയ്യുമെന്ന് കേന്ദ്ര സർക്കാർ അറിയിച്ചു.

# ആത്മീയ സ്വത്വത്തിന്റെ തിരിച്ചറിവാണ് ദൈവഹിത നിർവ്വഹണത്തിന്റെ ആദ്യപടിയെന്ന് പ്രൊഫ.കോശി തലക്കൽ

**- പി പി ചെറിയാൻ**



ഡിട്രോയിറ്റ്: ആഗോള പ്രവാസി മലയാളി ക്രൈസ്തവ കൂട്ടായ്മയായ ഐ.പി.എൽ ഓൺലൈൻ പ്രാർത്ഥനാ യോഗത്തിന്റെ 634-ാമത് സെഷൻ ജൂലൈ 7 ചൊവ്വാഴ്ച ഭക്തിനിർഭരമായ അന്തരീക്ഷത്തിൽ വിജയകരമായി സമാപിച്ചു. പ്രമുഖ വചനപ്രഘോഷകനും ആത്മീയ ചിന്തകനുമായ പ്രൊഫ.കോശി തലക്കൽ (ഫിലാഡൽഫിയ) യോഗത്തിൽ മുഖ്യപ്രഭാഷണം നടത്തി. ആത്മീയ വളർച്ചയ്ക്കും പ്രാർത്ഥനാ ജീവിതത്തിനും ഏറെ പ്രചോദനം നൽകുന്നതായിരുന്നു അദ്ദേഹത്തിന്റെ വചനസന്ദേശം. കൂട്ടായ്മയുടെ ചരിത്രത്തിലെ 495-ാമത് പ്രാർത്ഥനാ സന്ദേശമാണ് ഈ യോഗത്തിൽ പങ്കുവെക്കപ്പെട്ടത്.

ഞാൻ ആരാണ്എന്ന ആത്മീയ തിരിച്ചറിവാണ് ദൈവഹിതം നിറവേറാനുള്ള ആദ്യപടിയെന്ന് പ്രൊഫ.കോശി തലക്കൽ തന്റെ പ്രഭാഷണത്തിൽ ഓർമ്മിപ്പിച്ചു. നാം ദൈവത്തിന്റെ മക്കളാണെന്ന സത്യം ഹൃദയത്തിൽ ഉറപ്പിക്കുമ്പോഴാണ് നമ്മുടെ ജീവിതം ദൈവഹിതത്തിന് അനുസൃതമായി രൂപപ്പെടുന്നത്. എന്നാൽ പലപ്പോഴും ഈ ആത്മീയ സ്വത്വം മറന്നുപോകുന്നതിനാൽ നാം ദൈവഹിതത്തിന് വിരുദ്ധമായ ചിന്തകളിലും പ്രവൃത്തികളിലും അകപ്പെട്ടുപോകുന്നുവെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

വിശുദ്ധ യോഹന്നാൻ സ്നാപകൻ തന്റെ ദൗത്യത്തെക്കുറിച്ച് വ്യക്തമായ ബോധ്യമുള്ളവനായിരുന്നു. എന്റെ പിന്നാലെ വരുന്നവൻ എന്നെക്കാൾ ശ്രേഷ്ഠനാണ്; അവൻ ദൈവപുത്രനാണ് എന്ന് ധൈര്യത്തോടെ ലോകത്തോട് സാക്ഷ്യം പറയാൻ അദ്ദേഹത്തിന് കഴിഞ്ഞു. സ്വയം ഉയർത്താതെ ക്രിസ്തുവിനെ ഉയർത്തിക്കാട്ടിയ ഈ ആത്മീയ തിരിച്ചറിവും വിനയവുമാണ് യോഹന്നാൻ സ്നാപകന്റെ ശുശ്രൂഷയുടെ വിജയരഹസ്യം.

ഡിട്രോയിറ്റിൽ നിന്നുള്ള ഐ പി എൽ കോർഡിനേറ്റർ സി.വി.സാമുവൽ യോഗത്തിൽ പങ്കെടുത്തവർക്ക് ഹൃദ്യമായ സ്വാഗതമാശംസിച്ചുകൊണ്ട് ചടങ്ങുകൾക്ക് തുടക്കം കുറിച്ചു. ജയരാജ് തോമസ് (ഡിട്രോയിറ്റ്) പ്രാരംഭ പ്രാർത്ഥന നടത്തി. തുടർന്ന് ന്യൂയോർക്കിൽ നിന്നുള്ള മേരിക്കുട്ടി കുര്യൻ വിശുദ്ധ യോഹന്നാൻ എഴുതിയ സുവിശേഷം ഒന്നാം അധ്യായം 19 മുതൽ 23 വരെയുള്ള നിശ്ചയിക്കപ്പെട്ട പാഠഭാഗം വായിച്ചു. പ്രൊഫ.കോശി തലക്കലിന്റെ മുഖ്യപ്രഭാഷണത്തിന് ശേഷം നടന്ന മധ്യസ്ഥ പ്രാർത്ഥനയ്ക്ക് ഹൂസ്റ്റണിൽ നിന്നുള്ള വത്സ മാത്യു നേതൃത്വം നൽകി.

സംഘാടകർക്ക് വേണ്ടിയും പങ്കെടുത്തവർക്ക് വേണ്ടിയും ഹൂസ്റ്റണിൽ നിന്നുള്ള ഐപി എൽ കോർഡിനേറ്റർ ടി.എ.മാത്യു കൃതജ്ഞത രേഖപ്പെടുത്തുകയും വരാനിരിക്കുന്ന പരിപാടികളെക്കുറിച്ചുള്ള അറിയിപ്പുകൾ പങ്കുവെക്കുകയും ചെയ്തു. ഡിട്രോയിറ്റിൽ നിന്നുള്ള റവ. ഡോ.ഇട്ടി മാത്യൂസിന്റെ സമാപന പ്രാർത്ഥനയോടും ആശീർവാദത്തോടും കൂടി ഈ വാരത്തെ പ്രാർത്ഥനാ യോഗം ഭക്തിസാന്ദ്രമായി സമാപിച്ചു. യോഗത്തിന്റെ സുഗമമായ നടത്തിപ്പിനായി ഹൂസ്റ്റണിൽ നിന്നും ഷിജു ജോർജ്, ജോസഫ് ടി. ജോർജ് (രാജു) എന്നിവർ ആവശ്യമായ സാങ്കേതിക സഹായങ്ങൾ നൽകി.

പ്രമുഖ ദൈവവചന പണ്ഡിതൻ റവ.ഡോ. ജോൺ മാത്യു മുഖ്യസന്ദേശം നൽകുമെന്ന് ഐ.പി.എൽ ടീമിന് വേണ്ടി. സി.വി.സാമുവൽ അറിയിച്ചു.

# നാഷണൽ അസോസിയേഷൻ ഓഫ് ഇന്ത്യൻ നഴ്സസ് ഓഫ് അമേരിക്കയുടെ 10-ാമത്തെ ദ്വിവാർഷിക സമ്മേളനം ഡാളസിൽ

**അനശ്വരം മാമ്പിള്ളി**

ഡാളസ്: ഇന്ത്യൻ അമേരിക്കൻ നഴ്സസ് അസോസിയേഷൻ ഓഫ് നോർത്ത് ടെക്സസ് ആതിഥേയത്വം വഹിക്കുന്ന ദ്വിവാർഷിക സമ്മേളനം 2026, ഒക്ടോബർ 1 മുതൽ 3 വരെ ഫോർ പോയിന്റ്സ് ബൈ ഷെറാട്ടൺ, ഡിഎഫ്ഡബ്ല്യു എയർപോർട്ട് നോർത്ത്, കോപ്പേൽ ടെക്സസിൽ വെച്ചു നടത്തുന്നു. മികവ്, പ്രതിരോധശേഷി, നവീകരണം എന്നിവയിലൂടെ ഭാവിയെ നയിക്കുകഎന്നത് ഒരു പ്രമേയമായി സമ്മേളനത്തിൽ അവതരിപ്പിക്കുന്നു. കൂടാതെ ഇന്ററാക്ടീവ് വർക്ക്ഷോപ്പുകളും നൈപുണ്യ വികസന സെഷനുകളും ക്രമീകരിച്ചുണ്ട്.

ആതുര സേവന രംഗത്തെ സംഘടനയെന്ന നിലയിൽ ഈ ദേശീയ പരിപാടി 200ൽ അധികം നഴ്സുമാരെയും ആരോഗ്യ സംരക്ഷണ നേതാക്കളെയും ഒരുമിക്കുന്നതായിരിക്കും. ക്ലിനീഷ്യൻമാർ, അഡ്വാൻസ്ഡ് പ്രാക്ടീസ് പ്രൊവൈഡർമാർ, അധ്യാപകർ, ഗവേഷകർ, നൂതനാശയക്കാർ എന്നിവരുൾപ്പെടെ അമേരിക്കയിലും പുറത്തുമുള്ള നിരവധി പ്രഗൽഭർ ഈ നാഴികക്കല്ലായ ദേശീയ പരിപാടിയിൽ പങ്കെടുക്കുമെന്ന് നൈനയുടെയും ഐനന്റിന്റെയും ഭാരവാഹികൾ അറിയിച്ചു.

# നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന ഫാമിലി ആന്റ് യൂത്ത് കോൺഫറൻസിന് തുടക്കം



**- ജോർജ് തുമ്പയിൽ**

ജൂലൈ 15 മുതൽ 18 വരെ പെൻസിൽവേനിയയിലെ ലാങ്കസ്റ്ററിൽ സംഘടിപ്പിച്ചിരിക്കുന്ന നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന ഫാമിലി ആന്റ് യൂത്ത് കോൺഫറൻസ് വിശ്വാസി സമൂഹത്തിന്റെ ആത്മീയ വളർച്ചയിൽ ഏറെ പ്രാധാന്യമർഹിക്കുന്നതാണ്.

ജീവിത പ്രയാസങ്ങൾക്കിടയിലും ക്രിസ്തുവിനെ ലക്ഷ്യമാക്കി നീങ്ങുന്ന മറ്റു വിശ്വാസികളുമായി സൗഹൃദം സ്ഥാപിക്കാനും, പരസ്പരം പ്രോത്സാഹിപ്പിക്കാനും കോൺഫറൻസ് ദിനങ്ങളിലെ ഒത്തുചേരൽ അവസരമൊരുക്കുന്നു.

ദശാബ്ദങ്ങളായി ഭദ്രാസനത്തിലെ വൈദികരെയും വിശ്വാസികളെയും യുവജനങ്ങളെയും വിശ്വാസത്തിലും ക്രിസ്തീയ കൂട്ടായ്മയിലും വളർത്തുന്നതിൽ നിർണായക പങ്കുവഹിക്കുന്ന ഈ ആത്മീയ ശുശ്രൂഷയിൽ എല്ലാവരും സജീവമായി പങ്കെടുത്തു വിജയിപ്പിക്കണമെന്ന് ഭദ്രാസന മെത്രാപ്പോലീത്ത സഖറിയാസ് മാർ നിക്കളാവോസ് തന്റെ സന്ദേശത്തിലൂടെ ആഹ്വാനം ചെയ്തു.

ഈ കോൺഫറൻസ് ഹൃദയങ്ങൾ ശക്തിപ്പെടുകയും ബന്ധങ്ങൾ പുതുക്കപ്പെടുകയും ആത്മീയ ലക്ഷ്യബോധം ഉണ്ടാവുകയും ചെയ്യപ്പെടുന്ന വിശുദ്ധമായ ഒരു സമാഗമത്തിന്റെ വേദിയായി മാറട്ടെ എന്ന് പ്രാർത്ഥിക്കുന്നു. കുടുംബങ്ങൾ വിശ്വാസത്തിൽ ഒരുമിച്ച് നടക്കുവാനും നമ്മുടെ യുവജനങ്ങൾ സഭയിലും ലോകത്തിലും സുവിശേഷത്തിന് സാക്ഷികളായി തങ്ങളുടെ വിളിയെ നെഞ്ചേറ്റുവാനും ഇത് പ്രചോദനമാകട്ടെ.

ചെറുപ്പക്കാരെ സംബന്ധിച്ചിടത്തോളം സമപ്രായക്കാരുമായി ശക്തമായ ബന്ധം വളർത്തിയെടുക്കാനും മുതിർന്ന തലമുറയെ അറിയാനും ആധ്യാത്മികമായി അറിവ് നേടാനും കോൺഫറൻസ് ദിനങ്ങൾ സഹായകമാകുമെന്ന് കോൺഫറൻസ് കോ ഓർഡിനേറ്റർ ഫാ.അലക്സ് ജോയി പറഞ്ഞു.

കോൺഫറൻസിന്റെ വൻ വിജയത്തിനായി വിപുലമായ സ്പോൺസർഷിപ്പ് പാക്കേജുകളും കോൺഫറൻസ് സുവനീർ നിരക്കുകളും പ്രഖ്യാപിച്ചിട്ടുണ്ട്. ആകർഷക സമ്മാനങ്ങളോടെയുള്ള മെഗാ റാഫിളും ക്രമീകരിച്ചിട്ടുണ്ട് എന്ന് സെക്രട്ടറി ജെയ്സൺ തോമസ് പറഞ്ഞു.

ദൈവവചനത്തിലും, വിശ്വാസം, പാരമ്പര്യം തുടങ്ങിയ വിഷയങ്ങളിലും ആഴമേറിയ ചിന്തകൾ പങ്കുവെക്കപ്പെടുന്ന കോൺഫറൻസുകളിൽ സമകാലിക വിഷയങ്ങളും ചർച്ചയാകാറുണ്ട്. ഭദ്രാസനത്തിലെ എല്ലാ പള്ളികളിൽ നിന്നും ലഭിക്കുന്ന നിറഞ്ഞ സഹകരണവും പങ്കാളിത്തവുമാണ് ഓരോ കോൺഫറൻസിനെയും വിജയത്തിലെത്തിക്കുന്നത് എന്ന് ട്രഷറാർ ജോൺ (സജി) താമരവേലിലും പറഞ്ഞു.

കുടുംബ സൗഹൃദങ്ങളിൽ വളരുന്നതിനും മുൻ വർഷങ്ങളിലെ കോൺഫറൻസുകളിൽ ലഭിച്ച ബന്ധങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഫാമിലി കോൺഫറൻസുകൾ സഹായിക്കുന്നു എന്ന് സുവനീർ എഡിറ്റർ ഡോ. റെബേക്കാ പോത്തൻ പറയുന്നു.

ആധ്യാത്മിക വഴികളിൽ, പ്രത്യേകിച്ച് ദൈവവചനത്തിനൊപ്പം ജീവിതം നയിക്കുന്നതിൽ ചെറുപ്പക്കാരും പ്രായമായവരും ഒരുപോലെ വെല്ലുവിളി നേരിടുന്നതിനാൽ ആധ്യാത്മിക ജീവിതത്തിലെ വളർച്ചയെ ലക്ഷ്യമിട്ടാണ് കോൺഫറൻസുകൾ ക്രമീകരിച്ചിരിക്കുന്നത് എന്ന് ജോയിന്റ് ട്രഷറാർ റിംഗിൾ റ്റി ബിജു കരുതുന്നു.

പലപ്പോഴും കലുഷിതമായ ജീവിത സാഹചര്യങ്ങളെയും പ്രശ്നങ്ങളെയും ദൈവകേന്ദ്രീകൃതമായി നേരിടുന്നതിനുള്ള ആത്മധൈര്യവും പ്രചോദനവും നമ്മിലേക്ക് പകർന്നിടുകയാണ് ഓരോ കോൺഫറൻസും. ദൈവവചനം പങ്ക് വെക്കപ്പെടുന്ന ഈ കൂട്ടായ്മയിൽ പങ്കുചേർന്ന് മറ്റ് കുടുംബങ്ങളുമായി, ആത്മീയതയുടെ ഈ തിരക്കിലേക്ക്, നമുക്ക് ഒത്തുചേരാം എന്ന് ജോയിന്റ് സെക്രട്ടറി ആശാ ജോർജ് പ്രത്യാശ പ്രകടിപ്പിച്ചു.

ജൂലൈ 15 ബുധനാഴ്ച വിൻഡ്ഹം ലാങ്കസ്റ്ററിൽ ആരംഭിക്കുന്ന ഫാമിലി ആന്റ് യൂത്ത് കോൺഫറൻസിലേക്ക് ഏവരെയും സ്നേഹത്തോടെ സ്വാഗതം ചെയ്യുന്നു.

15 ബുധനാഴ്ച വൈകിട്ട് 4ന് ഡിന്നറോടെ കോൺഫറൻസ് നടപടികൾക്ക് തുടക്കമാകും. 5:30ന് ഉദ്ഘാടന ഘോഷയാത്ര നടക്കും. 6:30ന് സന്ധ്യാനമസ്കാരത്തെ തുടർന്ന് ഔദ്യോഗിക ഉദ്ഘാടന ചടങ്ങുകൾ ആരംഭിക്കും.

16 ശനിയാഴ്ച്ച കുർബാനയിൽ പങ്കാളികളാകുന്ന 21 വയസ്സിന് മുകളിലുള്ള വനിതകൾക്ക് കോൺഫറൻസിൽ നിന്നും ഓഫ്വൈറ്റ് (ക്രീം) സാരികൾ നൽകുന്നതാണ്.

വിവരങ്ങൾക്ക്: കോർഡിനേറ്റർ: ഫാ.അലക്സ് കെ. ജോയി (973 489 6440), സെക്രട്ടറി: ജെയ്സൺ തോമസ് (917 612 8832),ട്രഷറാർ: ജോൺ (സജി) താമരവേലിൽ (917 533 3566).

# ഔർ റിവർ സ്റ്റോൺ യുണൈറ്റഡ് മലയാളി അസോസിയേഷൻ ഒരുമ ഓണം ആഗസ്റ്റ് 22ന്

**- ജോസഫ് തോമസ്**

മിസോറിസിറ്റി: ഔർ റിവർ സ്റ്റോൺ യുണൈറ്റഡ് മലയാളി അസോസിയേഷൻ ഒരുമയുടെ ഈ വർഷത്തെ ഓണാഘോഷങ്ങൾ ഈ വരുന്ന ആഗസ്റ്റ് 22 നു മിസോറി സിറ്റിയിലുള്ള ഹ്യൂസ്റ്റൺ ക്നാനായ കത്തോലിക്ക് സൊസൈറ്റി ഹാളിൽ വെച്ച് അതിവിപുലമായി കൊണ്ടാടാൻ തീരുമാനിച്ചു.

ഒരുമ എക്സിക്യൂട്ടീവ് യോഗം 12 ഞായറാഴ്ച്ച സ്റ്റാഫോർഡ് സിറ്റിയിലുള്ള ഗസൽ റെസ്റ്റോറന്റിൽ വെച്ച് നടന്നു.

ഓണാഘോഷത്തിനായുള്ള മുന്നൊരുക്കങ്ങൾ യോഗം ചർച്ച ചെയ്തു. വെൽകം കമ്മിറ്റി, ഫുഡ് കമ്മിറ്റി തുടങ്ങിയവയിലേക്കു ക്യാപ്റ്റൻമാരെ തിരഞ്ഞെടുത്തു. ഓണാഘോഷത്തിന് മുന്നോടിയായി മാത്യു ചാണ്ടപ്പിള്ള ടി.ഡബ്ല്യു.എഫ്.ജി. ഇൻഷുറൻസ് സ്പോൺസർ ചെയ്യുന്ന വേൾഡ് കപ്പ് ഫുട്ബോൾ വിജയിയെ പ്രവചിക്കുന്ന മത്സരവും, ഓണ സംബന്ധമായ റീൽ മത്സരവും നടത്തപ്പെടുന്നതാണ്.

ഒരുമ പ്രസിഡന്റ് ഡോ.ജോസ് തൈപ്പറമ്പിൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ വൈസ് പ്രസിഡന്റ് ലൂണ വിക്ടർ സ്വാഗതം പറഞ്ഞു. ജോയിന്റ് ട്രഷറർ ജോസഫ് തോമസ്, എക്സിക്യൂട്ടീവ് അംഗങ്ങളായ ഡോ.ഡിസ്നി ജോൺ, മേരി ജേക്കബ്, സെബാസ്റ്റ്യൻ തോമസ്, ജോയ് പൗലോസ്, മാത്യു ചെറിയാൻ, അനിൽ ഗോപിനാഥ്, മാത്യു ചാണ്ടപ്പിള്ള, ലിസി, സെക്രട്ടറി റോബി ജേക്കബ് എന്നിവർ പ്രസംഗിച്ചു.

# പി.സി.എൻ.എ.കെ. 2028 ദേശീയ മീഡിയ ടീം നിലവിൽ വന്നു

**- ഫിന്നി രാജു, ഹൂസ്റ്റൺ**



ഒക്ലഹോമ: 2028 ജൂൺ 29 മുതൽ ജൂലൈ 2 വരെ ഒക്ലഹോമയിൽ നടക്കുന്ന 41-ാമത് പെന്തെക്കോസ്റ്റൽ കോൺഫറൻസ് ഓഫ് നോർത്ത് അമേരിക്കൻ കേരളൈറ്റ്സ് (പി.സി.എൻ.എ.കെ.) മഹാ സമ്മേളനത്തിന്റെ വാർത്താമാധ്യമ പ്രവർത്തനങ്ങൾ കൂടുതൽ ഏകോപിതവും കാര്യക്ഷമവുമായി നടത്തുന്നതിനായി ദേശീയ മീഡിയ ടീമിന് രൂപം നൽകിയതായി സംഘാടകർ അറിയിച്ചു.

കോൺഫ്രൻസ് ദേശീയ ഭാരവാഹികളായ കൺവീനർ പാസ്റ്റർ തേജസ് തോമസ്, സെക്രട്ടറി ബിനോയ് ഫിലിപ്പ് കരുമാങ്കൽ, ട്രഷറർ നിബു വെള്ളവന്താനം, ഇംഗ്ലീഷ് കോർഡിനേറ്റർ പാസ്റ്റർ ഡെവിൻ ഡാനിയേൽ, ലേഡീസ് കോർഡിനേറ്റർ ഡോ. ഗ്രേസ് ഗീവർഗീസ്, ജനറൽ കോർഡിനേറ്റർ സാം തോമസ്, പ്രയർ കോർഡിനേറ്റർ പാസ്റ്റർ മാത്യു സാമുവൽ, പബ്ലിക് റിലേഷൻസ് കോർഡിനേറ്റർ ഷെറി കെ. ജോർജ്, മീഡിയ കോർഡിനേറ്റർ ഫിന്നി രാജു, ഹ്യൂസ്റ്റൺ എന്നിവരുടെ നേതൃത്വത്തിലും സഹകരണത്തിലും മീഡിയ ടീം പ്രവർത്തിക്കും.

ഫിന്നി രാജു, ഹൂസ്റ്റൺ നാഷണൽ മീഡിയ കോർഡിനേറ്റായി പ്രവർത്തിക്കും. ഡോ. ജോജി ഗീവർഗീസ്, ഫ്ലോറിഡ വിഷൽ മീഡിയ കോർഡിനേറ്ററായും, സാം വറുഗീസ്, ജോർജിയ സോഷ്യൽ മീഡിയ കോർഡിനേറ്ററായും, ഷിബു വറുഗീസ്, വെർജീനിയ ഗ്രാഫിക്സ് കോർഡിനേറ്ററായും മീഡിയ ടീമിൽ സേവനമനുഷ്ഠിക്കും.

ദേശീയ മഹാസമ്മേളനവുമായി ബന്ധപ്പെട്ട ഔദ്യോഗിക വാർത്തകൾ, പ്രസ് റിലീസുകൾ, ഫോട്ടോകൾ, വീഡിയോ ദൃശ്യങ്ങൾ, ഡിജിറ്റൽ പ്രചാരണം, സോഷ്യൽ മീഡിയ അപ്ഡേറ്റുകൾ എന്നിവയുടെ ആസൂത്രണവും ഏകോപനവും ദേശീയ മീഡിയ ടീമിന്റെ നേതൃത്വത്തിൽ നിർവഹിക്കും. സമ്മേളനത്തിന്റെ എല്ലാ ഔദ്യോഗിക വിവരങ്ങളും ലോകമെമ്പാടുമുള്ള മലയാളി പെന്തെക്കോസ്ത് സമൂഹത്തിലേക്ക് സമയബന്ധിതമായും വിശ്വസനീയമായും എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കും മീഡിയ ടീം നേതൃത്വം നൽകും.

2028ലെ പി.സി.എൻ.എ.കെ. മഹാസമ്മേളനത്തിന്റെ വിജയത്തിനായി ദേശീയ സംഘാടക സമിതിയുമായി ചേർന്ന് ആധുനിക മാധ്യമ സാങ്കേതികവിദ്യകളുടെ സഹായത്തോടെ വിപുലമായ പ്രചാരണ പ്രവർത്തനങ്ങൾ നടത്തുമെന്ന് മീഡിയ ടീം അറിയിച്ചു.

## ഡാലസിൽ ആത്മീയ സംഗീതമഴ; ഡിവൈൻ ഹാർട്ട്ബീറ്റ്സ് ജൂലൈ 25ന്

**- പ്രസാദ് തീയാടിക്കൽ**

ടെക്സസ്: ഡാലസ് മേഖലയിലെ വിശ്വാസികൾക്കായി ആത്മീയ സംഗീതത്തിന്റെ മനോഹര വിരുന്നൊരുക്കി ഡിവൈൻ ഹാർട്ട്ബീറ്റ്സ്- ക്രിസ്ത്യൻ മ്യൂസിക്കൽ ഇവനിംഗ്, ജൂലൈ 25 ശനിയാഴ്ച വൈകിട്ട് 6ന് ഇർവിങ്ങിലെ സെന്റ് ജോർജ് മലങ്കര ഓർത്തഡോക്സ് ചർച്ച് ഓഡിറ്റോറിയത്തിൽ നടക്കും.

ക്രിസ്തീയ ഗാനങ്ങൾ, ആരാധന, കൂട്ടായ്മ, സംഗീതശുശ്രൂഷ എന്നിവയിലൂടെ ദൈവത്തിന്റെ നന്മ ആഘോഷിക്കുകയാണ് പരിപാടിയുടെ ലക്ഷ്യം. ഡാലസിലെ വിവിധ ഗായകരും സംഗീതജ്ഞരും അണിനിരക്കുന്ന ഈ സംഗീത സായാഹ്നം വിശ്വാസികൾക്ക് ആത്മീയ അനുഭവമായി മാറുമെന്ന് സംഘാടകർ അറിയിച്ചു.

സഭയുടെ വിവിധ പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകുന്നതിനായി സംഘടിപ്പിക്കുന്ന ഫണ്ട് സമാഹരണ പരിപാടി കൂടിയായ ഈ സംഗീതവിരുന്നിൽ പങ്കെടുക്കുന്ന എല്ലാവർക്കും വിരുന്ന് ഒരുക്കിയിട്ടുണ്ടെന്നും സംഘാടകർ അറിയിച്ചു.

ടിക്കറ്റ് നിരക്ക് കുടുംബത്തിന് 100 ഡോളറും, ഒരാൾക്ക് 50 ഡോളറുമാണ്. കുടുംബാംഗങ്ങളോടും സുഹൃത്തുക്കളോടും ഒപ്പം പങ്കെടുത്ത് ഈ ആത്മീയ സംഗീതവിരുന്നിനെ വിജയിപ്പിക്കണമെന്ന് സംഘാടകർ അഭ്യർഥിച്ചു.

കൂടുതൽ വിവരങ്ങൾക്കും ടിക്കറ്റുകൾക്കുമായി:

റവ. രാജു ഡാനിയേൽ (214 476 6584), അലക്സ് പള്ളിവാതുക്കൽ (972 978 1625), രാജൻ ജോർജ് (469 316 5630)

### 15 July - **World Youth Skills Day**

World Youth Skills Day is celebrated on 15 July every year to raise awareness about the importance of technical, vocational education & training and the development of other skills relevant to both local and global economies.

# കർദ്ദിനാൾ കൂവക്കാടിന് ഹൂസ്റ്റൺ ക്നാനായ കത്തോലിക്കാ പള്ളിയിൽ സ്വീകരണം



**- ബിബി തെക്കനാട്ട്**

ഹൂസ്റ്റൺ: ചങ്ങനാശ്ശേരി അതിരൂപതാംഗവും വത്തിക്കാന്റെ അന്തർദ്ദേശീയ മതസൗഹാർദ്ദ കാര്യാലയത്തിന്റെ പ്രിഫെക്ടുമായ കാർഡിനാൾ മാർ ജോർജ് കൂവക്കാടിന് ഹൂസ്റ്റൺ സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ഫൊറോന ഇടവകയിൽ ജൂലൈ 5 ഞായറാഴ്ച സ്വീകരണം നൽകി.

കാർഡിനാൾ മാർ ജോർജ്ജ് കൂവക്കാടിന്റെ മുഖ്യകാർമ്മികത്വത്തിൽ ദിവ്യബലി അർപ്പിച്ചുകൊണ്ട് വിശുദ്ധ മാർ തോമാ ശ്ലീഹായുടെ തിരുനാൾ ഭക്തിപൂർവ്വം ആഘോഷിച്ചു. വികാരി ഫാ.ഏബ്രഹാം മുത്തോലത്ത്, അസി .വികാരി ഫാ.ജോഷി വലിയവീട്ടിൽ എന്നിവർ സഹകാർമ്മികരായിരുന്നു.

വിശുദ്ധ കുർബാന മധ്യേ നൽകിയ വചന സന്ദേശത്തിൽ, അന്തരിച്ച ഫ്രാൻസിസ് മാർപാപ്പയുമായുള്ള തന്റെ വ്യക്തിപരമായ അനുഭവങ്ങളും അദ്ദേഹത്തിന്റെ നന്മകളും കാർഡിനാൾ പങ്കുവെച്ചു. ഒപ്പം, കത്തോലിക്കാ വിശ്വാസവും ക്നാനായ പാരമ്പര്യങ്ങളും തനിമ ചോരാതെ കാത്തുസൂക്ഷിക്കുന്ന ക്നാനായ സമൂഹത്തെ അദ്ദേഹം പ്രത്യേകം അഭിനന്ദിച്ചു.

സഭയിലെ ഉന്നത പദവികളിലേക്ക് ഉയർത്തപ്പെട്ട കാർഡിനാൾ മാർ ജോർജ് കൂവക്കാടിന്, ഇടവക ട്രസ്റ്റി കോർഡിനേറ്റർ സജി മാരങ്ങാട്ടിലിന്റെ നേതൃത്വത്തിലുള്ള പാരിഷ് കൗൺസിൽ അംഗങ്ങൾ പൂച്ചെണ്ടു നൽകി ആദരവും അഭിനന്ദനങ്ങളും അറിയിച്ചു. ചടങ്ങിൽ വെച്ച് ഇടവകയിലെ സീനിയർ സിറ്റിസൺസ് മിനിസ്ട്രി അംഗങ്ങളെയും അൾത്താര ശുശ്രൂഷകരെയും അദ്ദേഹം പ്രത്യേകം ആശീർവദിച്ചു. വികാരി ഫാ.മുത്തോലത്ത് കർദ്ദിനാളിനെ അനുമോദിക്കുകയും നന്ദി അർപ്പിക്കുകയും ചെയ്തു.

ഫ്രാൻസിസ് മാർപാപ്പയുടെ ഇറ്റലിക്ക് പുറത്തേക്കുള്ള അപ്പോസ്തോലിക് യാത്രകളുടെ പ്രധാന സംഘാടകനായിരുന്നു അദ്ദേഹം. 2024ൽ ആർച്ചുബിഷപ്പായും തുടർന്ന് കാർഡിനാളായും ഫ്രാൻസിസ് മാർപാപ്പ അദ്ദേഹത്തെ ഉയർത്തി. 2025 ജനുവരിയിലാണ് അദ്ദേഹം ഡിക്കാസ്റ്ററി ഫോർ ഇന്റർറിലീജിയസ് ഡയലോഗ് പ്രിഫെക്ടായി ചുമതലയേറ്റത്.

സിസ്റ്റർ റെജി, സജി മാരങ്ങാട്ടിൽ, സാബു കറുകപ്പറമ്പിൽ, ജെയിംസ് വടക്കേക്കര, നിധിൻ വട്ടമറ്റത്തിൽ, ജോസ് പുളിക്കത്തൊട്ടിയിൽ, ബിബി തെക്കനാട്ട്, ജോസ് താന്നിച്ചുവട്ടിൽ, ജോസ് കുറുപ്പംപറമ്പിൽ എന്നിവരുടെ നേതൃത്വത്തിലാണ് സ്വീകരണ പരിപാടികൾ വിജയകരമായി സംഘടിപ്പിച്ചത്.

# ചിക്കാഗോ സോഷ്യൽ ക്ലബ്ബിന്റെ 12-ാമത് അന്താരാഷ്ട്ര വടംവലി ടൂർണമെന്റിന്റെ കിക്ക് ഓഫ്



**- അനിൽ മറ്റത്തിക്കുന്നേൽ**

ചിക്കാഗോ: ചിക്കാഗോ സോഷ്യൽ ക്ലബ്ബിന്റെ 12-ാമത് അന്താരാഷ്ട്ര വടംവലി ടൂർണമെന്റിന്റെ ഔപചാരികമായ കിക്ക് ഓഫ് പ്രശസ്ത മലയാള സിനിമാ നടൻ ജയറാം നിർവ്വഹിച്ചു. ചിക്കാഗോ സോഷ്യൽ ക്ലബ്ബ് ആസ്ഥാനത്ത് പ്രസിഡണ്ട് റൊണാൾഡ് പൂക്കുമ്പന്റെ അധ്യക്ഷതയിൽ കൂടിയ സമ്മേളനത്തിൽ വച്ചാണ് കിക്ക് ഓഫ് കർമ്മം നിർവ്വഹിക്കപ്പെട്ടത്.

ടൂർണമെന്റിന്റെ മെഗാ സ്പോൺസർ ടോണി കിഴക്കേക്കുറ്റ്, കിക്ക് ഓഫിന്റെ സ്പോൺസർ സഞ്ജു പുളിക്കത്തൊട്ടിയിൽ (ലിങ്കൻവുഡ് മോർഗേജ്), ഒന്നാം സമ്മാനത്തിന്റെ സ്പോൺസർ ജോയി നെടിയകാലായിൽ, നാലാം സമ്മാനത്തിന്റെ സ്പോൺസർ ഷൈബു കിഴക്കേക്കുറ്റ് (മംഗല്യ ജൂവല്ലേഴ്സ്), സജു കണ്ണമ്പള്ളി (ഒഫൻ പെട്രോളിയം), ബ്രാഡ് വിസിൻസ്കി (സിറ്റ്കോ പെട്രോളിയം) എന്നിവരിൽ നിന്നും ചെക്കുകൾ സ്വീകരിച്ചുകൊണ്ടാണ് മലയാളത്തിന്റെ ജനപ്രിയ നായകൻ ജയറാം കിക്ക് ഓഫ് കർമ്മം നിർവ്വഹിച്ചത്. ചിക്കാഗോ സോഷ്യൽ ക്ലബ്ബിന്റെ വടംവലി എല്ലാ വർഷവും ശ്രദ്ധിക്കാറുണ്ട് എന്നും, ആഗോള മലയാളികളെ ഒരുമിച്ചുകൂട്ടി ഇത്തരമൊരു ടൂർണമെന്റ് സംഘടിപ്പിക്കുവാൻ സോഷ്യൽക്ലബ്ബ് കാണിക്കുന്ന നേതൃത്വപാടവം അഭിനന്ദനങ്ങൾ അർഹിക്കുന്നുണ്ട് എന്നും അദ്ദേഹം തന്റെ ഉദ്ഘാടന പ്രസംഗത്തിൽ അറിയിച്ചു.

സോഷ്യൽ ക്ലബ്ബ് പ്രസിഡണ്ട് റൊണാൾഡ് പൂക്കുമ്പൻ, വൈസ് പ്രസിഡണ്ട് സണ്ണി ഇണ്ടിക്കുഴി, സെക്രട്ടറി രാജു മാനുങ്കൽ, ട്രഷറർ ബിജോയി കാപ്പൻ, ജോയിന്റ് സെക്രട്ടറി തോമസ് പൂത്തേട്ട്, ടൂർണമെന്റ് കമ്മറ്റി ചെയർമാൻ സിറിയക്ക് കൂവക്കാട്ടിൽ, മുൻ പ്രസിഡന്റും ചിക്കാഗോ മലയാളി അസോസിയേഷൻ പ്രസിഡന്റും കൂടിയായ ജോസ് മണക്കാട്ട്, പി ആർ ഓ അനിൽ മറ്റത്തിക്കുന്നേൽ എന്നിവരടക്കമുള്ള സോഷ്യൽക്ലബ്ബ് ഭാരവാഹികളും അംഗങ്ങളും കിക്ക് ഓഫ് ചടങ്ങിന് നേതൃത്വം നൽകി. ചിക്കാഗോയിലെ വിവിധ മലയാളി സംഘടനകളുടെയും ക്ലബ്ബുകളുടെയും ഭാരവാഹികളും വടംവലി അഭ്യുദയകാംക്ഷികളും ചടങ്ങിൽ പങ്കെടുത്തു.

ഈ ടൂർണമെന്റിൽ പങ്കെടുക്കുവാനും, സാക്ഷികളാകുവാനും ഏവരെയും ക്ഷണിക്കുന്നതായി സംഘാടക സമിതിക്ക് വേണ്ടി ക്ലബ്ബ് പ്രസിഡണ്ട് റൊണാൾഡ് പൂക്കുമ്പൻ, ടൂർണമെന്റ് കമ്മറ്റി ചെയർമാൻ സിറിയക്ക് കൂവക്കാട്ടിൽ എന്നിവർ അറിയിച്ചു.

# കെ.സി.സി.എൻ.എ കൺവെൻഷൻ: ഇനി ദിവസങ്ങൾ മാത്രം; ഒരുക്കങ്ങൾ പൂർത്തിയായി

- ബൈജു ആലപ്പാട്ട്




വടക്കേ അമേരിക്കയിലെ ക്നാനായ കത്തോലിക്കാ സമൂഹത്തിന്റെ ഏറ്റവും വലിയ കുടുംബസംഗമമായ പതിനാറാമത് കെ.സി.സി.എൻ.എ നാഷണൽ കൺവെൻഷൻ ഇനി വെറും 30 ദിവസങ്ങൾ മാത്രം അകലെയാണ്. ആഗസ്റ്റ് 6 മുതൽ 9 വരെ ഫ്ലോറിഡയിലെ ഫോർട്ട് ലോഡർഡെയിലുള്ള ബ്രോവാർഡ് കൗണ്ടി കൺവെൻഷൻ സെന്ററിൽ നടക്കുന്ന ഈ മഹാസംഗമത്തിനായുള്ള എല്ലാ പ്രധാന ഒരുക്കങ്ങളും പൂർത്തിയായതായി കൺവെൻഷൻ സ്റ്റിയറിംഗ് കമ്മിറ്റി അറിയിച്ചു. ഇനി ലോകമെമ്പാടുമുള്ള ക്നാനായ കുടുംബങ്ങൾ ആവേശത്തോടെയും പ്രതീക്ഷയോടെയും കൺവെൻഷൻ ദിനങ്ങളിലേക്ക് കൗണ്ട്ഡൗൺ ആരംഭിച്ചിരിക്കുകയാണ്. കെസിഎഎസ്എഫ് മയാമി, ടാമ്പാ യൂണിറ്റുകളുടെ സംയുക്ത ആതിഥേയത്വത്തിൽ നടക്കുന്ന കൺവെൻഷനിൽ അമേരിക്കയിലെയും കാനഡയിലെയും 27 യൂണിറ്റുകളിൽ നിന്നായി 3,500ലധികം ക്നാനായ സമുദായാംഗങ്ങൾ പങ്കെടുക്കും.

അമേരിക്കയിലെയും കാനഡയിലെയും വിവിധ നഗരങ്ങളിൽ നിന്നായി ലഭിച്ച മികച്ച പ്രതികരണത്തിന്റെ അടിസ്ഥാനത്തിൽ പ്രതീക്ഷിച്ചതിലും കൂടുതൽ കുടുംബങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. രജിസ്റ്റർ ചെയ്ത പ്രതിനിധികൾക്കായുള്ള ഹോട്ടൽ താമസം, ഭക്ഷണക്രമീകരണം, ഗതാഗതം, സ്വീകരണം, രജിസ്ട്രേഷൻ സംവിധാനം, സുരക്ഷാ സംവിധാനങ്ങൾ എന്നിവ ഉൾപ്പെടെയുള്ള എല്ലാ പ്രധാന ക്രമീകരണങ്ങളും പൂർത്തിയായിട്ടുണ്ട്.

സമുദായ സമ്മേളനങ്ങൾ, വിശുദ്ധ കുർബാന, സാംസ്കാരിക ഘോഷയാത്ര, സെമിനാറുകൾ, യുവജന പരിപാടികൾ, കുട്ടികൾക്കായുള്ള പ്രത്യേക സെഷനുകൾ, വനിതാ സമ്മേളനങ്ങൾ, കലാപരിപാടികൾ, കലാമത്സരങ്ങൾ, കായികമത്സരങ്ങൾ, കുടുംബസംഗമങ്ങൾ എന്നിവയ്ക്കൊപ്പം കേരളത്തിൽ നിന്നെത്തുന്ന പ്രമുഖ സംഗീതസംഘത്തിന്റെ ലൈവ് മ്യൂസിക്കൽ ഷോയും കൺവെൻഷന്റെ പ്രധാന ആകർഷണങ്ങളിലൊന്നായിരിക്കും. വിവിധ യൂണിറ്റുകൾ അവതരിപ്പിക്കുന്ന വൈവിധ്യമാർന്ന എന്റർടൈൻമെന്റ് പരിപാടികൾ കൺവെൻഷൻ രാവുകളെ വർണ്ണാഭവും അവിസ്മരണീയവുമാക്കും. വിശ്വാസം, പാരമ്പര്യം, കുടുംബംഎന്ന ക്നാനായ സമൂഹത്തിന്റെ അടിസ്ഥാന മൂല്യങ്ങളെ കൂടുതൽ ശക്തിപ്പെടുത്തുന്ന ചരിത്രപരമായ ഒരു കുടുംബസംഗമമായിരിക്കും ഇത്തവണത്തേതെന്ന് പ്രസിഡന്റ് ജെയിംസ് ഇല്ലിക്കൽ, ജനറൽ സെക്രട്ടറി വിപിൻ ചാലുങ്കൽ, കൺവെൻഷൻ ചെയർപേഴ്സൺ ജോബി ഊരാളിൽ എന്നിവർ അറിയിച്ചു. വടക്കേ അമേരിക്കയുടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള കുടുംബങ്ങൾക്കൊപ്പം ലോകത്തിന്റെ വിവിധ രാജ്യങ്ങളിൽ നിന്നുള്ള അതിഥികളുടെയും സാന്നിധ്യം കൺവെൻഷന്റെ മാറ്റുകൂട്ടും.

കെ.സി.സി.എൻ.എയുടെ പോഷകസംഘടനകളായ വിമൻസ് ഫോറം, യുവജനവേദി എന്നിവയുടെ നേതൃത്വത്തിൽ എല്ലാ പ്രായവിഭാഗങ്ങൾക്കും അനുയോജ്യമായ ആത്മീയ, സാമൂഹിക, സാംസ്കാരിക പരിപാടികൾ ഒരുക്കിയിട്ടുണ്ട്. കൺവെൻഷൻ വേദിയും അനുബന്ധ സൗകര്യങ്ങളും പൂർണസജ്ജമായ സാഹചര്യത്തിൽ ഇനി ബാക്കിയുള്ളത് 30 ദിവസങ്ങളുടെ കൗണ്ട്ഡൗൺ മാത്രം. വടക്കേ അമേരിക്കയിലെ ക്നാനായ സമൂഹം ഒന്നടങ്കം ഈ മഹാസംഗമത്തെ വരവേൽക്കാനുള്ള ഒരുക്കത്തിലും ആവേശത്തിലുമാണ്.

കെസിസിഎൻഎയ്ക്കു നേതൃത്വം നൽകുന്നത് പ്രസിഡന്റ് ജെയിംസ് ഇല്ലിക്കൽ (ഫ്ലോറിഡ), എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് സിജു ചെരുവൻകാലായിൽ (ന്യൂയോർക്ക്), ജനറൽ സെക്രട്ടറി വിപിൻ ചാലുങ്കൽ (ചിക്കാഗോ), ജോയിന്റ് സെക്രട്ടറി സൂസൻ തെങ്ങുംതറയിൽ (സാൻ ഹൊസെ), ട്രഷറർ ജോജോ തറയിൽ (ഹൂസ്റ്റൺ), വൈസ് പ്രസിഡന്റ് ജേക്കബ് കുസുമാലയം (ന്യൂയോർക്ക്), ജോയിന്റ് ട്രഷറർ ജെസ്നി കൊട്ടിയാനിക്കൽ (അറ്റ്ലാന്റ) എന്നിവരാണ്. ഇവർക്കൊപ്പം കൺവെൻഷൻ ചെയർപേഴ്സൺ ജോബി ഊരാളിൽ, ആതിഥേയ യൂണിറ്റ് പ്രസിഡന്റുമാരായ ജയമോൾ മൂശാരിപ്പറമ്പിൽ (ടാമ്പാ), എബി തെക്കനാട്ട് (മയാമി) എന്നിവരും നൂറുകണക്കിന് കമ്മിറ്റി അംഗങ്ങളും സന്നദ്ധ പ്രവർത്തകരും മാസങ്ങളായി നടത്തിയ കൂട്ടായ പരിശ്രമമാണ് 16-ാമത് കെ.സി.സി.എൻ.എ നാഷണൽ കൺവെൻഷന്റെ വിജയത്തിനുള്ള ശക്തമായ അടിത്തറ.

# അമേരിക്കയുടെ 250-ാം സ്വാതന്ത്ര്യ വാർഷികം പമ്പ ഫിലഡൽഫിയയിൽ ആഘോഷിച്ചു



ഫിലഡൽഫിയ: അമേരിക്കയുടെ 250-ാം സ്വാതന്ത്ര്യ വാർഷികത്തോടനുബന്ധിച്ച് പെൻസിൽവാനിയ അസോസിയേഷൻ ഓഫ് മലയാളീസ് ഫോർ പ്രോസ്പെരിറ്റി ആൻഡ് അഡ്വാൻസ്മെന്റ് (പമ്പ) ഫിലഡൽഫിയയിലെ ഗാലേറിയ ബാങ്ക്വറ്റ് ഹാളിൽ സംഘടിപ്പിച്ച അമേരിക്കയുടെ 250-ാം സ്വാതന്ത്ര്യ വാർഷികം വിപുലമായ ജനപങ്കാളിത്തത്തോടെയും പ്രൗഢഗംഭീരമായ ചടങ്ങുകളോടെയും നടന്നു.

അമേരിക്കൻ സ്വാതന്ത്ര്യത്തിന്റെ 250 വർഷത്തെ മഹത്തായ പൈതൃകത്തെയും ഇന്ത്യൻ അമേരിക്കൻ സമൂഹത്തിന്റെ സംഭാവനകളെയും ഒരുപോലെ ആദരിച്ച ഈ ആഘോഷത്തിൽ നഗര, സംസ്ഥാന തലങ്ങളിലെ ജനപ്രതിനിധികളും പൊതുസുരക്ഷാ വിഭാഗത്തിലെ ഉന്നത ഉദ്യോഗസ്ഥരും വിവിധ ദേശീയപ്രാദേശിക സംഘടനകളുടെ നേതാക്കളും സാമൂഹിക, സാംസ്കാരിക രംഗങ്ങളിലെ പ്രമുഖരും പങ്കെടുത്തു. അമേരിക്കയുടെ 250-ാം വാർഷികാഘോഷങ്ങളുടെ ഭാഗമായി രാജ്യത്തുടനീളം സംഘടിപ്പിക്കപ്പെടുന്ന പരിപാടികളിൽ ശ്രദ്ധേയമായ ഒന്നായിരുന്നു പമ്പയുടെ ഈ ആഘോഷം.

സാമൂഹിക സൗഹൃദ സമ്മേളനത്തോടെയും സംഗീതവിരുന്നോടെയും ആരംഭിച്ച ചടങ്ങിൽ ജനറൽ സെക്രട്ടറി സുമോദ് നേതൃത്വം നൽകി. ജോയിന്റ് സെക്രട്ടറി അഭിലാഷ് ജോൺ വിശിഷ്ടാതിഥികളെ വേദിയിലേക്ക് ക്ഷണിച്ചു. പമ്പ പ്രസിഡന്റ് അലക്സ് തോമസ്, പെൻസിൽവാനിയ സ്റ്റേറ്റ് സെനറ്റർ ഷരീഫ് സ്ട്രീറ്റ്, ഫിലഡൽഫിയ സിറ്റി കൗൺസിൽ അംഗങ്ങളായ ഡോ. നീന അഹമ്മദ്, മൈക്കൽ ഡ്രിസ്കോൾ, ഫിലഡൽഫിയ പോലീസ് ഡെപ്യൂട്ടി കമ്മീഷണർ മൈക്ക് ക്രാം, ആഘോഷ കമ്മിറ്റി ചെയർമാൻ ജോർജ് ഓലിക്കൽ, ട്രഷറർ ജോയ് തട്ടാരുകുന്നേൽ, ബോർഡ് ഓഫ് ട്രസ്റ്റീസ് ചെയർമാൻ സുധ കർത്ത, ട്രൈസ്റ്റേറ്റ് കേരള ഫോറം ചെയർമാൻ ലെനോ സ്കറിയ തുടങ്ങിയവർ പങ്കെടുത്തു.

റവ.എം.കെ.കുര്യാക്കോസ് അമേരിക്കയുടെ 250 വർഷത്തെ യാത്രയ്ക്ക് നന്ദി അർപ്പിച്ച പ്രാർത്ഥനയ്ക്ക് നേതൃത്വം നൽകി. അമേരിക്കൻ ദേശീയഗാനം ഏയ്ഞ്ചൽ മേരി റേച്ചൽ തോമസും ഇന്ത്യൻ ദേശീയഗാനം സൗമ്യ തോമസും ആലപിച്ചു. ആഘോഷ കമ്മിറ്റി ചെയർമാൻ ജോർജ് ഓലിക്കൽ സ്വാഗതപ്രസംഗത്തിൽ അമേരിക്കൻ ജനാധിപത്യത്തിന്റെ മൂല്യങ്ങളെയും മലയാളി സമൂഹത്തിന്റെ സാമൂഹിക ഉത്തരവാദിത്വത്തെയും എടുത്തുപറഞ്ഞു. പമ്പ പ്രസിഡന്റ് അലക്സ് തോമസ് അധ്യക്ഷ പ്രസംഗത്തിൽ അമേരിക്ക നൽകിയ അവസരങ്ങൾക്ക് നന്ദി രേഖപ്പെടുത്തുകയും സമൂഹ ഐക്യവും പൊതുസേവനവും ശക്തിപ്പെടുത്താൻ എല്ലാവരും കൈകോർക്കണമെന്ന് ആഹ്വാനം ചെയ്യുകയും ചെയ്തു.

ഡോ.ഈപ്പൻ ഡാനിയേൽ അവതരിപ്പിച്ച അമേരിക്കയുടെ 250 വർഷങ്ങൾഡോക്യുമെന്ററി അമേരിക്കയുടെ സ്വാതന്ത്ര്യ സമരചരിത്രവും ഭരണഘടനാപരമായ വളർച്ചയും ജനാധിപത്യ പാരമ്പര്യവും സവിശേഷമായി അവതരിപ്പിച്ച് പ്രേക്ഷകരുടെ പ്രശംസ നേടി. തുടർന്ന് പൊതുസുരക്ഷാ വിഭാഗത്തിലെ ഡെപ്യൂട്ടി പോലീസ് കമ്മീഷണർ മൈക്ക് ക്രാം, ഫിലഡൽഫിയ സിറ്റി കൗൺസിൽ അംഗം ഡോ.നീന അഹമ്മദ് എന്നിവരെ ആദരിച്ചു. ഫിലഡൽഫിയയിലെ മലയാളി സമൂഹത്തിന്റെ വളർച്ചയ്ക്ക് നിർണായക സംഭാവന നൽകിയ പയനിയർ സമൂഹനേതാവ് പി.ടി.മാത്യുവിനെ പ്രത്യേക ആദരവോടെ അനുമോദിച്ചു. ഈ ആദരിക്കൽ ചടങ്ങിന്റെ ഏകോപനം ജോർജ്ജ് ഓലിക്കൽ നിർവഹിച്ചു.

പരിപാടിയുടെ ഏറ്റവും ശ്രദ്ധേയമായ ഭാഗമായിരുന്നു 1998 മുതൽ 2026 വരെ പമ്പയെ നയിച്ച മുൻ പ്രസിഡന്റുമാരെ ആദരിച്ച ചടങ്ങ്. സംഘടനയുടെ വളർച്ചയ്ക്കും ഫിലഡൽഫിയയിലെ മലയാളി സമൂഹത്തിന്റെ ഐക്യത്തിനും നൽകിയ വിലമതിക്കാനാവാത്ത നേതൃത്വത്തിനുള്ള അംഗീകാരമായി മുൻ പ്രസിഡന്റുമാർക്ക് പ്രത്യേക സ്മാരക ഫലകങ്ങൾ സമ്മാനിച്ചു. ഈ പ്രത്യേക ആദരിക്കൽ ചടങ്ങിന്റെ ഏകോപന ചുമതല തോമസ് പോളും സെലിൻ ഓലിക്കലും നിർവഹിച്ചു. ഫിലഡൽഫിയ പോലീസ് ഡെപ്യൂട്ടി കമ്മീഷണർ മൈക്ക് ക്രാംയും ഫിലഡൽഫിയ സിറ്റി കൗൺസിൽ അംഗം ഡോ.നീന അഹമ്മദും ചേർന്നാണ് മുൻ പ്രസിഡന്റുമാർക്ക് ആദരസൂചക ഫലകങ്ങൾ വിതരണം ചെയ്തത്. പൊതുസുരക്ഷാ വിഭാഗത്തിൽ സേവനം അനുഷ്ഠിക്കുന്നവരെ ആദരിക്കുന്ന ചടങ്ങിൽ ഡെപ്യൂട്ടി കമ്മീഷണർ മൈക്ക് ക്രാം, ക്യാപ്റ്റൻ ടി.ജെ.തോംസൺ, സർജന്റ് ബ്ലെസൺ മാത്യു എന്നിവർക്ക് പൊതുസുരക്ഷാ രംഗത്തെ മാതൃകാപരമായ സേവനത്തിന് പ്രത്യേക അംഗീകാര ഫലകങ്ങൾ സമ്മാനിച്ചു. ഈ ആദരിക്കൽ ചടങ്ങിന്റെ ഏകോപന ചുമതല ഡോ. ഈപ്പൻ ഡാനിയേൽ, ജോയ് തട്ടാരുകുന്നേൽ എന്നിവർ നിർവഹിച്ചു.

ബോർഡ് ഓഫ് ട്രസ്റ്റീസ് ചെയർമാൻ സുധ കർത്ത, ഫൊക്കാന പെൻസിൽവാനിയ റീജിയണൽ വൈസ് പ്രസിഡന്റ് ഷാജി സാമുവൽ, ട്രൈസ്റ്റേറ്റ് കേരള ഫോറം ചെയർമാൻ ലെനോ സ്കറിയ, കോട്ടയം അസോസിയേഷൻ പ്രസിഡന്റ് ജീമോൻ ജോർജ്, ഫ്രണ്ട്സ് ഓഫ് തിരുവല്ല പ്രതിനിധി ജോർജ് ജോസഫ്, പിയാനോ പ്രതിനിധി ലൈല മാത്യു എന്നിവർ ആശംസകൾ നേർന്ന് സംസാരിച്ചു. വിവിധ മലയാളി സംഘടനകൾ തമ്മിലുള്ള ഐക്യവും സഹകരണവും കൂടുതൽ ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകത അവർ ചൂണ്ടിക്കാട്ടി.

മാതാ ഡാൻസ് അക്കാദമിയുടെ നൃത്താവതരണങ്ങളും ജെറോൺ ജോജിയുടെ കലാപരിപാടിയും ആഘോഷത്തിന് മാറ്റുകൂട്ടി. തുടർന്ന് നടന്ന ചടങ്ങിൽ അറ്റോർണി ജോസഫ് എം. കുന്നേൽ, മണിലാൽ മത്തായി, അറ്റോർണി ലെനോ തോമസ് എന്നിവർക്ക് സമൂഹത്തിനും ബിസിനസ് മേഖലയ്ക്കും നൽകിയ സംഭാവനകളെ മാനിച്ച് ബിസിനസ് ലീഡർഷിപ്പ് അവാർഡ് നൽകി. ഈ പ്രത്യേക ആദരിക്കൽ ചടങ്ങിന്റെ ഏകോപന ചുമതല അലക്സ് തോമസും, ജോൺ പണിക്കരും നിർവഹിച്ചു.

മാതാ ഡാൻസ് അക്കാദമിയുടെ ബേബി തടവനാലിനെയും പമ്പയുടെ ഭാരവാഹികളെയും പ്രത്യേകം ആദരിച്ചു. ഈ പ്രത്യേക ആദരിക്കൽ ചടങ്ങിന്റെ ഏകോപന ചുമതല റവ. ഫിലിപ്പ് മോടയിൽ നിർവഹിച്ചു. ജനറൽ സെക്രട്ടറി സുമോദ് നെല്ലിക്കാല നന്ദി പറഞ്ഞതോടെ ഔപചാരിക സമ്മേളനം സമാപിച്ചു. തുടർന്ന് വിരുന്നും സംഗീതവിരുന്നും. സംഗീത വിരുന്നിന് സാബു പാമ്പാടി നേതൃത്വം നൽകി.

അമേരിക്കയുടെ 250-ാം സ്വാതന്ത്ര്യ വാർഷികത്തിന്റെ സന്ദേശം മലയാളി സമൂഹത്തിലേക്ക് എത്തിക്കുന്നതോടൊപ്പം, പൊതുസേവന രംഗത്ത് മാതൃകയായ വ്യക്തികളെയും ജനപ്രതിനിധികളെയും സമൂഹനേതാക്കളെയും ആദരിച്ച ഈ ആഘോഷം ഫിലഡൽഫിയയിലെ ഇന്ത്യൻ അമേരിക്കൻ സമൂഹത്തിന്റെ ഐക്യത്തിന്റെയും സാമൂഹിക പ്രതിബദ്ധതയുടെയും മികച്ച ഉദാഹരണമായി മാറി.

## ടീം എംപവർ ഫോക്കാനയ്ക്ക് അനുഭവത്തിന്റെയും വിശ്വാസ്യതയുടെയും പുതിയ ദിശ



അമേരിക്കൻ മലയാളി സമൂഹത്തിന്റെ ഭാവി വെറും തിരഞ്ഞെടുപ്പിലൂടെ മാത്രമല്ല, അനുഭവസമ്പത്തും ഉത്തരവാദിത്തബോധവും നേതൃത്വപകത്വതയും ഒരുമിക്കുന്ന ഒരു ടീമിലൂടെയാണ് രൂപപ്പെടേണ്ടത്. ആ കാഴ്ചപ്പാടിലാണ് ഫോക്കാന തിരഞ്ഞെടുപ്പിൽ മത്സരിക്കുന്ന ടീം എംപവർ ശ്രദ്ധേയമാകുന്നത്. വ്യക്തികളെ മാത്രം മുൻനിർത്തിയല്ല, പരസ്പരം പൂരകങ്ങളാകുന്ന നേതൃത്വസംഘടനയാണ് ഈ ടീം മുന്നോട്ടുവയ്ക്കുന്നതെന്നാണ് സാമൂഹിക രംഗത്തെ നിരീക്ഷകർ വിലയിരുത്തുന്നത്.

ടീമിന്റെ പ്രസിഡന്റ് സ്ഥാനാർഥിയായ ലീലാ മാറേറ്റ്, ജനറൽ സെക്രട്ടറി സ്ഥാനാർഥിയായ ജോർജ് ഓലിക്കൽ, ട്രഷറർ സ്ഥാനാർഥിയായ രേവതി പിള്ള എന്നിവർ ഫൊക്കാനയുടെ അടുത്ത അധ്യായത്തിന് ആവശ്യമായ അനുഭവവും വിശ്വാസ്യതയും ഒരുമിച്ച് പ്രതിനിധീകരിക്കുന്നവരാണെന്ന അഭിപ്രായമാണ് വിവിധ മേഖലകളിൽ നിന്ന് ഉയരുന്നത്.

ഫൊക്കാനയിൽ ദീർഘകാല സാമൂഹ്യസേവന പരിചയമുള്ള നേതാവാണ് ലീലാ മാരേറ്റ്. സംഘടനയുടെ വളർച്ചയും പ്രവർത്തനരംഗവും അടുത്തറിയുന്ന അനുഭവസമ്പത്താണ് അവരുടെ പ്രധാന കരുത്ത്.

പുരുഷാധിപത്യം ശക്തമായി നിലനിൽക്കുന്ന സാമൂഹിക പൊതു ഇടങ്ങളിൽ സ്വന്തം കഴിവും ആത്മവിശ്വാസവും പ്രവർത്തനമികവും കൊണ്ട് അംഗീകാരം നേടിയ വനിതാ നേതാവാണ് ലീലാ മാരേറ്റ്. പരമ്പരാഗത ചിന്തകളെ വെല്ലുവിളിച്ചു കൊണ്ട്, പുതുതലമുറയുടെ ചിന്താഗതിയോട് ഇണങ്ങി പ്രവർത്തിക്കാൻ കഴിയുന്ന നേതൃത്വമാണ് അവർ വർഷങ്ങളായി തെളിയിച്ചിരിക്കുന്നത്.

നിരവധി പദ്ധതികളും ചാരിറ്റി പ്രവർത്തനങ്ങളും വ്യക്തിപരമായ സമർപ്പണത്തോടെ വിജയത്തിലെത്തിച്ചിട്ടുണ്ട്. ഏറ്റവും ഒടുവിൽ സംഘടിപ്പിച്ച ഫൊക്കാന ചാരിറ്റി ഫണ്ട് റൈസിംഗ് പരിപാടിയായ അനു സിതാര ഷോ അതിന്റെ മികച്ച ഉദാഹരണമായി പ്രവർത്തകർ ചൂണ്ടിക്കാണിക്കുന്നു.

അമേരിക്കൻ മലയാളി സമൂഹത്തിന്റെ അടുത്ത തലമുറയെ, പ്രത്യേകിച്ച് യുവജനങ്ങളെ, സംഘടനയോട് കൂടുതൽ അടുപ്പിക്കാൻ മാതൃസ്നേഹവും കരുതലും ഒരുപോലെ പ്രകടിപ്പിക്കുന്ന നേതൃത്വം ഇന്ന് അനിവാര്യമാണെന്നും, അതിന് ലീലാ മാരേറ്റിന് പകരം വയ്ക്കാൻ മറ്റൊരു വ്യക്തിത്വം കണ്ടെത്തുക പ്രയാസമാണെന്നും നിരവധി പ്രവർത്തകർ അഭിപ്രായപ്പെടുന്നു.

## പീറ്റർ കുളങ്ങരയും സിറിയക് കൂവക്കാട്ടും എൻ കെ ലൂക്കോസ് മെമ്മോറിയൽ ടൂർണമെന്റ് അഡ്വൈസറി ചെയേഴ്സ്

ചിക്കാഗോ: 19-ാമത് എൻ.കെ.ലൂക്കോസ് വോളിബോൾ ടൂർണമന്റിന്റെ അഡ്വൈസറി ചെയേഴ്സായി പീറ്റർ കുളങ്ങരയെയും സിറിയക് കൂവക്കാട്ടിനെയും തെരഞ്ഞെടുത്തു.

സെപ്റ്റംബർ 5-ാം തീയതി ബെൻസൻ വില്ലയിലെ എനർജി സ്പോർട്സ് ക്ലബ്ബിൽ വച്ച് നടത്തപ്പെടുന്ന എൻ.കെ. ലൂക്കോസ് മെമ്മോറിയൽ നാഷണൽ വോളിബോൾ ടൂർണമെന്റിന്റെ നല്ല നടത്തിപ്പിനായി മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നത് ഈ അഡ്വൈസറി കമ്മിറ്റിയായിരിക്കും.

2004ൽ ചിക്കാഗോയിൽ വച്ച് തുടക്കം കുറിച്ച എൻ.കെ.ലൂക്കോസ് മെമ്മോറിയൽ നാഷണൽ വോളിബോൾ ടൂർണമെന്റിന്റെ നാളിതു വരെ നടന്ന എല്ലാ ടൂർണമെന്റുകളിലും സുപ്രധാന പങ്കു വഹിച്ചവരാണ് ഇരുവരും. നോർത്ത് അമേരിക്കൻ മലയാളി വോളിബോൾ ലോകത്ത് വ്യക്തിമുദ്ര പതിപ്പിച്ച ഇവരുടെ കീഴിൽ ടൂർണമെന്റ് ചെയർമാനായി ജിനു പുന്നശ്ശേരിയും ജനറൽ കൺവീനറായി മാത്യു തട്ടാമറ്റവും പ്രവർത്തനം ആരംഭിച്ചിരിക്കുകയാണ്. നോർത്ത് അമേരിക്കയിലെ വോളിബോൾ കായികപ്രേമികളെ സെപ്റ്റംബർ 5-ാം തീയതി നടക്കുന്ന ഈ ടൂർണമെന്റിലേക്ക് സംഘാടക സമിതി സ്വാഗതം ചെയ്യുന്നു.

17 July - **World Day for International Justice**

World Day for International Justice is observed annually on 17 July every year. It is also known as the Day of International Criminal Justice or International Justice Day. This day recognises the emerging system of international criminal justice.

17 July - **World Emoji Day**

World Emoji Day is observed on 17 July every year since 2014. The day is celebrated to represent an idea or an emotion through electronic means.

## താളം സാക്രമെന്റോയിൽ ആദ്യമായി പഞ്ചാരി മേളം അരങ്ങേറ്റം



കാലിഫോർണിയയിലെ സാക്രമെന്റോയിൽ കേരളത്തിന്റെ പാരമ്പര്യ താള വാദ്യ കലയായ പഞ്ചാരി മേളത്തിന് പുതിയ ചരിത്രം കുറിച്ചുതാളം എന്ന പേരിൽ ആദ്യ അരങ്ങേറ്റം ജൂൺ 27ന് മക്കെല്ലൻ കമ്മ്യൂണിറ്റി ഔട്ട്റിച് അക്കാദമി സ്കൂൾ ഹാളിൽ നടത്തപ്പെട്ടു.

രണ്ട് വർഷക്കാലത്തെ നീണ്ട അധ്വാനത്തിന്റെയും അർപ്പണ ബോധത്തിന്റെയും ഫലമായിട്ടാണ് എട്ട് കലാകാരന്മാർ അരങ്ങേറ്റത്തിന് സജ്ജരായത്. ഓൺലൈൻ ക്ലാസ്സുകളിൽ കൂടി ആണ് അവർ പഞ്ചാരിമേളം അഭ്യസിക്കാൻ ആരംഭിച്ചത്. തുടർന്ന് നിരന്തരമായ പരിശീലനവും നേരിട്ടുള്ള വർക്ക് ഷോപ്പുകളും നടത്തി അരങ്ങേറ്റത്തിന് തയ്യാറായി.

കേരളത്തിൽ നിന്ന് അകന്നു വിവിധ മേഖലകളിൽ പ്രവർത്തിക്കുമ്പോഴും നമ്മുടെ നാടിന്റെ പാരമ്പര്യ താള വാദ്യം അഭ്യസിക്കാനുള്ള ആവേശമാണ് ഇവരെ ഒന്നിപ്പിച്ചത്. ബാലു വർക്കി, ബിനോജ് സേവ്യർ, ജയ് നായർ, കൃഷ്ണദാസ് ചെറുമ്പത്തു, രമേശ് ഇല്ലിക്കൽ, സജീവ് പിള്ള, ഷിബു ശ്രീധരൻ, വിനോദ് ബാലകൃഷ്ണ എന്നിവരാണ് അരങ്ങേറ്റം കുറിച്ച കലാകാരന്മാർ.

പ്രശസ്ത ഗുരുക്കന്മാരായ കലാമണ്ഡലം ശിവദാസ് ആശാന്റേയും കലാമണ്ഡലം രാജേഷ് നായർ ആശാന്റെയും കീഴിൽ ആണ് ഇവർ പരിശീലനം നടത്തിയത്. കേരളത്തിലും അമേരിക്കയിലുമായി ആയിരക്കണക്കിന് മൈലുകൾക്കു അകലെ ആയിരുന്നു എങ്കിലും ഗുരു ശിഷ്യ ബന്ധം ആത്മാർത്ഥമായി കൊണ്ടുപോകാൻ ഇവർക്ക് സാധിച്ചു.

പരമ്പരാഗത കേരളീയ രീതിയിൽ നിലവിളക്ക് കൊളുത്തി പരിപാടികൾക്ക് തുടക്കം കുറിച്ചു. തുടർന്ന് സജീവ്പിള്ളയുടെ പൂജയും ജയ് നായരുടെ പ്രാർത്ഥന ഗാനവും. തുടർന്ന് രമേശ് ഇല്ലിക്കൽ, ഷിബു ശ്രീധരൻ എന്നിവരുടെ സ്വാഗതപ്രസംഗം. പ്രേമ നാരായണ സ്വാമി പരിപാടികൾക്ക് നേതൃത്വം നൽകി.

കലാകാരന്മാർ ഗുരുദക്ഷിണ നൽകി ഗുരുക്കന്മാരുടെ കൈയിൽ നിന്ന് ചെണ്ടക്കോൽ സ്വീകരിച്ചു. തുടർന്ന് അരങ്ങേറ്റം ആരംഭിച്ചു.

കലാമണ്ഡലം ശിവദാസ് ആശാന്റെ നേതൃത്വത്തിൽ അവതരിപ്പിച്ച പഞ്ചരിമേളം രണ്ടാം കാലത്തിലെ കാലിടലോടെയാണ് ആരംഭിച്ചത്. തുടർന്ന് മൂന്നും നാലും അഞ്ചും കാലങ്ങളിലൂടെ ഒന്നര മണിക്കൂർ നീണ്ടു. അരങ്ങേറ്റത്തിന്റെ മാറ്റു കൂട്ടാൻ അമേരിക്കയുടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള കലാകാരന്മാരും അരങ്ങേറ്റക്കാരോടൊപ്പം അണിനിരന്നിരുന്നു.

ഫാ. ജിബി പൊങ്ങൻപാറ, ഫാ. കുര്യാക്കോസ് പുതുപ്പാടി എന്നിവർ ആശംസ പ്രസംഗം നടത്തി. അരങ്ങേറ്റത്തിന് ശേഷം അരങ്ങേറ്റക്കാർക്ക് അരങ്ങേറ്റ സർട്ടിഫിക്കറ്റ് സമ്മാനിച്ചു. തുടർന്ന് പുതിയ ബാച്ച് ആരംഭിക്കുന്നതായി താളം സാക്രമെന്റോ അറിയിച്ചു. കേരളത്തിന്റെ ഈ അമൂല്യ പാരമ്പര്യം അമേരിക്കയുടെ വിവിധ ഭാഗങ്ങളിൽ കൂടുതൽ വ്യാപിപ്പിക്കാനുള്ള ശ്രമത്തിന്റ ഭാഗമായി ആണ് പുതിയ ബാച്ച് ആരംഭിക്കുന്നത് എന്ന് താളം സാക്രമെന്റോ അറിയിച്ചു.

## ഏജി കോൺഫറൻസ് 23 മുതൽ ഹൂസ്റ്റണിൽ



**- പ്രസാദ് തീയാടിക്കൽ**

ഹൂസ്റ്റൺ: അസംബ്ലീസ് ഓഫ് ഗോഡ് ഇന്ത്യൻ ഫെലോഷിപ്പ് ഓഫ് നോർത്ത് അമേരിക്കയുടെ 2026ലെ ദേശീയ കോൺഫറൻസ് ജൂലൈ 23 മുതൽ 26 വരെ ടെക്സാസിലെ ഹൂസ്റ്റൺ പട്ടണത്തിൽ മാരിയറ്റ് വെസ്റ്റ്ചസ് ഹോട്ടലിൽ നടക്കും.

നാല് ദിവസങ്ങളിലായി ആത്മീയ ആരാധന, പ്രസംഗങ്ങൾ, പ്രാർത്ഥന, കുടുംബസംഗമം, യുവജനകുട്ടികളുടെ പ്രത്യേക സെഷനുകൾ എന്നിവ ഉൾപ്പെടെ വിപുലമായ പരിപാടികളാണ് സംഘാടകർ ക്രമീകരിച്ചിരിക്കുന്നത്.

സമ്മേളനത്തിൽ റവ.ജോ തോമസ്, റവ. ഡോ. സണ്ണി പ്രസാദ്, റവ.നിരുപ് അൽഫോൻസ്, റവ. ഡോ. ടി.ജെ. സാമുവേൽ, റവ.തോമസ് ഫിലിപ്പ്, റവ. കിപ്ലിൻ ബാച്ചിലർ, റവ.ദിലീപ് ത്യാഗരാജ്, സിസ്റ്റർ ഡോ.ആഷ്‌ലി പ്രത്യാശ്, റവ.ജോൺ തോമസ്, റവ.ജോർജ് പി.ചാക്കോ, റവ.ഡോ. കോശി വൈദ്യൻ, റവ. ബോവാസ് മാത്യു, സിസ്റ്റർ ഡോ. ഗ്രേസ് ഗീവർഗീസ്, പ്രൊഫ. എലിസബത്ത് സൈമൺ എന്നിവർ വിവിധ സെഷനുകളിൽ ശുശ്രൂഷിക്കും. ഹൂസ്റ്റൺ മാരിയറ്റ് വെസ്റ്റ്ചസ് ഹോട്ടലിൽ നടക്കുന്ന കോൺഫറൻസിലേക്ക് ഏവരെയും സ്വാഗതം ചെയ്യുന്നതായി സംഘാടകർ അറിയിച്ചു.

*"There are a few times in life when you leap up and the past that you'd been standing on falls away behind you, and the future you mean to land on is not yet in place, and for a moment you're suspended knowing nothing and no one, not even yourself."* -Ann Patchett,

The Dutch House

# ഫോമാ ഇന്റർനാഷണൽ കൺവെൻഷനിൽ വിപുലമായ കമ്മ്യൂണിറ്റി ഹെൽത്ത് ഫെയർ

**- ജീമോൻ റാന്നി**



ഹൂസ്റ്റൺ: ജൂലൈ 30, 31, ഓഗസ്റ്റ് 1, 2 തീയതികളിൽ ഹൂസ്റ്റണിൽ നടക്കുന്ന ഫോമാ ഇന്റർനാഷണൽ കൺവെൻഷന്റെ ഭാഗമായി ഓഗസ്റ്റ് 1ന് (ശനിയാഴ്ച) രാവിലെ 8.00 മുതൽ 11.00 വരെ വിപുലമായ കമ്മ്യൂണിറ്റി ഹെൽത്ത് ഫെയർ സംഘടിപ്പിക്കുന്നു. ആരോഗ്യസംരക്ഷണം, രോഗപ്രതിരോധം, ആരോഗ്യബോധവൽക്കരണം എന്നിവ ലക്ഷ്യമിട്ട് എല്ലാ പ്രായത്തിലുമുള്ളവർക്കും പ്രയോജനപ്പെടുന്ന തരത്തിലാണ് പരിപാടി ഒരുക്കിയിരിക്കുന്നത്.

ഹൂസ്റ്റണിലെ ആരോഗ്യമാധ്യമ രംഗങ്ങളിൽ സജീവ സാന്നിധ്യവും മികച്ച സംഘാടകയുമായ ഡോ.റെയ്ന റോക്ക് ചെയർപേഴ്സണായ മെഡിക്കൽ സെഷൻ കമ്മിറ്റിയുടെ നേതൃത്വത്തിലാണ് ഹെൽത്ത് ഫെയർ സംഘടിപ്പിക്കുന്നത്. പരിപാടിയുടെ വിജയത്തിനായുള്ള ഒരുക്കങ്ങൾ അന്തിമഘട്ടത്തിലാണെന്ന് സംഘാടകർ അറിയിച്ചു.

ഹെൽത്ത് ഫെയറിന്റെ ഭാഗമായി രക്തദാന ക്യാമ്പും ബ്ലഡ് സ്റ്റം സെൽ രജിസ്ട്രേഷൻ ഡ്രൈവും സംഘടിപ്പിക്കും. ജീവൻ രക്ഷിക്കാൻ സഹായകമായ ഈ പ്രവർത്തനങ്ങളിൽ കൂടുതൽ പേർ പങ്കാളികളാകണമെന്ന് സംഘാടകർ അഭ്യർഥിച്ചു.

പൊതുജനങ്ങൾക്കായി വിവിധ ആരോഗ്യവിദ്യാഭ്യാസ സ്റ്റേഷനുകളും സജ്ജമാക്കിയിട്ടുണ്ട്. കമ്മ്യൂണിറ്റി സി.പി.ആർ. പരിശീലനം, പ്രമേഹവും ഹൃദയാരോഗ്യവും സംബന്ധിച്ച ബോധവൽക്കരണം, പകർച്ചവ്യാധികളെക്കുറിച്ചുള്ള അവബോധം, ആരോഗ്യകരമായ ജീവിതശൈലിയെക്കുറിച്ചുള്ള നിർദേശങ്ങൾ എന്നിവ ഇതിൽ ഉൾപ്പെടും.

ആരോഗ്യവിദഗ്ധരുടെ നേതൃത്വത്തിൽ നടക്കുന്ന ഹെൽത്ത് ടോക്കുകളിൽ കാൻസർ പ്രതിരോധം, സ്ട്രോക്ക് അവബോധം, മാനസികാരോഗ്യം, കുട്ടികളുടെ ആരോഗ്യം തുടങ്ങിയ വിഷയങ്ങളിൽ ക്ലാസുകളും സംവാദങ്ങളും നടക്കും.

ആരോഗ്യം വ്യക്തിയുടെ മാത്രം ഉത്തരവാദിത്വമല്ല, കുടുംബത്തിന്റെയും സമൂഹത്തിന്റെയും കൂട്ടായ ഉത്തരവാദിത്വമാണെന്ന സന്ദേശം ഉയർത്തിപ്പിടിച്ചാണ് ഫോമാ കമ്മ്യൂണിറ്റി ഹെൽത്ത് ഫെയർ സംഘടിപ്പിക്കുന്നത്. കൺവെൻഷനിൽ പങ്കെടുക്കുന്ന പ്രതിനിധികളും ഹ്യൂസ്റ്റണിലെയും സമീപ പ്രദേശങ്ങളിലെയും മലയാളി സമൂഹവും ഈ അവസരം പരമാവധി പ്രയോജനപ്പെടുത്തണമെന്ന് സംഘാടകർ അഭ്യർഥിച്ചു. ഹൂസ്റ്റണിൽ നടക്കുന്ന ഈ കൺവെൻഷൻ ഫോമയുടെ ചരിത്രത്തിലെ ഏറ്റവും ശ്രദ്ധേയമായ സമ്മേളനങ്ങളിലൊ ന്നാക്കി മാറ്റാൻ എല്ലാ പ്രവർത്തകരുടെയും കൂട്ടായ പരിശ്രമമാണ് നടക്കുന്നത്.

ഫോമാ പ്രസിഡന്റ് ബേബി മണക്കുന്നേൽ, കൺവെൻഷൻ ചെയർമാൻ സുബിൻ കുമാരൻ, കൺവെൻഷൻ ജനറൽ കൺവീനർ ഷാജി എഡ്വേർഡ്, നാഷനൽ കമ്മിറ്റി അംഗം രാജൻ യോഹന്നാൻ തുടങ്ങിയവരുടെ നേതൃത്വത്തിൽ നിരവധി കമ്മിറ്റികളാണ് പ്രവർത്തന സജ്ജമായിരിക്കുന്നത്.

ആരോഗ്യപരിപാലനവും സാമൂഹിക പ്രതിബദ്ധതയും ഒരുമിപ്പിക്കുന്ന കമ്മ്യൂണിറ്റി ഹെൽത്ത് ഫെയർ ഫോമാ 2026 ഇന്റർനാഷണൽ കൺവെൻഷന്റെ പ്രധാന ആകർഷണങ്ങളിലൊന്നായിരിക്കുമെന്ന് സംഘാടകർ അറിയിച്ചു.

18 July - **International Nelson Mandela Day**

International Nelson Mandela Day is observed on 18 July every year. The day celebrates Mandela's life and legacy in a sustainable way that will bring about the needful changes.

20 July - **International Chess Day**

It is observed on 20 July to honour the foundation of the Federation Internationale des Eches (FIDES).

20 July - **Moon Day**

Moon Day commemorates the day when man first walked on the moon in 1969.

22 July – **Pi Approximation Day**

Pi Approximation Day is observed on 22 July every year because of the value of Pi which is 22/7. Whereas Pi Day is celebrated on 14 March which is similar to the approximate value of 3.14 and also coincides with Albert Einstein's birthday.

# ശ്രീനാരായണ ദർശനവും ആധുനിക ജീവിതശൈലിയും കൈകോർത്ത ഫോസ്ന കൺവെൻഷൻ നടത്തി



**- സാജ് കാവിന്റെ അരികത്ത്**

ടാമ്പാ: ശ്രീനാരായണ ഗുരുവിന്റെ സമത്വ ദർശനവും മാനവിക മൂല്യങ്ങളും ആധുനിക സമൂഹത്തിന്റെ ആവശ്യങ്ങളുമായി സമന്വയിപ്പിച്ചുകൊണ്ട് ഫോസ്ന കൺവെൻഷന്റെ രണ്ടാം ദിനം ശ്രദ്ധേയമായി. ആത്മീയതയും സംസ്കാരവും കുടുംബമൂല്യങ്ങളും സാമൂഹിക ഉത്തരവാദിത്തവും ഒരേ വേദിയിൽ കോർത്തിണക്കിയ പരിപാടികൾ, ഫോസ്നയെ ഒരു സംഘടന മാത്രമല്ല, സാമൂഹിക നവോത്ഥാനത്തിന്റെ വേദിയാണെന്ന സന്ദേശം ശക്തമായി ഉയർത്തിക്കാട്ടി.

രാവിലെ യോഗയും ധ്യാനവും കൊണ്ട് ആരംഭിച്ച ദിനം പ്രാർത്ഥനയോടും സുവനീർ പ്രകാശനത്തോടും കൂടി ആത്മീയ ചൈതന്യത്തിലേക്ക് പ്രവേശിച്ചു. സ്വാമി ശിവസ്വരൂപാനന്ദയുടെയും ഡോ. പുരുഷോത്തമന്റെയും പ്രഭാഷണങ്ങൾ ശ്രീനാരായണ ഗുരുവിന്റെ ദർശനത്തെ ഇന്നത്തെ സാമൂഹിക ജീവിതവുമായി ബന്ധിപ്പിച്ച് അവതരിപ്പിച്ചു. തുടർന്ന് അരങ്ങേറിയത്രിപ്രസാദംസംഗീതനാടകം ആത്മീയ സന്ദേശങ്ങളെ കലയുടെ ഭാഷയിലൂടെ പ്രേക്ഷകരിലേക്ക് എത്തിച്ചു.

ഉച്ചയ്ക്ക് നടന്ന വനിതാ ഫോറം സെമിനാർ, ആദരിക്കൽ, ഗുരുവിന്റെ ദേവി സ്തോത്രാഞ്ജലി യാത്ര, മോഹിനിയാട്ടം, ഭക്തിഗാനങ്ങൾ, സാമൂഹിക പ്രഭാഷണങ്ങൾ എന്നിവ സമൂഹനിർമാണം, വനിതാ ശാക്തീകരണം, ആത്മീയത, സംസ്കാരം എന്നിവയെ സമന്വയിപ്പിച്ച പരിപാടികളായി മാറി.

കേരളത്തിൽ നിന്നെത്തിയ സന്യാസിമാരുടെ സാന്നിധ്യവും അനുഗ്രഹപ്രഭാഷണങ്ങളും രണ്ടാം ദിനത്തിന് പ്രത്യേക ആത്മീയമാനം നൽകി. വിവിധ സംസ്ഥാനങ്ങളിൽ നിന്നെത്തിയ മലയാളികളുടെ സജീവ പങ്കാളിത്തം ഫോസ്നയുടെ മതനിരപേക്ഷവും സർവസമ്മതവുമായ സാമൂഹിക സ്വഭാവത്തെ കൂടുതൽ ശക്തിപ്പെടുത്തി.

ഫോസ്ന പ്രസിഡന്റ് ബിനൂപ് ശ്രീധരന്റെ നേതൃത്വവും സംഘാടന മികവും രണ്ടാം ദിനത്തിലുടനീളം ശ്രദ്ധേയമായി. നൂറുകണക്കിന് പ്രതിനിധികളെയും അതിഥികളെയും ഏകോപിപ്പിച്ചുകൊണ്ട് പരിപാടികൾ സമയബന്ധിതമായും ഭംഗിയായും മുന്നോട്ട് കൊണ്ടുപോകുന്നതിൽ അദ്ദേഹത്തിന്റെ നേതൃത്വപാടവം വ്യക്തമായിരുന്നു.

കെ.എച്ച്.എസ്.എഫ് അവതരിപ്പിച്ച പെരുംകളിയാട്ടംരണ്ടാം ദിനത്തിലെ ഏറ്റവും ശ്രദ്ധേയമായ ദൃശ്യാവിഷ്കാരങ്ങളിലൊന്നായി. സുരേഷ് നായരുടെ സംവിധാനത്തിലും സായി ലക്ഷ്മി പ്രദീപിന്റെ പ്രോഗ്രാം ഏകോപനത്തിലും അരങ്ങേറിയ ഈ അവതരണം, ശക്തി പരമ്പര പാരമ്പര്യം സംസ്കാരത്തിന്റെ മഹോത്സവംഎന്ന ആശയത്തെ അതിമനോഹരമായി വേദിയിലെത്തിച്ചു. ലൈറ്റിംഗും സംഗീതവും ദൃശ്യസംവിധാനവും സമന്വയിച്ച അവതരണം പ്രേക്ഷകരെ ഒരു ഡിസ്നി ഫാന്റസി ലോകത്തിന്റെ അനുഭവത്തിലേക്ക് നയിച്ചു.

തുടർന്ന് അവതരിപ്പിച്ചശ്രീനാരായണാമൃതം ഭജനആത്മീയതയും സംഗീതവും സമന്വയിപ്പിച്ച അപൂർവ അനുഭവമായി. ഭക്തിസാന്ദ്രമായ അവതരണവും കൃത്യമായ ഏകോപനവും കൺവെൻഷൻ വേദിയെ ആത്മീയ ചൈതന്യത്താൽ നിറച്ചു.

ന്യൂയോർക്ക് എസ്.എൻ.എ. ടീമിന്റെ നേതൃത്വത്തിൽ സംഗീത ബാബുരാജ് സംവിധാനം ചെയ്ത തകൃതാളം പാരമ്പര്യ കലാരൂപത്തിന്റെ താളവും ചൈതന്യവും വേദിയിലേക്ക് പകർത്തി. തുടർന്ന് ബിജു ഗോപാലന്റെ സംവിധാനത്തിൽ അരങ്ങേറിയ കാലം സാക്ഷി നാടകം ആധുനിക സമൂഹവുമായി ഏറെ പ്രസക്തിയുള്ള ആശയങ്ങൾ അവതരിപ്പിച്ചു. കാലഘട്ടങ്ങളുടെ മാറ്റത്തിനിടയിൽ സമൂഹം നേരിട്ട കഷ്ടപ്പാടുകളും പോരാട്ടങ്ങളും അതിജീവിച്ചാണ് ഇന്ന് കൂടുതൽ ആരോഗ്യകരവും സന്തോഷപൂർണവുമായ സാമൂഹിക അന്തരീക്ഷം കൈവന്നതെന്ന സന്ദേശം നാടകം ശക്തമായി അവതരിപ്പിച്ചു. ശ്രീനാരായണ ഗുരുവിന്റെ സാമൂഹിക നവോത്ഥാന ദർശനത്തോട് ചേർന്നുനിൽക്കുന്ന ഈ രണ്ട് അവതരണങ്ങളും പ്രേക്ഷകരുടെ ചിന്തയെ ഉണർത്തുന്നതായിരുന്നു.

പ്രശസ്ത നർത്തകിയും അഭിനേത്രിയുമായ ദിവ്യ ഉണ്ണിയുടെ ഇരട്ട നൃത്താവിഷ്കാരങ്ങൾ രണ്ടാം ദിനത്തിലെ മറ്റൊരു പ്രധാന ആകർഷണമായി. കേരളത്തിന്റെ ശാസ്ത്രീയ നൃത്തപാരമ്പര്യവും മലയാളി സംസ്കാരത്തിന്റെ തനിമയും അന്താരാഷ്ട്ര വേദിയിൽ അഭിമാനത്തോടെ അവതരിപ്പിച്ച ഈ പ്രകടനം പ്രേക്ഷകരുടെ നീണ്ട കൈയടി ഏറ്റുവാങ്ങി. തുടർന്ന് നടന്ന വിമൻസ് എത്തിക്കൽ ഷോ കലയും പാരമ്പര്യവും സമകാലിക ചിന്തകളും സമന്വയിപ്പിച്ച സാംസ്കാരിക വിരുന്നായി മാറി.

ദിവസാവസാനത്തിൽ ടാമ്പായുടെ സ്വന്തം ഗായകനായ ഹരി അവതരിപ്പിച്ചഹരിമുരളീരവംസംഗീതാസ്വാദകരെ ഗൃഹാതുരത്വത്തിന്റെ മധുരസ്മരണകളിലേക്ക് കൂട്ടിക്കൊണ്ടുപോയി. രാത്രിയുടെ അവസാനവേളയിൽ അദ്ദേഹത്തിന്റെ ഹൃദ്യമായ ആലാപനം പ്രേക്ഷകരുടെ മനസ്സിൽ മധുരമായ ഹൃദാതുരത സമ്മാനിച്ചുകൊണ്ട് രണ്ടാം ദിനത്തിന് സംഗീതാത്മകമായ സമാപനം കുറിച്ചു.

ശ്രീനാരായണ ഗുരുവിന്റെ സമത്വം, വിദ്യാഭ്യാസം, ആത്മീയത, മാനവികത, സാമൂഹിക നവോത്ഥാനം എന്നീ ആശയങ്ങൾ ചരിത്രപുസ്തകങ്ങളിലെ ഓർമ്മകൾ മാത്രമല്ല; പുതിയ തലമുറയെയും കുടുംബങ്ങളെയും സമൂഹത്തെയും ഒരുമിപ്പിക്കുന്ന ജീവിക്കുന്ന ദർശനമാണെന്ന്, യോഗ മുതൽ വനിതാ ശാക്തീകരണം വരെ, ആത്മീയ പ്രഭാഷണങ്ങൾ മുതൽ യുവജനങ്ങളെ ആകർഷിക്കുന്ന കലാവിരുന്നുകൾ വരെ, ഭക്തിഗാനങ്ങൾ മുതൽ നാടകങ്ങളും നൃത്താവിഷ്കാരങ്ങളും വരെ ഉൾക്കൊള്ളുന്ന പരിപാടികളിലൂടെ ഫോസ്ന, ശ്രീനാരായണ ഗുരുവിന്റെ സന്ദേശങ്ങളെ അമേരിക്കൻ മലയാളി സമൂഹത്തിന്റെ ഇന്നത്തെ ജീവിതത്തിലേക്ക് വിജയകരമായി പകർത്തിയതായി രണ്ടാം ദിനം തെളിയിച്ചു.

"I think prime numbers are like life. They are very logical but you could never work out the rules, even if you spent all your time thinking about them."

-Mark Haddon,

The Curious Incident of the Dog in the Night-Time

## സി. ടി. എം. എ കുടുംബസംഗമവും പിക്നിക്കും നടത്തി

ചിക്കാഗോ :സി.ടി.എം.എയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച കുടുംബ പിക്നിക് അംഗങ്ങളുടെ സജീവ പങ്കാളിത്തത്തോടെയും ആവേശകരമായ പരിപാടികളോടെയും അതിഗംഭീര വിജയമായി. കുടുംബാംഗങ്ങൾ ഒന്നിച്ചുചേർന്ന് സന്തോഷവും സൗഹൃദവും പങ്കുവെച്ച ഈ ദിനം എല്ലാവരുടെയും മനസ്സിൽ മായാത്ത ഓർമ്മകൾ സമ്മാനിച്ചു.

രാവിലെ മുതൽ വൈകുന്നേരം വരെ വിവിധ വിനോദപരിപാടികൾ, കായിക മത്സരങ്ങൾ, കുട്ടികൾക്കും മുതിർന്നവർക്കുമായി ഒരുക്കിയ ഗെയിമുകൾ, കലാപരിപാടികൾ, സൗഹൃദ സംഭാഷണങ്ങൾ എന്നിവ പിക്നിക്കിനെ കൂടുതൽ ആകർഷകമാക്കി. കുടുംബാംഗങ്ങൾ പരസ്പരം കൂടുതൽ അടുത്തറിയാനും പുതിയ സൗഹൃദങ്ങൾ വളർത്തിയെടുക്കാനും ഈ സംഗമം മികച്ച അവസരമായി.

ഈ വിജയകരമായ പരിപാടി യാഥാർത്ഥ്യമാക്കാൻ അക്ഷീണം പരിശ്രമിച്ച കോർഡിനേറ്റർമാരായ ടോമി മെത്തിപ്പാറ, മോൺസി, സാക്ക്, സണ്ണി, ബിജി, ഷാബു, റോയ്, ഡെൻസി, സൈമൺ എന്നിവർക്കും, പരിപാടിയുടെ എല്ലാ ഘട്ടങ്ങളിലും ആത്മാർത്ഥമായി പ്രവർത്തിച്ച എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾക്കും സംഘാടകർ ഹൃദയം നിറഞ്ഞ നന്ദി രേഖപ്പെടുത്തി. അവരുടെ കഠിനാധ്വാനവും അർപ്പണബോധവും സംഘാടന മികവും കൊണ്ടാണ് പരിപാടി വൻ വിജയമായി മാറിയത്.

പിക്നിക്കിൽ പങ്കെടുത്ത എല്ലാ കുടുംബങ്ങൾക്കും, സന്നദ്ധപ്രവർത്തകർക്കും, വിവിധ രീതികളിൽ സഹകരിച്ച എല്ലാവർക്കും പ്രത്യേകം നന്ദി അറിയിച്ചു. ഓരോരുത്തരുടെയും സാന്നിധ്യവും സഹകരണവും ഈ കുടുംബസംഗമത്തെ കൂടുതൽ മനോഹരവും അവിസ്മരണീയവുമാക്കി. ഇത്തരം കുടുംബസംഗമങ്ങൾ അംഗങ്ങൾ തമ്മിലുള്ള ഐക്യം, സ്നേഹം, സഹകരണം, കൂട്ടായ്മ എന്നിവ കൂടുതൽ ശക്തിപ്പെടുത്തുന്നതിന് വലിയ പങ്കുവഹിക്കുന്നുവെന്ന് സംഘാടകർ അഭിപ്രായപ്പെട്ടു.

22 July- **National Flag Day**

The Indian National Flag remains a symbol of India's rich cultural heritage, its hard-fought struggle for freedom, and the aspirations of its people for a united and prosperous nation. National Flag Day is observed on July 22 annually to celebrate the adoption of the tricolour designed by Pingali Vekayya as the flag of India.

22 July - **National Mango Day or Mango Day**

It is celebrated on 22 July. The day is to know about the history and some lesser-known facts about the juicy and delicious fruit mango

## അമേരിക്കയുടെ സ്വാതന്ത്ര്യദിനം കേരള അസോസിയേഷൻ ഓഫ് ഡാളസ് ആഘോഷിച്ചു

**- അനശ്വരം മാമ്പിള്ളി**

ഡാളസ്: കേരള അസോസിയേഷൻ ഓഫ് ഡാളസും, ഇന്ത്യ കൾചറൽ ആന്റ് എഡ്യൂക്കേഷൻ സെന്ററും സംയുക്തമായി അമേരിക്കയുടെ സ്വാതന്ത്ര്യദിനം ഇന്ത്യ കൾചറൽ ആന്റ് എഡ്യൂക്കേഷൻ സെന്ററിൽ ആഘോഷിച്ചു.

അമേരിക്ക സ്വാതന്ത്ര്യം നേടി 250 വർഷങ്ങൾ പിന്നിടുന്നു. അടിച്ചമർത്തലുകൾക്കെതിരെയും ചൂഷണങ്ങൾക്കെതിരെയും പോരാടി നേടിയ അമേരിക്കൻ സ്വാതന്ത്ര്യം ആവേശകരമായ ഒരു ചരിത്രം ലോകത്തിന് നൽകിയെന്നും അരനൂറ്റാണ്ടിന്റെ കല സാംസ്കാരിക പെരുമകൾ വിളിച്ചോതുന്ന കേരള അസോസിയേഷൻ ഓഫ് ഡാളസ് സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന ഒരു മലയാളി സംഘടന, വലിയൊരു ചരിത്രത്തിനു തന്നെ സാക്ഷ്യം വഹിക്കുകയാണെന്നും, യുണൈറ്റഡ് സ്റ്റേറ്റ്സിലെ ഏറ്റവും ശ്രദ്ധിക്കുന്ന മലയാളി സംഘടനകളിൽ ഒന്നായ കേരള അസോസിയേഷൻ ഓഫ് ഡാളസ് 50 വർഷത്തെ കല സാംസ്കാരിക കൂട്ടായ്മ പ്രവർത്തനങ്ങൾ ഒരു വലിയ നേട്ടവും സുവർണ്ണ ജൂബിലി ആഘോഷത്തിന്റെ അസാധാരണമായ നിമിഷമായി ആദരവോടെ കണ്ടു കൊണ്ടു സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ ഭാഗമാക്കുന്നുവെന്നും പതാകയുയർത്തി പ്രസിഡന്റ് ഷിജു എബ്രഹാം സംസാരിച്ചു.

അസോസിയേഷൻ അംഗങ്ങൾ അണിനിരന്ന് പരേഡ് നടത്തി. സണ്ണി ജേക്കബ്, കോശി പണിക്കർ, മാത്യു കോശി, പി.പി ചെറിയാൻ, ബോബൻ കൊടുവത്, ജോസഫ് ചാണ്ടി, സിജു വി ജോർജ്, പി. റ്റി സെബാസ്റ്റ്യൻ, രാജൻ ഐസക് തുടങ്ങിയ മുതിർന്ന അംഗങ്ങളും പങ്കെടുത്തു. ഷിജു എബ്രഹാം ഉൾപ്പെടെ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളായ സിജു കൈനിക്കര (കെ.എ.ഡി ട്രഷറർ), ദീപക് നായർ, ജിജി പി. സ്കറിയ, ടെസി മാത്യു, പ്രദീപ് കൊടുവത്, സാബു തോമസ്, തോമസ് ഈശോ (ഐസിഇസി സെക്രട്ടറി), നെബു കുര്യാക്കോസ് (ട്രഷറർ), അനശ്വരം മാമ്പിള്ളി (വൈസ് പ്രസിഡന്റ്), ആൻസി ജോസഫ്, ഷിബു ജെയിംസ് എന്നിവർ നേതൃത്വം നൽകി. റിമ ചെലഗിരി, ലിയ നെബു അമേരിക്കൻ ദേശീയ ഗാനം ആലപിച്ചു.

ജയ്സി ജോർജ് ബാജി ഓടംവേലി, ബെന്നി ജോൺ, ജയകുമാർ പിള്ള, ഷൈജു എബ്രഹാം, ഡിബിൾ സി, എലിസബത് റെഡ്ഡിയാർ, ഇ.സി മാത്യു എന്നിവരും പങ്കെടുത്തു ▶

## ആൽഫ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തിയോളജി ആൻഡ് സയൻസസ് ബിരുദദാന സമ്മേളനം ഡാളസിൽ



**- മാർട്ടിൻ വിലങ്ങോലിൽ**

ഡാളസ്: തലശ്ശേരി ആൽഫ സെന്റർ ഫോർ റിലീജിയസ് സയൻസിന്റെ വിദ്യാർത്ഥികളുടെ ബിരുദദാന സമ്മേളനം ഡാളസിൽ നടന്നു.

തലശ്ശേരിയിലെ ടെലി ആൽഫ സെന്റർ ഫോർ റിലീജിയസ് സയൻസസിന്റെ കീഴിൽ മാസ്റ്റർ ഓഫ് തിയോളജി, ബാച്ച്ലർ ഓഫ് തിയോളജി പ്രോഗ്രാമുകൾ വിജയകരമായി പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്കുള്ള ബിരുദദാന ചടങ്ങ് ടെക്സസിലെ ഡാളസിലുള്ള കൊപ്പേൽ സെന്റ് അൽഫോൻസാ സീറോ മലബാർ പള്ളിയിലാണ് നടന്നത്. അമേരിക്കയിലുടനീളമുള്ള വിവിധ സംസ്ഥാനങ്ങളിൽ നിന്നെത്തിയ ബിരുദധാരികൾ അവരുടെ അക്കാദമിക്, ആത്മീയ നേട്ടങ്ങളുടെ ഗംഭീരവും സന്തോഷകരവുമായ ആഘോഷത്തിൽ ബിരുദങ്ങൾ സ്വീകരിക്കാൻ ഒത്തുകൂടി.

വിശുദ്ധ കുർബാനയോടെ ആരംഭിച്ച ചടങ്ങിൽ ടെലിആൽഫ സെന്ററിന്റെ മുൻ ചാൻസലർ ആർച്ച് ബിഷപ്പ് എമെരിറ്റസ് മാർ ജോർജ് ഞരളക്കാട്ട് മുഖ്യകാർമികത്വവും ഷിക്കാഗോ സീറോമലബാർ രൂപതയുടെ ചാൻസലർ റവ.ഡോ.ജോൺസൺ സേവ്യർ, കൊപ്പേൽ സെന്റ് അൽഫോൻസാ സീറോമലബാർ ഇടവകയുടെ അസിസ്റ്റന്റ് വികാരി ഫാ. ജിമ്മി എടക്കുളത്തൂർ എന്നിവർ സഹകാർമികത്വവും വഹിച്ചു. അറിവ്, വിശ്വാസം, സേവനം എന്നിവയിലൂടെ ക്രിസ്തുവിന്റെ പ്രകാശം പകരുവാനുള്ള തങ്ങളുടെ പ്രതിബദ്ധതയുടെ പ്രതീകമായി ബിരുദധാരികൾ മെഴുകുതിരികൾ വഹിച്ചുകൊണ്ട് പ്രാർത്ഥനാപൂർവ്വം ഘോഷയാത്രയായി പള്ളിയിൽ പ്ര വേശിച്ചു.

സുവിശേഷ ശുശ്രൂഷയിൽ യേശുക്രിസ്തുവിന്റെ പാതപിന്തുടർന്ന് അധികാരത്തോടെ പഠിപ്പിക്കാനും, സത്യത്തെ പ്രഖ്യാപിക്കാനും യേശു നൽകിയ പ്രബോധനങ്ങളിലൂടെ ജീവിതങ്ങളെ രൂപാന്തരപ്പെടുത്താനും അഭിവന്ദ്യ പിതാവ് മാർ ജോർജ് ഞരളക്കാട്ട് തന്റെ പ്രസംഗത്തിൽ ബിരുദധാരികളെ ഉദ്ബോധിപ്പിച്ചു. വ്യക്തിപരവും ശുശ്രൂഷാപരവുമായ ജീവിതത്തിൽ വിശ്വാസം, അറിവ്, സേവനം എന്നിവ സംയോജിപ്പിച്ചുകൊണ്ട് സുവിശേഷത്തിന്റെ ആധികാരിക സാക്ഷികളാകാൻ അദ്ദേഹം നിർദ്ദേശിച്ചു.

വിശുദ്ധകുർബാനയ്ക്കും ലഘുഭക്ഷണത്തിനും ശേഷം, ബിരുദധാരികൾ ഔദ്യോഗികമായ അക്കാദമിക് ഘോഷയാത്രയായി പാരിഷ് ഹാളിലേക്ക് പ്രവേശിച്ചു. ഗ്രേസ്ലിൻ ആലപിച്ച പ്രാർത്ഥനാഗാനത്തോടെയാണ് ഔ ദ്യോഗിക ബിരുദദാന ചടങ്ങ് ആരംഭിച്ചത്. മാസ്റ്റർ ഓഫ് സെറിമണി ക്രിസ്റ്റീന പരിപാടികൾക്ക് നതൃത്വം നൽകി.

ആർച്ച് ബിഷപ്പ് എമെരിറ്റസ് മാർ ജോർജ് ഞരളക്കാട്ട് ഉദ്ഘാടനം ചെയ്തു. ആൽഫ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ചാൻസലറായ ആർച്ച് ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി വീഡിയോ സന്ദേശത്തിലൂടെ ബിരുദധാരികളെ അഭിനന്ദിക്കുകയും, ആശംസകളും അനുഗ്രഹങ്ങളും അറിയിക്കുകയും ചെയ്തു.

സിസ്റ്റർ ഡോ. റോസ്‌ലെറ്റ് വള്ളിപറമ്പിൽ നടത്തിയ ബിരുദദാന പ്രസംഗത്തിനു ശേഷം, ആർച്ച് ബിഷപ്പ് മാർ ജോർജ് ഞരളക്കാട്ട് ബിരുദദാനം നിർവഹിച്ചു.

സിസ്റ്റേഴ്സ് ഓഫ് ദി ഡെസ്റ്റിറ്റ്യൂട്ടിലെ അഞ്ച് സന്യസ്തർ ഉൾപ്പെടെ ആകെ 29 ബിരുദധാരികൾ ബിരുദം നേടി. ഓരോ ബാച്ചിലെയും ഒന്നാം റാങ്ക് ജേതാക്കളായ ജഗൻ മാനുവൽ, എലിസബത്ത് ബോസ് കളമ്പനയിൽ, സ്മിതമോൾ തോമസ് എന്നിവരുടെ അക്കാദമിക് മികവിനെ പ്രത്യേകം ആദരിച്ചു.

ബിരുദദാനത്തെ തുടർന്ന് സിസ്റ്റർ ഡോ. റോസ്‌ലെറ്റ് ചൊല്ലിക്കൊടുത്ത കോൺവൊക്കേഷൻ പ്രതിജ്ഞ ക്രിസ്തീയ മൂല്യങ്ങൾ, ശുശ്രൂഷ, ആജീവനാന്ത പഠനം എന്നിവയോടുള്ള പ്രതിബദ്ധത ഉറപ്പിച്ചു കൊണ്ട് ബിരുദധാരികൾ ഏറ്റുചൊല്ലി.

സിസ്റ്റേഴ്സ് ഓഫ് ദി ഡെസ്റ്റിറ്റ്യൂട്ടിന്റെ സുപ്പീരിയർ ജനറൽ മദർ ലിസ് ഗ്രേസ് എസ്.ഡി ഷിക്കാഗോ സീറോമലബാർ രൂപതയുടെ എപ്പാർക്കിയൽ ചാൻസലർ റവ.ഡോ.ജോൺസൺ സേവ്യർ, യുഎസ്എയിലെ 2022-2025 ബാച്ചുകളുടെ കോർഡിനേറ്ററും ആൽഫ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് എം.ടെക് ബിരുദധാരിയുമായ ജെ.ടി.ജസീന്ത എന്നിവർ പ്രസംഗിച്ചു.

ബിരുദധാരികളെ പ്രതിനിധീകരിച്ച്, ലീല മറ്റത്തിൽ, റോയ് മാത്യു, സ്മിതമോൾ തോമസ്, മാത്യു കുര്യൻ എന്നിവർ തങ്ങളുടെ വിദ്യാഭ്യാസ യാത്രയെയും ദൈവശാസ്ത്ര രൂപീകരണം തങ്ങളുടെ ജീവിതത്തിൽ ചെലുത്തിയ സ്വാധീനത്തെയും പ്രതിഫലിപ്പിച്ചു കൊണ്ട് നന്ദി പറഞ്ഞു.

മുൻ ഡയറക്ടർ റവ.ഡോ.മനു മാപ്പിളപ്പറമ്പിൽ, നിലവിലെ ഡയറക്ടർ റവ.ഡോ.അനീഷ് കൊട്ടുകാപ്പള്ളി, റവ.ഡോ.അഗസ്റ്റിൻ പാംപ്ലാനി എന്നിവരുടെ ശ്രമഫലമായി ആൽഫ ഇൻസ്റ്റിറ്റ്യൂട്ട് അടുത്തിടെ ആരംഭിച്ച ഡോക്ടറൽ പ്രോഗ്രാം, സ്ഥാപനത്തിന് മറ്റൊരു സുപ്രധാന നാഴികക്കല്ലാണ്. റവ.ഡോ.അനീഷ് കൊട്ടുകാപ്പള്ളിയുടെ ഗൈഡൻസിൽ, ഡാളസ്, യു.എസ്.എ.യിൽ നിന്നുള്ള റോയ് മാത്യു ഡോക്ടറൽ പ്രോഗ്രാമിൽ ചേർന്ന ആദ്യ വിദ്യാർത്ഥിയായി.



# ലീഗ് സിറ്റി മലയാളി സമാജം ആവണിത്തെന്നൽ 2026 ഓണാഘോഷം ഓഗസ്റ്റ് 15ന്

**– ജീമോൻ റാന്നി**

ടെക്സാസ്: ടെക്സാസിലെ മലയാളി സമാജം ഓഫ് ലീഗ് സിറ്റിയുടെ ഈ വർഷത്തെ ഓണാഘോഷം അവണിത്തെന്നൽ 2026 ഓഗസ്റ്റ് 15ന് ലീഗ് സിറ്റിയിലെ ജോണി അരോൾഫോ സിവിക് സെന്ററിൽ വിപുലമായ രീതിയിൽ സംഘടിപ്പിക്കുമെന്ന് സംഘടനാ ഭാരവാഹികൾ അറിയിച്ചു.

സമാജം പ്രവർത്തനം ആരംഭിച്ച് പതിനൊന്നാം വർഷത്തിലേക്ക് കടക്കുന്ന ഈ വേളയിൽ, മുൻവർഷങ്ങളെ അപേക്ഷിച്ച് കൂടുതൽ വൈവിധ്യവും പുതുമയും നിറഞ്ഞ വിനോദ പരിപാടികളാണ് ഇത്തവണ ഒരുക്കിയിരിക്കുന്നതെന്ന് പ്രസിഡന്റ് ബിജോ സെബാസ്റ്റ്യനും സെക്രട്ടറി ഡോ. ജേക്കബ് തെരുവത്തും അറിയിച്ചു. സമാജം ഇതുവരെ സംഘടിപ്പിച്ച സാമൂഹിക, സാംസ്കാരിക, ജീവകാരുണ്യ പ്രവർത്തനങ്ങൾ സമൂഹത്തിന്റെ മികച്ച അംഗീകാരവും അഭിനന്ദനവും നേടിയിട്ടുണ്ടെന്നും അവർ പറഞ്ഞു.

പരിപാടികളും ഓണസദ്യയും ഒരുപോലെ തിരക്കുകളില്ലാതെ ആസ്വദിക്കാനാകുന്ന വിധത്തിൽ പ്രത്യേക ഹാളുകളാണ് ഇത്തവണ സജ്ജീകരിച്ചിരിക്കുന്നതെന്ന് സംഘാടകർ അറിയിച്ചു. കുടുംബങ്ങൾക്കും മുതിർന്നവർക്കും കുട്ടികൾക്കും സൗകര്യപ്രദമായ രീതിയിലാണ് ആഘോഷവേദി ക്രമീകരിച്ചിരിക്കുന്നത്. രാവിലെ 9.00 മണിക്ക് മാവേലിയുടെ വർണാഭമായ എഴുന്നള്ളിപ്പോടെയാണ് ആഘോഷങ്ങൾക്ക് തുടക്കമാകുക. ചെ ണ്ടമേളത്തിന്റെയും താലപ്പൊലിയുടെയും അകമ്പടിയോടെ മാവേലിയെ വരവേൽക്കും.

കേരളത്തിന്റെ തനത് കലാരൂപങ്ങൾ ഉൾക്കൊള്ളുന്ന ഘോഷയാത്ര, പുലികളി, നാടൻപാട്ടുകൾ, നൃത്തസംഗീത പരിപാടികൾ, വിവിധ കലാവിരുന്നുകൾ എന്നിവ ആഘോഷത്തിന്റെ മുഖ്യ ആകർഷണങ്ങളായിരിക്കും. ഉച്ചയ്ക്ക് ഇരുപതിലധികം വിഭവങ്ങൾ ഉൾക്കൊള്ളുന്ന വിഭവസമൃദ്ധമായ പരമ്പരാഗത ഓണസദ്യയും ഒരുക്കുന്നുണ്ട്.

കുട്ടികൾക്കും മുതിർന്നവർക്കുമായി വടംവലി, ചാക്കിലോട്ടം തുടങ്ങി പത്തോളം പരമ്പരാഗത കായികവിനോദ മത്സരങ്ങൾ സംഘടിപ്പിക്കും. സ്നേഹത്തിന്റെയും സൗഹൃദത്തിന്റെയും ഐക്യത്തിന്റെയും സന്ദേശം പ്രചരിപ്പിക്കുകയും, മലയാളി സമൂഹത്തിന്റെ കൂട്ടായ്മയും കുടുംബബന്ധങ്ങളും കൂടുതൽ ദൃഢമാക്കുകയും ചെയ്യുക എന്നതാണ് അവണിയത്തെന്നൽ 2026ന്റെ പ്രധാന ലക്ഷ്യമെന്ന് ഭാരവാഹികൾ അറിയിച്ചു.

കൂടുതൽ വിവരങ്ങൾക്ക്: ബിജോ സെബാസ്റ്റ്യൻ (പ്രസിഡന്റ് – 409 256 6427, ജിജു ജോൺ 409 354 2518, സീന മാത്യൂസ് 409 354 9660 (വൈസ് പ്രസിഡന്റുമാർ), ഡോ. ജേക്കബ് തെരുവത്ത് 240 426 1845 (സെക്രട്ടറി), ഡോ. നജീബ് കുഴിയിൽ 346 892 9254, പ്രവിത ജിജി ചന്ദ്രൻ 409 322 2865 ( ജോയിന്റ് സെക്രട്ടറിമാർ) റോബി തോമസ് 862 596 4850 (ട്രഷറർ). ബിജി കോടക്കേരിൽ 346 232 1140 (ജോയിന്റ് ട്രഷറർ), ഡോ.സുജിത് നായർ 814 574 5310 (പ്രോഗ്രാം കോർഡിനേറ്റർമാർ) എലേന ടെൽസൺ 973 8030183, സാന്ദ്ര ജോസഫ് 281 967 9986, ഡോ.രാജ് മേനോൻ 262 744 0452, യൂത്ത് കോർഡിനേറ്റർമാരായ എമിൽഡ ജെയ്സൺ 409 457 5067, ജിസ്ന ഷോണി 281 703 3526, സാക് ജോസഫ് 832 285 6756.

# ഡാലസിൽ ആത്മീയ സംഗീതമഴ; ഡിവൈൻ ഹാർട്ട്ബീറ്റ്സ് 25ന്

**– പ്രസാദ് തീയാടിക്കൽ**

ടെക്സസ്: ഡാലസ് മേഖലയിലെ വിശ്വാസികൾക്കായി ആത്മീയ സംഗീതത്തിന്റെ മനോഹര വിരുന്നൊരുക്കി ഡിവൈൻ ഹാർട്ടാ ബീറ്റ്സ് ജൂലൈ 25 ശനിയാഴ്ച വൈകിട്ട് 6ന് ഇർവിങിലെ സെന്റ് ജോർജ് മലങ്കര ഓർത്തഡോക്സ് ചർച്ച് ഓഡിറ്റോറിയത്തിൽ നടക്കും.

ക്രിസ്തീയ ഗാനങ്ങൾ, ആരാധന, കൂട്ടായ്മ, സംഗീതശുശ്രൂഷ എന്നിവയിലൂടെ ദൈവത്തിന്റെ നന്മ ആഘോഷിക്കുകയാണ് പരിപാടിയുടെ ലക്ഷ്യം. ഡാലസിലെ വിവിധ ഗായകരും സംഗീതജ്ഞരും അണിനിരക്കുന്ന ഈ സംഗീത സായാഹ്നം വിശ്വാസികൾക്ക് ആത്മീയ അനുഭവമായി മാറുമെന്ന് സംഘാടകർ അറിയിച്ചു.

സഭയുടെ വിവിധ പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകുന്നതിനായി സംഘടിപ്പിക്കുന്ന ഫണ്ട് സമാഹരണ പരിപാടി കൂടിയായ ഈ സംഗീതവിരുന്നിൽ പങ്കെടുക്കുന്ന എല്ലാവർക്കും വിരുന്ന് ഒരുക്കിയിട്ടുണ്ടെന്നും സംഘാടകർ അറിയിച്ചു.

ടിക്കറ്റ് നിരക്ക് കുടുംബത്തിന് 100 ഡോളറും, ഒരാൾക്ക് 50 ഡോളറുമാണ്. കുടുംബാംഗങ്ങളോടും സുഹൃത്തുക്കളോടും ഒപ്പം പങ്കെടുത്ത് ഈ ആത്മീയ സംഗീതവിരുന്നിനെ വിജയിപ്പിക്കണമെന്ന് സംഘാടകർ അഭ്യർഥിച്ചു. കൂടുതൽ വിവരങ്ങൾക്ക്:ാ റവ.രാജു ഡാനിയൽ (214)476 6584, അലക്സ് പള്ളിവാതുക്കൽ (972) 978 1625, രാജൻ ജോർജ് (469) 316 5630.

**24 July - National Thermal Engineer Day**

National Thermal Engineer Day is observed every year on 24 July to show the importance of advancing the thermal engineering industry and is provide the electronics industry with innovative, high-quality, and cost-effective thermal management and packaging solutions.

# കർദ്ദിനാൾ മാർ ജോർജ് കൂവക്കാടിന് വരവേൽപ്പ്



**– മാർട്ടിൻ വിലങ്ങോലിൽ**

ഡാലസ്: ഭാരതത്തിന് പുറത്തുള്ള ആദ്യത്തെ സീറോമലബാർ ഫൊറോനാ ദേവാലയമായ ഡാലസ് സെന്റ് തോമസ് ഫൊറോനാ ദേവാലയത്തിൽ ഭക്തിസാന്ദ്രമായി തുടരുന്ന വിപുലമായ തിരുനാൾ ആഘോഷങ്ങളുടെ പ്രധാന ചടങ്ങുകൾക്ക് മുഖ്യകാർമ്മികത്വം വഹിക്കാൻ, മതാന്തര സംവാദ ഡികാസ്റ്ററിയുടെ വത്തിക്കാനിലെ പ്രിഫെക്ട് കർദ്ദിനാൾ മാർ ജോർജ്ജ് കൂവക്കാട് എത്തിയതോടെ ഇടവക ജനങ്ങൾക്ക് അത് ചരിത്ര നിമിഷമായി.

കേരളത്തിൽ നിന്നും പ്രത്യേകിച്ച് സീറോ മലബാർ സഭയിൽ നിന്നും കേന്ദ്രമന്ത്രി സ്ഥാനത്തിന് തുല്യമായ ഉന്നത പദവിയിൽ ഒരാൾ ആദ്യമായിട്ടാണ് വത്തിക്കാനിൽ ഈ ശുശ്രൂഷ ചെയ്യുന്നത്.

ഡാളസിലെ വിമാനത്താവളത്തിൽ ഇറങ്ങിയ അദ്ദേഹത്തെ സ്വീകരിക്കാൻ സുഹൃത്തുക്കളും ബന്ധുക്കളും സ്വദേശത്തുനിന്നുള്ളവരും സഭാവിശ്വാസികളും ഉൾപ്പെടെ വൻ ജനസഞ്ചയമാണ് എത്തിച്ചേർന്നത്. ഗാർലാൻഡ് സെന്റ് തോമസ് ഫൊറോനാ അസിസ്റ്റന്റ് വികാരി ഫാ.ക്രിസ്റ്റിൻ പുതിയകുന്നേൽ വിമാനത്താവളത്തിൽ നേരിട്ടെത്തി കർദ്ദിനാളിന് പൂച്ചെണ്ട് നൽകി സ്നേഹോഷ്മളമായി സ്വീകരിച്ചു.

ഫൊറോനാ വികാരി ഫാ.സിബി സെബാസ്റ്റ്യൻ, അസിസ്റ്റന്റ് വികാരി ഫാ.ക്രിസ്റ്റിൻ പുതിയകുന്നേൽ, മുൻ വികാരി ഫാ.ജോജി കണിയാംപടി, കൊപ്പേൽ സെന്റ് അൽഫോൻസാ ഇടവക വികാരി ഫാ.മാത്യൂസ് മുഞ്ഞനാട്ട്, സെന്റ് അൽഫോൻസാ അസിസ്റ്റന്റ് വികാരിയും, നോർത്ത് ഡാളസ് സെന്റ് മറിയം ത്രേസ്യാ മിഷൻ ഡയറക്ടറുമായ ഫാ. ജിമ്മി എടക്കളത്തൂർ, ഫാ. ജോർജ് വാണിയപ്പുരയ്ക്കൽ, ഫാ.ജെയ്സൺ സേവ്യർ പുന്നോലിക്കുന്നേൽ, വിവിധ സന്യാസിനി സമൂഹങ്ങളിലെ സിസ്റ്റർമാർ, കൈക്കാരന്മാർ എന്നിവർ ചേർന്ന് കർദ്ദിനാളിന് ബൊക്കെ നൽകി ദേവാലയത്തിലേക്ക് ആനയിച്ചു.

ഇന്ത്യയ്ക്ക് പുറത്തു സ്ഥാപിക്കപ്പെട്ട ആദ്യ സീറോമലബാർ ദേവാലയമെന്ന ചരിത്രപ്രസിദ്ധമായ മണ്ണിലേക്ക് പ്രവേശിച്ച പിതാവ്, അൾത്താരയ്ക്ക് മുന്നിൽ മുട്ടുകുത്തി ഏറെ നേരം ഭക്തിപൂർവ്വം പ്രാർത്ഥിച്ചു.

കർദ്ദിനാളിന്റെ മുഖ്യകാർമ്മികത്വത്തിൽ ഭക്തിനിർഭരമായ തിരുനാൾ കുർബാനയും നൊവേനയും നടന്നു. വിശുദ്ധ കുർബാന മധ്യേ നൽകിയ വചനസന്ദേശത്തിൽ, വിശ്വാസത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും പ്രവാസ ലോകത്ത് സഭാ പാരമ്പര്യം കാത്തുസൂക്ഷിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും അദ്ദേഹം ഓർമ്മിപ്പിച്ചു. കുർബാനയ്ക്ക് ശേഷം നൂറുകണക്കിന് വിശ്വാസികൾ പങ്കെടുത്ത പ്രൗഢഗംഭീരമായ തിരുനാൾ പ്രദക്ഷിണവും നടന്നു.

# ഡീക്കൻ മോസസ് സ്റ്റീഫൻ പുതുപ്പള്ളിമ്മ്യാലിൽ വൈദികനായി അഭിഷിക്തനായി



**– അനൂപ് മുകളേൽ**

ന്യൂയോർക്ക്: കോട്ടയം അതിരൂപതയുടെ ചരിത്രത്തിൽ ആദ്യമായി നോർത്ത് അമേരിക്കൻ മണ്ണിൽ വെച്ച് നടത്തപ്പെട്ട തിരുപ്പട്ട ശുശ്രൂഷകൾക്കും നവപൂജാ അർപ്പണത്തിനും ലോങ്ങ് ഐലൻഡ് സെന്റ് സ്റ്റീഫൻസ് ക്നാനായ കത്തോലിക്കാ ഫൊറോനാ ദേവാലയം പ്രാർത്ഥനാപൂർവ്വം സാക്ഷ്യം വഹിച്ചു.

ജൂൺ 27 ശനിയാഴ്ച ഭക്തിസാന്ദ്രമായ അന്തരീക്ഷത്തിൽ നടന്ന ശുശ്രൂഷകളിലൂടെ ഡീക്കൻ മോസസ് സ്റ്റീഫൻ പുതുപ്പള്ളിമ്മ്യാലിൽ കോട്ടയം അതിരൂപതയിലെ വൈദികനായി അഭിഷിക്തനായി. കത്തോലിക്കാ സഭയുടെ അജപാലന ശുശ്രൂഷയിലേക്ക് ഒരു പുതിയ വൈദികൻ കൂടി കടന്നുവന്ന ഈ ആത്മീയ നാഴികക്കല്ലിനെ ന്യൂയോർക്കിലെ വിശ്വാസികൾ ഒന്നടങ്കം പ്രാർത്ഥനാപൂർവ്വം വരവേറ്റു. രാവിലെ ദേവാലയ കവാടത്തിൽ വെച്ച് അഭിവന്ദ്യ മെത്രാന്മാർക്കും ഡീക്കൻ മോസസിനും മറ്റ് വിശിഷ്ട വ്യക്തിത്വങ്ങൾക്കും ആചാരപൂർവ്വമായ സ്വീകരണം നൽകി. തുടർന്ന് അഭിവന്ദ്യ പിതാക്കന്മാരും വൈദികരും സിസ്റ്റേഴ്സും പ്രദക്ഷിണമായി ദേവാലയത്തിലേക്ക് പ്രവേശിച്ചു. ഡീക്കൻ മോസസ് തന്റെ മാതാപിതാക്കളായ സ്റ്റീഫൻ ലൗലി പുതുപ്പള്ളിമ്മ്യാലിൽ ദമ്പതിമാരുടെ ഒപ്പമാണ് ശുശ്രൂഷകൾക്കായി ബലിപീഠത്തിലേക്ക് ആനയിക്കപ്പെട്ടത്.

ഇടവക വികാരി ഫാ.പത്രോസ് ചമ്പക്കര തിരുക്കർമ്മങ്ങളിലേക്ക് ഏവരെയും ഔദ്യോഗികമായി സ്വാഗതം ചെയ്തതോടെ ശുശ്രൂഷകൾക്ക് തുടക്കമായി. തുടർന്ന് ഡാളസ് ക്രൈസ്റ്റ് ദി കിംഗ് ഇടവകാംഗമായ ബ്രദർ ജോഷ് ചിറയിൽ വൈദിക വസ്ത്രം സ്വീകരിച്ചു. കോട്ടയം അതിരൂപതാ മെത്രാപ്പോലീത്ത ആർച്ച്ബിഷപ്പ് മാർ മാത്യു മൂലക്കാട്ടിന്റെ മുഖ്യകാർമ്മികത്വത്തിൽ കൈവയ്പ്പ് പ്രാർത്ഥനയും തിരുപ്പട്ട ശുശ്രൂഷകളും നടന്നു. ചിക്കാഗോ സിറോ മലബാർ രൂപതാധ്യക്ഷൻ മാർ ജോയി ആലപ്പാട്ട് ദൈവവചന സന്ദേശം നൽകി. ബ്രൂക്ലിൻ രൂപത സഹായ ▶

## പി.സി.എൻ.എ.കെയ്ക്ക് ഒക്ലഹോമ വേദിയാകും; കൺവീനർ പാസ്റ്റർ തേജസ് തോമസ്, സെക്രട്ടറി ബിനോയ് ഫിലിപ്പ് കരുമാങ്കൽ

**- ഫിന്നി രാജു ഹൂസ്റ്റൺ**




ഒക്ലഹോമ: വടക്കേ അമേരിക്കയിലെ മലയാളി പെന്തെക്കോസ്ത് കൂട്ടായ്മകളുടെ ആത്മീയ മഹാസംഗമമായ പെന്തെക്കോസ്റ്റൽ കോൺഫറൻസ് ഓഫ് നോർത്ത് അമേരിക്കൻ കേരളൈറ്റ്സ്, പി.സി.എൻ.എ.കെ.യുടെ 41–ാമത് മഹാസമ്മേളനം 2028 ജൂൺ 29 മുതൽ ജൂലൈ 2വരെ അമേരിക്കയിലെ ഒക്ലഹോമയിൽ നടക്കും. റൂട്ടട് ഇൻ ഫെയ്ത്ത് യുനൈറ്റഡ് ഇൻ സ്പിരിറ്റ് എന്നതാണ് സമ്മേളനത്തിന്റെ പ്രമേയം.

ചിക്കാഗോയിൽ നടന്ന പി.സി.എൻ.എ.കെ. ജനറൽ ബോഡി യോഗത്തിൽ 2028ലെ ദേശീയ മഹാസമ്മേളനത്തിനായുള്ള പ്രാഥമിക ദേശീയ ഭാരവാഹികളെ തെരഞ്ഞെടുത്തു. പാസ്റ്റർ തേജസ് തോമസിനെ നാഷണൽ കൺവീനറായും, ബിനോയ് ഫിലിപ്പ് കരുമാങ്കലിനെ നാഷണൽ സെക്രട്ടറിയായും, നിബു വെള്ളവന്താനത്തെ നാഷണൽ ട്രഷററായും, പാസ്റ്റർ ഡെവിൻ ഡാനിയേലിനെ ഇംഗ്ലീഷ് കോർഡിനേറ്ററായും, ഡോ.ഗ്രേസ് ഗീവർഗീസിനെ ലേഡീസ് കോർഡിനേറ്ററായും, സാം തോമസിനെ ജനറൽ കോർഡിനേറ്ററായും, പാസ്റ്റർ മാത്യു സാമുവലിനെ പ്രയർ കോർഡിനേറ്ററായും, ഷെറി കെ. ജോർജിനെ പബ്ലിക് റിലേഷൻസ് കോർഡിനേറ്ററായും, ഫിന്നി രാജു, ഹ്യൂസ്റ്റണിനെ നാഷണൽ മീഡിയ കോർഡിനേറ്ററായും തെരഞ്ഞെടുത്തു.

വിപുലമായ ദേശീയ കമ്മിറ്റിയും ഒക്ലഹോമ ലോക്കൽ സംഘാടക സമിതിയും വിവിധ സബ് കമ്മിറ്റികളും പിന്നീട് പ്രഖ്യാപിക്കുമെന്ന് സംഘാടകർ അറിയിച്ചു.

25 July - **World Embryologist Day**

On 25 July 1978, Louise Joy Brown became the first baby to be conceived through IVF or in vitro fertilization and so the date is celebrated as World Embryologists Day every year.

26 July - **Kargil Vijay Diwas**

Kargil Vijay Diwas is observed on 26 July and is named after the success of Operation Vijay. The Kargil war was ended on 26 July which continued approx 60 days. This day is celebrated to honour the Kargil War Heroes.

26 July – **National Parent's Day (Fourth Sunday in July)**

National Parents Day is observed on the fourth Sunday in July and in 2026 it falls on 26 July. This day is celebrated to honour all the parents who play a vital role in the lives of children. Their unconditional love and sacrifice for their children can't be measured.

## ഡീക്കൻ മോസസ് സ്റ്റീഫൻ വൈദികനായി അഭിഷിക്തനായി

മെത്രാൻ മാർ ജെയിംസ് മാസ്സ ഉൾപ്പെടെയുള്ള പ്രമുഖ സഭാമേലധ്യക്ഷന്മാരും മറ്റു വൈദികരും ചടങ്ങുകളിൽ സന്നിഹിതരായിരുന്നു. ശുശ്രൂഷകൾക്ക് ശേഷം പൗരോഹിത്യ കൂട്ടായ്മയിലേക്ക് നവവൈദികനെ ഔദ്യോഗികമായി വരവേറ്റു. തുടർന്ന് നവവൈദികൻ ഫാ. മോസസ് പുതുപ്പള്ളിമ്മ്യാലിലിന്റെ മുഖ്യകാർമ്മികത്വത്തിൽ പ്രഥമ ദിവ്യബലി അർപ്പണം നടന്നു.

തിരുക്കർമ്മങ്ങൾക്ക് ശേഷം നടന്ന അനുമോദന സമ്മേളനത്തിൽ ആർച്ച്ബിഷപ്പ് മാർ മാത്യു മൂലക്കാട്ട്, മാർ ജോയി ആലപ്പാട്ട്, ബ്രൂക്ലിൻ രൂപത സഹായ മെത്രാൻ മാർ ജെയിംസ് മാസ്സ, ക്നാനായ റീജിയൻ ഡയറക്ടർ തോമസ് മുളവനാൽ അച്ചൻ, എസ്.വി.എം. സുപ്പീരിയർ ജനറൽ സിസ്റ്റർ ഇമ്മാക്കുലേറ്റ്, ഇടവക പ്രതിനിധി ട്രസ്റ്റി നോയൽ കുഴിപ്പറമ്പിൽ എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. തനിക്ക് ലഭിച്ച വലിയ ദൈവവിളിക്കും ഈ ശുശ്രൂഷകൾ ഭംഗിയായി നടക്കാൻ പ്രാർത്ഥിക്കുകയും സഹായിക്കുകയും ചെയ്ത ഏവർക്കും ഫാ. മോസസ് പുതുപ്പള്ളിമ്മ്യാലിൽ നന്ദി പ്രകാശിപ്പിച്ചു. അനുമോദന സമ്മേളനത്തിൽ നവവൈദികൻ മധുരം പങ്കുവച്ചു. ചടങ്ങിൽ പങ്കെടുത്ത ഏവർക്കും നവവൈദികന്റെ പിതാവ് സ്റ്റീഫൻ പുതുപ്പള്ളിമ്മ്യാലിൽ നന്ദി അർപ്പിച്ചു. തുടർന്ന് നവഅഭിഷിക്തനായ വൈദികന്റെ വിശുദ്ധീകരിക്കപ്പെട്ട കരങ്ങളിൽ ചുംബിച്ചു വിശ്വാസികൾ അനുഗ്രഹം വാങ്ങിയതിനെ തുടർന്ന് സ്നേഹവിരുന്നോടെ ചരിത്രപരമായ ഈ ആത്മീയ ശുശ്രൂഷകൾ സമാപിച്ചു. വികാരി ഫാ. പത്രോസ് ചമ്പക്കരയുടെയും ട്രസ്റ്റിമാരായ എബ്രഹാം തേർവാലക്കട്ടേൽ, ജെയിംസ് നികർത്തിൽ, ജെയിംസ് പുള്ളോർകുന്നേൽ, നോയൽ കുഴിപ്പറമ്പിൽ എന്നിവരുടെ നേതൃത്വത്തിലുള്ള വിവിധ കമ്മിറ്റികൾ ചടങ്ങുകളുടെ വിജയകരമായ നടത്തിപ്പിന് പിന്നിൽ പ്രവർത്തിച്ചു.

## നിത അംബാനിക്ക് അമേരിക്കൻ അസോസിയേഷൻ ഓഫ് ഫിസിഷ്യൻസ് ഓഫ് ഇന്ത്യൻ ഒറിജിന്റെ പുരസ്കാരം



ഫ്ലോറിഡ: റിലയൻസ് ഫൗണ്ടേഷൻ സ്ഥാപകയും ചെയർപഴ്സനുമായ നിത അംബാനിക്ക് അമേരിക്കൻ അസോസിയേഷൻ ഓഫ് ഫിസിഷ്യൻസ് ഓഫ് ഇന്ത്യൻ ഒറിജിൻ (എഎപിഐ) ഹ്യൂമാനിറ്റേറിയൻ അവാർഡ്. ആരോഗ്യം, വിദ്യാഭ്യാസം, കായികം, സംസ്കാരം, സാമൂഹിക വികസനം എന്നീ മേഖലകളിൽ റിലയൻസ് ഫൗണ്ടേഷനിലൂടെ നൽകിയ സംഭാവനകൾ പരിഗണിച്ചാണ് ഫ്ലോറിഡയിൽ നടന്ന ചടങ്ങിൽ പുരസ്കാരം സമ്മാനിച്ചത്.

മാനുഷിക സേവനം ഒരാളുടെ മാത്രം നേട്ടമല്ലെന്നും അതിനു പിന്നിൽ അർപ്പണബോധത്തോടെ പ്രവർത്തിക്കുന്ന വലിയൊരു സംഘത്തിന്റെ കൂട്ടായ പരിശ്രമമുണ്ട്. മറ്റുള്ളവരുടെ ജീവിതത്തിൽ മാറ്റമുണ്ടാക്കുകയെന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന റിലയൻസ് ഫൗണ്ടേഷനിലെ മുഴുവൻ പ്രവർത്തകർക്കും വേണ്ടിയാണ് ഈ ബഹുമതി സ്വീകരിക്കുന്നതെന്ന്പുരസ്കാരം ഏറ്റുവാങ്ങിയ ശേഷം നിത അംബാനി പറഞ്ഞു.

അമേരിക്കൻ സമൂഹത്തിൽ ശ്രദ്ധേയമായ സംഭാവനകൾ നൽകുന്നതിനൊപ്പം ഇന്ത്യൻ പൈതൃകം സംരക്ഷിക്കുന്ന ഇന്ത്യൻ വംശജരെ നിത അംബാനി അഭിനന്ദിച്ചു. പ്രത്യേകിച്ച് ഇന്ത്യൻ വംശജരായ ഡോക്ടർമാർ പ്രഫഷനൽ മികവും രോഗികളോടുള്ള സമർപ്പണവുംകൊണ്ട് അമേരിക്കയിലുടനീളം വലിയ ആദരവ് നേടിയിട്ടുണ്ടെന്നും നിത അംബാനി പറഞ്ഞു.

റിലയൻസ് ഫൗണ്ടേഷനിലൂടെ സമൂഹക്ഷേമത്തിനും മനുഷ്യസേവനത്തിനുമായി നടത്തിയ പ്രവർത്തനങ്ങളെയാണ് എഎപിഐ ഹ്യൂമാനിറ്റേറിയൻ അവാർഡ് അംഗീകരിക്കുന്നത്. മാനുഷിക സേവനരംഗത്തെ സംഭാവനകൾക്ക് ആദരസൂചകമായി ഫ്ലോറിഡയിലെ റ്റാംപ മേയർ ജെയിൻ കാസ്റ്റർ നിത അംബാനിക്ക്കീ ടു ദ സിറ്റി ഓഫ് റ്റാംപയും സമ്മാനിച്ചു. നഗരത്തിന്റെ പേരിൽ നൽകുന്ന ഏറ്റവും ഉയർന്ന സിവിൽ ബഹുമതികളിലൊന്നാണ് ഇത്. സമൂഹത്തിനും മനുഷ്യരാശിക്കും ശ്രദ്ധേയമായ സംഭാവനകൾ നൽകിയ വ്യക്തികൾക്കാണ് ഈ അംഗീകാരം നൽകുന്നത്.

സാമൂഹിക വികസനവും ജനങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനുമുള്ള റിലയൻസ് ഫൗണ്ടേഷന്റെ പ്രവർത്തനങ്ങൾക്കുള്ള രാജ്യാന്തര അംഗീകാരമായാണ് ഈ ഇരട്ട ബഹുമതികൾ വിലയിരുത്തപ്പെടുന്നത്.

## ഇന്ത്യൻ മാമ്പഴങ്ങളുടെ മധുരോത്സവം




**- പ്രസാദ് തീയാടിക്കൽ**

ജോർജിയ: അമേരിക്കയിലെ ഇന്ത്യൻ സമൂഹത്തിന്റെ സാംസ്കാരിക ആഘോഷമായി മാറിയ മാംഗോ മാനിയ അറ്റ്ലാന്റ 2026' നോർക്രോസിലെ ഗ്ലോബൽ മാളിൽ വർണാഭമായി നടന്നു. വിവിധ നിറങ്ങളിലും ഇനങ്ങളിലും അണിനിരത്തിയ ഇന്ത്യൻ മാമ്പഴങ്ങൾ സന്ദർശകരുടെ ശ്രദ്ധ പിടിച്ചുപറ്റി. വേനൽക്കാലത്തിന്റെ വരവറിയിച്ച ഈ മാമ്പഴ മേളയിൽ നൂറുകണക്കിന് കുടുംബങ്ങളാണ് പങ്കെടുത്തത്.

അൽഫോൻസോ, കേസർ, ബംഗനപ്പള്ളി, ഹിമസാഗർ ഉൾപ്പെടെയുള്ള പ്രശസ്ത ഇന്ത്യൻ മാമ്പഴ ഇനങ്ങൾ മേളയിൽ പ്രദർശിപ്പിക്കുകയും രുചിക്കാനായി ഒരുക്കുകയും ചെയ്തു. തങ്ങളുടെ ബാല്യകാല ഓർമ്മകൾ പുതുക്കിയെടുക്കാനും പുതിയ തലമുറയ്ക്ക് ഇന്ത്യൻ മാമ്പഴങ്ങളുടെ വൈവിധ്യം പരിചയപ്പെടുത്താനും ഈ മേള അവസരമായി മാറിയതായി സന്ദർശകർ പറഞ്ഞു.

പരിപാടിയിൽ അറ്റ്ലാന്റയിലെ ഇന്ത്യൻ കോൺസുലേറ്റ്, പ്രാദേശിക ജനപ്രതിനിധികൾ, വ്യാപാര പ്രമുഖർ, മാമ്പഴ ഇറക്കുമതിക്കാർ എന്നിവരും പങ്കെടുത്തു. ഇന്ത്യയിൽ നിന്ന് അമേരിക്കയിലേക്കുള്ള മാമ്പഴ ഇറക്കുമതി വർധിച്ചതും ഇന്ത്യൻ കാർഷികോൽപ്പന്നങ്ങൾക്ക് അമേരിക്കൻ വിപണിയിൽ ലഭിക്കുന്ന സ്വീകാര്യതയും പരിപാടിയിൽ ചർച്ചയായി.

ഭക്ഷ്യമേള മാത്രമല്ല, ഇന്ത്യൻ സംസ്കാരവും പാരമ്പര്യവും സമൂഹ ഐക്യവും ആഘോഷിക്കുന്ന വേദിയായും മാംഗോ മാനിയ 2026 മാറിയതായി സംഘാടകർ അറിയിച്ചു. തുടർന്ന് അൽഫറെറ്റയിലെ സുവിധ ഇന്റർനാഷണൽ മാർക്കറ്റിലും സമാന ആഘോഷം സംഘടിപ്പിച്ചു.

ഇന്ത്യൻ മാമ്പഴങ്ങളുടെ രുചിയും ഗുണമേന്മയും അമേരിക്കൻ ഉപഭോക്താക്കൾക്കിടയിൽ കൂടുതൽ ജനപ്രീതി നേടിക്കൊണ്ടിരിക്കുകയാണെന്നും ഇത്തരം പരിപാടികൾ ഇന്ത്യൻ സമൂഹത്തെ കൂടുതൽ ഒന്നിപ്പിക്കുന്നതായും സംഘാടകർ അഭിപ്രായപ്പെട്ടു.

# ഫൊക്കാനയുടെ മികച്ച റീജിയനുള്ള അവാർഡിന് അപേക്ഷ ക്ഷണിച്ചു

**– ശ്രീകുമാർ ഉണ്ണിത്താൻ**

ന്യൂയോർക്ക്: നോർത്ത് അമേരിക്കയിലെ മലയാളി സമൂഹത്തിന്റെ ഏറ്റവും വലിയ കൂട്ടായ്മയായ ഫൊക്കാന മികച്ച പ്രവർത്തനം കാഴ്ചവെക്കുന്ന റീജിയനെ ആദരിക്കുന്നതിനായി പ്രത്യേക അവാർഡുകൾ നൽകുന്നതിനുള്ള അപേക്ഷ ക്ഷണിച്ചു.

സാമൂഹിക സേവനം, സാംസ്കാരിക പ്രവർത്തനങ്ങൾ, ജീവകാരുണ്യ പ്രവർത്തനങ്ങൾ, യുവജനവനിതാ ശാക്തീകരണം, ഫൊക്കാനയുടെ മികച്ച സംഭാവനകൾ ആയ ഫൊക്കാന മെഡിക്കൽ കാർഡ്, പ്രെവിലേജ് കാർഡ്, ഫൊക്കാന ഹെൽത്ത് ക്ലിനിക്കുമായി സഹകരിച്ചുള്ള പ്രവർത്തനം, ഫൊക്കാന കൺവെൻഷന് റീജിയന്റെ സംഭാവന തുടങ്ങി ഫൊക്കാനയുടെ ലക്ഷ്യങ്ങൾ നടപ്പാക്കുന്നതിലുള്ള സജീവ പങ്കാളിത്തവും വിവിധ മേഖലകളിലെ സമഗ്ര മികവാണ് അവാർഡിനുള്ള പ്രധാന മാനദണ്ഡങ്ങൾ.

ഫൊക്കാനയുടെ വിവിധ റീജിയനുകൾ മികച്ച പ്രവർത്തനങ്ങൾ ആണ് കാഴ്ച വെച്ചത്. അതിൽ ഏറ്റവും മികച്ച പ്രവർത്തനം കാഴ്ചവെച്ച റീജിയന് 'ബെസ്റ്റ് റീജിയൻ അവാർഡ്' നൽകുന്നതാണ് എന്ന് ഈ കമ്മിറ്റിയുടെ പ്രവർത്തന ഉദ്ഘാടനത്തിൽ തന്നെ പറഞ്ഞ കാര്യമാണ്. വർഷം മുഴുവൻ സമൂഹത്തിന്റെ വിവിധ മേഖലകളിൽ മാതൃകാപരമായ പ്രവർത്തനങ്ങൾ നടത്തി അംഗങ്ങൾക്കിടയിൽ സജീവ സാന്നിധ്യമായിരുന്ന റീജിയനെ ഈ അവാർഡിലൂടെ ആദരിക്കും.

ഫൊക്കാനയുടെ എല്ലാ റീജിയനുകൾക്കും ഈ അവാർഡിനായി അപേക്ഷിക്കാമെന്ന് പ്രസിഡന്റ് സജിമോൻ ആന്റണി അറിയിച്ചു. ഫൊക്കാനയുടെ പ്രവർത്തനങ്ങൾക്ക് പുതുമയും മത്സരാത്മകതയും നൽകുന്നതിനൊപ്പം മികച്ച മാതൃകകൾ ഉയർത്തിക്കാട്ടുക എന്ന ലക്ഷ്യത്തോടെയാണ് പുരസ്കാരങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നതെന്നും അദ്ദേഹം വ്യക്തമാക്കി.

റീജിയന്റെ ആക്ടിവിറ്റി റിപ്പോർട്ട് ഫൊക്കാന വൈസ് പ്രസിഡന്റ് വിപിൻ രാജിന് അയച്ചു കൊടുക്കേണ്ടുന്നതാണ്. 7033078445.

e mail: vipiumon@gmail.com

ഈ വർഷത്തെ ഫൊക്കാന അന്താരാഷ്ട്ര കൺവൻഷൻ ഓഗസ്റ്റ് 6 മുതൽ 9 വരെ പെൻസിൽവേനിയയിലെ കൽഹാരി റിസോർട്ട് ആൻഡ് കൺവെൻഷൻ സെന്ററിൽ വച്ചാണ് നടക്കുന്നത്. ഈ കൺവൻഷനിൽ വെച്ചായിരിക്കും അവാർഡു ജേതാക്കളെ പ്രഖ്യാപിച്ച് ആദരിക്കുക. മലയാളി സമൂഹത്തിന്റെ ഐക്യത്തിനും സേവന പ്രവർത്തനങ്ങൾക്കും ശക്തിപകരുന്ന ഈ പുരസ്കാരങ്ങൾ ഫൊക്കാനയുടെ റീജിയനുകൾക്ക് വലിയ ആവേശമാണ് സൃഷ്ടിച്ചിരിക്കുന്നത്.

# ടൊറൊന്റോ സീയോൻ ഗോസ്പൽ അസംബ്ലി സീനിയർ പാസ്റ്ററായി റവ.ഡോ. ബെഞ്ചി മാത്യു സ്ഥാനമേറ്റു

**– പ്രസാദ് തീയാടിക്കൽ**



കാനഡ: ടൊറൊന്റോ ഒന്റാറിയോ സീയോൻ ഗോസ്പൽ അസംബ്ലിയുടെ സീനിയർ പാസ്റ്ററായി റവ.ഡോ. ബെഞ്ചി മാത്യു ജൂൺ ഒന്നിന് ചുമതലയേറ്റു.

മുംബൈ ഗോരേഗാവിലെ ചർച്ച് ഓഫ് ഗോഡിന്റെ പാസ്റ്ററായും ചർച്ച് ഓഫ് ഗോഡ് സെൻട്രൽ വെസ്റ്റ് റീജിയണിൽ ഒരു ഓർഡിനൈഡ് ബിഷപ്പായും സേവനമനുഷ്ഠിച്ച പാസ്റ്റർ ബെഞ്ചി മാത്യു മുംബൈയിലെ മഹനേയിം ബൈബിൾ കോളേജിന്റെ കൗൺസിൽ അംഗവും പ്രിൻസിപ്പാളുമാണ്. ദൈവശാസ്ത്രത്തിൽ മാസ്റ്റർ ഓഫ് ഡിവിനിറ്റി (എം.ഡി. വി.), ഡോക്ടർ ഓഫ് മിനിസ്ട്രി (ഡി.മിൻ.) എന്നിവ നേടിയിട്ടുണ്ട്. 2005 മുതൽ സേവനത്തിലും അധ്യാപന ശുശ്രൂഷയിലും വ്യാപൃതനാണ്. പ്രശസ്ത കൺവൻഷൻ പ്രാസംഗികൻ പാസ്റ്റർ ബേനിസെൻ മത്തായിയുടെ സഹോദരനാണ് ഭാര്യ: സന്ധ്യ. മക്കൾ: ജെഫി, ജാനിസ്

### 27 July- **APJ Abdul Kalam's Death Anniversary**

Avul Pakir Jainulabdeen Abdul Kalam, aka APJ Abdul Kalam, was the 11th President of India. He took his last breath on July 27 2015. This year marks the 7th death of 'Missile Man'. On this day, we can honour him as one of history's finest educators who made a significant contribution to the advancement of Indian space and military research.

# മാർത്തോമാ ചർച്ച് ഓഫ് ഡാളസ് ജൂബിലി ബൈബിൾ കൈയെഴുത്ത് പ്രോജക്ട് ആരംഭിച്ചു



**– ജീമോൻ റാന്നി**

ഡാളസ്: മാർത്തോമാ ചർച്ച് ഓഫ് ഡാളസ് (ഫാർമേഴ്സ് ബ്രാഞ്ച്) ഇടവകയുടെ ഗോൾഡൻ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി രൂപീകരിച്ച ഉണർവ് സബ് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ വിപുലമായ ആത്മീയ നവീകരണ പരിപാടികൾക്ക് തുടക്കമായി. 'ക്രിസ്തു സഹയാത്രികർ: വിശ്വാസം, പ്രത്യാശ, ദൗത്യം' എന്ന ജൂബിലി ചിന്താവിഷയത്തെ മുൻനിർത്തി ഇടവകാംഗങ്ങളുടെ ആത്മീയ വളർച്ചയും ഐക്യവും ലക്ഷ്യമിട്ടാണ് ഈ പരിപാടികൾ ക്രമീകരിച്ചിരിക്കുന്നത്.

ജൂൺ, ജൂലൈ മാസങ്ങളിലായി ഇടവകയിലെ വിവിധ പ്രാർത്ഥനാ ഗ്രൂപ്പുകളിൽ നിന്നുള്ള നാലും അഞ്ചും കുടുംബങ്ങളെ വീതം ഉൾപ്പെടുത്തി വീടുകളിൽ പ്രത്യേക ക്ലസ്റ്റർ പ്രാർത്ഥനായോഗങ്ങൾ നടന്നുവരുന്നു. ചെറിയ കൂട്ടായ്മകളിലൂടെ കുടുംബങ്ങൾ തമ്മിലുള്ള പരസ്പര ബന്ധം ദൃഢമാക്കാനും സഭയുടെയും സമൂഹത്തിന്റെയും വിവിധ ആവശ്യങ്ങൾക്കായി ഒരുമിച്ച് പ്രാർത്ഥിക്കാനും ഈ യോഗങ്ങൾ ഏറെ സഹായകരമാകുന്നുണ്ട്.

സൺഡേ സ്കൂൾ കുട്ടികൾ മുതൽ മുതിർന്ന അംഗങ്ങൾ വരെയുള്ള ആയിരത്തിഅഞ്ഞൂറോളം ഇടവകാംഗങ്ങളുടെ പങ്കാളിത്തത്തോടെ ദൈവവചനം പ്രാർത്ഥനാപൂർവ്വം എഴുതിത്തയ്യാറാക്കുന്ന ബൈബിൾ റൈറ്റിംഗ് പ്രോജക്റ്റ് വിജയകരമായി മുന്നേറുന്നു. മലയാളം, ഇംഗ്ലീഷ് എന്നീ ഭാഷകളിലാണ് വിശുദ്ധ ഗ്രന്ഥം പകർത്തിയെഴുതുന്നത്. 2026 ജൂൺ 9-ാം തീയതി സഭയുടെ സഫ്രഗൻ മെത്രാപ്പോലീത്ത ഡോ. യൂയാക്കിം മാർ കൂറിലോസ് തിരുമേനി ഈ പദ്ധതിയുടെ ഉദ്ഘാടനം നിർവ്വഹിച്ചു.

സാങ്കേതികവിദ്യയുടെ ഈ ആധുനിക യുഗത്തിലും ദൈവവചനം സ്വന്തം കൈപ്പടയിൽ എഴുതി ഹൃദയങ്ങളിൽ പതിപ്പിക്കുവാനുള്ള ഈ സംരംഭം, വരുംതലമുറകൾക്ക് വിശ്വാസത്തിന്റെ വലിയൊരു സാക്ഷ്യമായി മാറുമെന്നും, ജൂബിലി സ്മാരകമായി ഒരുങ്ങുന്ന ഈ വിശുദ്ധ ഗ്രന്ഥം ഇടവകയുടെ ആത്മീയ ഐക്യത്തിന്റെയും സമർപ്പണത്തിന്റെയും മകുടോദാഹരണമായി നിലകൊള്ളുമെന്നും ഭാരവാഹികൾ അറിയിച്ചു. ഇടവകയിലെ ഇളംതലമുറയ്ക്ക് വലിയൊരു നവാനുഭവമായി മാറിയ ഈ ബൈബിൾ പ്രോജക്റ്റ് ഓഗസ്റ്റ് ആദ്യവാരം നടക്കുന്ന ജൂബിലി സമാപന സമ്മേളനത്തിന് മുൻപായി പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്.

ഈ പദ്ധതിയുടെ ഭാഗമായി, ദൈവവചനം ആവശ്യമുള്ളവരിലേക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോടെ, ബൈബിൾ സൊസൈറ്റി ഓഫ് ഇന്ത്യയുടെ സഹകരണത്തോടുകൂടി ഇന്ത്യയിലെ വിവിധ ഗ്രാമപ്രദേശങ്ങളിൽ വിശുദ്ധ ബൈബിൾ സൗജന്യമായി വിതരണം ചെയ്യുന്ന ഒരു മാതൃകാപരമായ ദൗത്യവും ഉണർവ് സബ് കമ്മിറ്റി ഏറ്റെടുത്തിട്ടുണ്ട്. ഇടവകാംഗങ്ങളുടെ അകമഴിഞ്ഞ സഹകരണത്തോടെയാണ് ഈ ബൈബിൾ വിതരണ പദ്ധതി നടപ്പിലാക്കുന്നത്.

# സിയാറ്റിലിൽ മലയാളി സമൂഹത്തിന്റെ സാംസ്കാരിക മുന്നേറ്റത്തിന് പുതിയ ഊർജം



**– പ്രസാദ് തീയാടിക്കൽ**

സിയാറ്റിൽ: അമേരിക്കയിലെ ഗ്രേറ്റർ സിയാറ്റിൽ മേഖലയിലെ നാലായിരത്തിലധികം മലയാളി കുടുംബങ്ങളെ ഒരുമിപ്പിച്ച് സാംസ്കാരികവും വിദ്യാഭ്യാസപരവും സാമൂഹികവുമായ പ്രവർത്തനങ്ങൾ ശക്തമാക്കി കേരള അസോസിയേഷൻ ഓഫ് വാഷിംഗ്ടൺ.

മലയാളി സമൂഹത്തിന്റെ ഭാഷയും സംസ്കാരവും പുതുതലമുറയിലേക്ക് കൈമാറുക എന്ന ലക്ഷ്യത്തോടെ സംഘടന മലയാളം ക്ലാസുകൾ, കായിക മത്സരങ്ങൾ, കുടുംബസംഗമങ്ങൾ, ഓണാഘോഷം, ക്രിസ്മസ് ആഘോഷം തുടങ്ങി വർഷം മുഴുവൻ വിവിധ പരിപാടികൾ സംഘടിപ്പിച്ചുവരികയാണ്.

കുട്ടികൾക്കായി പ്രവർത്തിക്കുന്ന മലയാളം സ്കൂളിലൂടെ ഭാഷാപഠനത്തിനും കേരളീയ പൈതൃക സംരക്ഷണത്തിനും പ്രത്യേക പ്രാധാന്യം നൽകുന്ന സംഘടന, വർഷംതോറും നിരവധി കായിക മത്സരങ്ങളും കലാപരിപാടികളും സാമൂഹിക സേവന പ്രവർത്തനങ്ങളും സംഘടിപ്പിക്കുന്നു. കൂടാതെ ഓണസദ്യ, സാംസ്കാരിക വിരുന്നുകൾ, കുടുംബ വിനോദപരിപാടികൾ എന്നിവയിലൂടെ വിവിധ പ്രായക്കാരായ മലയാളികളെ ഒരേ വേദിയിൽ എത്തിക്കുന്നതിലും ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുകയാണ്.

സിയാറ്റിൽ മേഖലയിലെ മലയാളി സമൂഹത്തിന്റെ ഐക്യവും സാംസ്കാരിക പാരമ്പര്യവും ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ സംഘടനയുടെ പ്രവർത്തനങ്ങൾ തുടർന്നുവരുന്നതായും ഭാരവാഹികൾ അറിയിച്ചു

## റൂബി പ്രിൻസസ് ക്രൂയിസ് കപ്പലിൽ നൊറോവൈറസ് വ്യാപനം

**- പ്രസാദ് തീയാടിക്കൽ**

സാൻ ഫ്രാൻസിസ്കോ: ജൂലൈ 3 സാൻ ഫ്രാൻസിസ്കോയിൽ തിരിച്ചെത്തിയ റൂബി പ്രിൻസസ് ക്രൂയിസ് കപ്പലിൽ നൊറോ വൈറസ് ബാധ സ്ഥിരീകരിച്ചതിനെ തുടർന്ന് 120ലധികം യാത്രക്കാരും ജീവനക്കാരും അസ്വസ്ഥരായി. അമേരിക്കൻ സെന്റർ ഫോർ ഡിസീസ് കൺട്രോൾ ആന്റ് പ്രിവൻഷൻ വിവര പ്രകാരം, 102 യാത്രക്കാരും 23 ജീവനക്കാരുമാണ് രോഗലക്ഷണങ്ങൾ പ്രകടിപ്പിച്ചത്.

സാൻ ഫ്രാൻസിസ്കോയിൽ നിന്ന് ജൂൺ 12ന് പുറപ്പെട്ട 20 ദിവസത്തെ അലാസ്കകാനഡ യാത്രയ്ക്കിടെയാണ് രോഗ വ്യാപനം റിപ്പോർട്ട് ചെയ്തത്. ഛർദ്ദി, വയറിളക്കം, വയറുവേദന തുടങ്ങിയ നൊറോവൈറസിന്റെ സാധാരണ ലക്ഷണങ്ങളാണ് ബാധിതരിൽ കണ്ടെത്തിയത്. എല്ലാ രോഗികളും ഒരേ സമയത്ത് രോഗബാധിതരായിരുന്നില്ലെന്നും കപ്പൽ തുറമുഖത്തെത്തുമ്പോൾ എല്ലാവർക്കും രോഗലക്ഷണങ്ങളുണ്ടായിരുന്നില്ലെന്നും സി.ഡി.സി വ്യക്തമാക്കി.

സംഭവത്തെ തുടർന്ന് കപ്പലിൽ ശുചീകരണവും അണുനശീകരണവും ശക്തമാക്കിയതായി പ്രിൻസസ് ക്യൂറീസ് അറിയിച്ചു. രോഗബാധിതരെ പ്രത്യേകം നിരീക്ഷിക്കുകയും അടുത്ത യാത്രയ്ക്ക് മുമ്പ് കപ്പൽ സമഗ്രമായി അണുവിമുക്തമാക്കുകയും ചെയ്തതായി കമ്പനി അറിയിച്ചു.

28 July - **World Nature Conservation Day**

World Nature Conservation Day is observed on 28 July every year to recognise that a healthy environment is a foundation for a stable and productive society and for future generations. We must protect, conserve and sustainably manage our natural resources.

## ഐസിഇസിഎച്ച് ക്രിക്കറ്റ് ടൂർണമെന്റ് സമാപിച്ചു; സെന്റ് മേരീസ് സീറോ മലബാർ കാത്തലിക് ചർച്ച് പെയർലാൻഡ് ജേതാക്കൾ

**- ജീമോൻ റാന്നി**

ഹൂസ്റ്റൺ: ഇന്ത്യൻ ക്രിസ്ത്യൻ എക്യൂമെനിക്കൽ കമ്മ്യൂണിറ്റി ഓഫ് ഹൂസ്റ്റൺ സംഘടിപ്പിച്ച 12-ാ മത് ക്രിക്കറ്റ് ടൂർണമെന്റിന്റെ ഗ്രാൻഡ് ഫൈനൽ മത്സത്തിൽ സെന്റ് മേരീസ് സീറോ മലബാർ കാത്തലിക് ചർച്ച് പെയർലാൻഡ് ജേതാക്കളായി.

ടൂർണമെന്റിന്റെ ഗ്രാൻഡ് ഫൈനലിൽ സെന്റ് മേരീസ് സിറോ മലബാർ പിയർലാൻഡ് ടോസ് നേടി സെൻറ് മേരീസ് മലങ്കര ഓർത്തഡോക്സ് ടീമിനെ ബാറ്റിംഗിന് അയച്ചു. ഫൈനലിലെ 18 ഓവർ മത്സരത്തിൽ സെന്റ് മേരീസ് പെയർലാൻഡിന്റെ കൃത്യമായ ബൗളിങ്ങിനും ഫീൽഡിങ്ങിനും മുമ്പിൽ 14.2 ഓവറിൽ 67 റൺസിന് സെൻറ് മേരീസ് മലങ്കര ഓർത്തഡോക്സ് ടീം പുറത്തായി.

തുടർന്ന് ബാറ്റിംഗിന് ഇറങ്ങിയ സെൻറ് മേരീസ് പെയർലാൻഡ് 9 ഓവറിൽ രണ്ടു വിക്കറ്റ് നഷ്ടത്തിൽ ലക്ഷ്യം കണ്ടു. അങ്ങനെ കഴിഞ്ഞ കൊല്ലത്തെ ചാമ്പ്യന്മാരായ സെന്റ് മേരീസ് പിയർ ലാൻഡ് ഈ കൊല്ലവും അവരുടെ ജൈത്രയാത്ര തുടർന്നു കൊണ്ടിരിക്കുന്നു. ജൂൺ 21 ഞായറാഴ്ച ഉച്ചയ്ക്ക് 2:30ന് സ്റ്റാഫോർഡ് സിറ്റി പാർക്കിലാണ് ഫൈനൽ മത്സരം നടന്നത്.

സ്റ്റാഫോർഡ് സിറ്റി പാർക്കിൽ ഏപ്രിൽ 11 നു തുടക്കം കുറിച്ച് മൂന്നു മാസങ്ങൾ നീണ്ടു നിന്ന 14 ടീമുകൾ പങ്കെടുത്ത ടൂർണമെന്റിന്റെ ആവേശകരമായ മത്സരങ്ങൾക്ക് ശേഷമാണ് ഇരു ടീമുകളും ഫൈനലിലേക്ക് യോഗ്യത നേടിയത്.

സമ്മാന ദാന ചടങ്ങിൽ സ്റ്റാഫോർഡ് സിറ്റി മേയർ കെൻ മാത്യു, ഫോർട്ട് ബെൻഡ് കൗണ്ടി പ്രിസിങ്ക്റ്റ് 3 പോലീസ് ക്യാപ്റ്റൻ മനു പൂപ്പാറയിൽ എന്നിവർ മുഖ്യാതിഥികളായി വിജയികൾക്ക് ട്രോഫികൾ സമ്മാനിച്ചു.

ടൂർണമെന്റിലെ വിജയികൾക്ക് കെ. കെ. മാത്യു കുറ്റിയിൽ മെമ്മോറിയൽ എവർ റോളിംഗ് ട്രോഫി സമ്മാനിച്ചു. റണ്ണേഴ്സ് അപ്പ് ടീമിന് ബിജു ചാലക്കൽ സ്പോൺസർ ചെയ്ത ട്രോഫി സമ്മാനിച്ചു. മറ്റുള്ള ട്രോഫികൾ മുഴുവൻ സ്പോൺസർ ചെയ്തത് ജോർജ് ജോസഫാണ്.

മാസ്സ് മ്യൂച്ചൽ, അലാമോ ട്രാവൽസ്, ആൻസ് ഗ്രോസിയേഴ്സ് തുടങ്ങിയവർ സ്പോൺസർമാരായി ടൂർണമെന്റിനെ സഹായിച്ചു. മിൽറ്റ മാത്യു (ആഷാ റേഡിയോ) ടൂർണമെന്റിന് തത്സമയ മീഡിയ കവറേജ് നൽകി.

സെക്രട്ടറി ഷാജൻ ജോർജ് സ്വാഗതമാശംസിച്ചു. സ്പോർട്സ് കൺവീനർ ജിനോ ജേക്കബ് നന്ദി അറിയിച്ചു. മുൻ വൈസ് പ്രസിഡണ്ട് റവ.ഫാ. രാജേഷ് കെ ജോൺ, റവ.ഡീക്കൻ ടോബി ജോൺ, നൈനാൻ വീട്ടിനാൽ, ജോർജ് ജോസഫ്, ജോജി ജോസഫ്, എബി മാത്യു, മിൽറ്റ മാത്യു, ജോൺസൻ ഉമ്മൻ, ജീമോൻ റാന്നി, ബിജു ചാലക്കൽ, അനിൽ വർഗീസ് തുടങ്ങിയവർ സമ്മാനദാനം നിർവഹിച്ചു.

കഴിഞ്ഞ വർഷങ്ങളിലെന്ന പോലെ ഈ വർഷവും മികച്ച രീതിയിൽ ക്രിക്കറ്റ് ടൂർണമെന്റ് സംഘടിപ്പിച്ച ക്രിക്കറ്റ് കോർഡിനേറ്റർമാരായ ബിജു ചാലക്കൽ, അനിൽ വർഗീസ് എന്നിവരെ ഐസിഇസിഎച്ച് കമ്മിറ്റി അഭിനന്ദിച്ചു.

റവ.ഫാ.ഡോ. ഐസക് ബി. പ്രകാശ് (പ്രസിഡണ്ട്) റവ.ഫാ ബിന്നി ഫിലിപ്പ് (വൈസ് പ്രസിഡണ്ട്), ഷാജൻ ജോർജ് (സെക്രട്ടറി), രാജൻ അങ്ങാടിയിൽ (ട്രഷറർ) തുടങ്ങിയവരുടെ നേതൃത്വത്തിലുള്ള ഐസിഇസിഎച്ച് കമ്മിറ്റി എല്ലാ പരിപാടികൾക്കും നേതൃത്വം നൽകി വരുന്നു. ഹൂസ്റ്റണിലെ 20 ഇടവകകളുടെ സംയുക്ത കൂട്ടായ്മയാണ് ഐസിഇസിഎച്ച്.

## സ്വാതന്ത്ര്യദിന അവധിയിൽ റെക്കോർഡ് യാത്ര; 7.2 കോടി അമേരിക്കക്കാർ റോഡിലും ആകാശപാതയിലും



**- പ്രസാദ് തീയാടിക്കൽ**

വാഷിംഗ്ടൺ: അമേരിക്കയുടെ 250-ാം സ്വാതന്ത്ര്യദിന അവധിയോടനുബന്ധിച്ച് രാജ്യത്ത് ഈ വർഷം റെക്കോർഡ് യാത്രക്കാരുടെ തിരക്കാണ് അനുഭവപ്പെടുന്നത്. 7.2 കോടിയിലധികം അമേരിക്കക്കാർ (72 ദശലക്ഷം) സ്വന്തം വീടുകളിൽ നിന്ന് കുറഞ്ഞത് 50 മൈൽ ദൂരമെങ്കിലും യാത്ര ചെയ്യുമെന്നാണ് അധികൃതരുടെ കണക്ക്.

രാജ്യത്തെ പ്രധാന വിമാനത്താവളങ്ങളിലും അന്തർ സംസ്ഥാന ഹൈവേകളിലും കനത്ത തിരക്ക് അനുഭവപ്പെടുകയാണ്. നിരവധി വിമാന സർവീസുകൾ നിറഞ്ഞതും പ്രധാന റോഡുകളിൽ ഗതാഗതക്കുരുക്ക് രൂക്ഷമാണെന്നുമാണ് റിപ്പോർട്ടുകൾ.

യാത്രക്കാർ സാധാരണയേക്കാൾ നേരത്തെ യാത്ര ആരംഭിക്കണമെന്നും വിമാനയാത്രക്കാർ ആവശ്യമായ സമയം മുൻകൂട്ടി വിമാനത്താവളങ്ങളിൽ എത്തണമെന്നും ഗതാഗത അധികൃതർ നിർദേശിച്ചു. തിരക്ക് മുഴുവൻ അവധിക്കാലത്തുടനീളം തുടരുമെന്നാണ് വിലയിരുത്തൽ.

സ്വാതന്ത്ര്യദിന ആഘോഷങ്ങൾക്കായി കുടുംബസമേതം വിവിധ വിനോദസഞ്ചാര കേന്ദ്രങ്ങളിലേക്കും ബന്ധുവീടുകളിലേക്കും യാത്ര ചെയ്യുന്നവരുടെ എണ്ണമാണ് ഇത്തവണ റെക്കോർഡ് ഉയരത്തിലെത്താൻ പ്രധാന കാരണമായത്.

## ഒരേ ആശുപത്രിയിലെ പ്രസവവിഭാഗത്തിലെ 17 നഴ്സുമാർ ഗർഭിണികൾ; അപൂർവ ബേബി ബൂം



**- പ്രസാദ് തീയാടിക്കൽ**

ഒഹായോ: അമേരിക്കയിലെ ഒഹായോ സംസ്ഥാനത്തെ മിയാമി വാലി ഹോസ്പിറ്റലിലെ ലേബർ ആൻഡ് ഡെലിവറി വിഭാഗത്തിൽ ജോലി ചെയ്യുന്ന 17 നഴ്സുമാർ ഒരേ സമയത്ത് ഗർഭിണികളായതോടെ ആശുപത്രിയിൽ അപൂർവമായ ബേബി ബൂം ശ്രദ്ധേയമായി. ഇതോടെ 2019ൽ ഒരേസമയം 11 നഴ്സുമാർ ഗർഭിണികളായിരുന്ന ആശുപത്രിയുടെ മുൻ റെക്കോർഡ് മറികടന്നു.

ഗർഭിണികളായ നഴ്സുമാരിൽ ചിലർ ആദ്യ കുഞ്ഞിനെ പ്രതീക്ഷിക്കുന്നവരാണ്. മറ്റു ചിലർ രണ്ടാമത്തെയോ അതിലധികമോ കുഞ്ഞിനെ വരവേൽക്കാനൊരുങ്ങുകയാണ്. എല്ലാവരും പരസ്പരം അനുഭവങ്ങൾ പങ്കുവെച്ചും ഉപദേശങ്ങൾ നൽകിയും ഈ പ്രത്യേക യാത്ര ഒരുമിച്ച് ആഘോഷിക്കുകയാണ്. ചിലർ സ്വന്തം സഹപ്രവർത്തകരുടെ കൈകളിലൂടെയാണ് പ്രസവിക്കാനുമൊരുങ്ങുന്നത്.

ഒരേസമയം ഇത്രയും പേർ പ്രസവാവധിയിലേക്ക് പോകുന്നത് ആശുപത്രിയുടെ പ്രവർത്തനത്തെ ബാധിക്കില്ലെന്ന് ആശുപത്രി അധികൃതർ അറിയിച്ചു. ഏകദേശം 200 നഴ്സുമാരും സപ്പോർട്ട് സ്റ്റാഫും ഉള്ളതിനാൽ ആവശ്യമായ ക്രമീകരണങ്ങൾ ഇതിനകം തയ്യാറാക്കിയിട്ടുണ്ടെന്നും അധികൃതർ വ്യക്തമാക്കി.



# ട്രൈസ്റ്റേറ്റ് കേരള ഫോറത്തിന്റെ ഓണാഘോഷത്തിന് ഡോ. എം.വി. പിള്ള മുഖ്യാതിഥി

– സുമോദ് തോമസ് നെല്ലിക്കാല

ഫിലാഡൽഫിയ: ട്രൈസ്റ്റേറ്റ് കേരള ഫോറത്തിന്റെ ആഭിമുഖ്യത്തിൽ ഈ വർഷത്തെ വിപുലമായ ഓണാഘോഷം ആഗസ്റ്റ് 22ന് ശനിയാഴ്ച ഫിലാഡൽഫിയയിലെ കാൻസ്റ്റാറ്റർ വോൾക്സ്ഫെസ്റ്റ് വെറൈനിൽ നടക്കുമെന്ന് ഭാരവാഹികൾ അറിയിച്ചു.

മുഖ്യാഘോഷകനായി പ്രമുഖ കാൻസർ വിദഗ്ധനും ഹീമറ്റോളജിസ്റ്റുമായ ഡോ.മാധവൻ വി. പിള്ള (ഡോ.എം.വി. പിള്ള) പങ്കെടുക്കും. ലോകമെമ്പാടും ശ്രദ്ധേയനായ മെഡിക്കൽ ഓങ്കോളജിസ്റ്റും ഹീമറ്റോളജിസ്റ്റുമായ അദ്ദേഹം തോമസ് ജെഫേഴ്സൺ യൂണിവേഴ്സിറ്റിയുടെ സിഡ്നി കിമ്മൽ മെഡിക്കൽ കോളേജിൽ ക്ലിനിക്കൽ പ്രൊഫസറായും, ഇന്റർനാഷണൽ നെറ്റ്‌വർക്ക് ഫോർ കാൻസർ ട്രീറ്റ്മെന്റ് ആൻഡ് റിസർച്ചിന്റെ പ്രസിഡന്റായും സേവനമനുഷ്ഠിച്ചുവരുന്നു. വൈദ്യശാസ്ത്ര രംഗത്തെ അദ്ദേഹത്തിന്റെ ദീർഘകാല സേവനവും സമൂഹത്തോടുള്ള പ്രതിബദ്ധതയും മലയാളി സമൂഹത്തിന് അഭിമാനകരമാണ്.

പ്രശസ്ത സിനിമാനടി മല്ലിക സുകുമാരന്റെ സഹോദരനായ ഡോ.എം.വി പിള്ളയുടെ പങ്കാളിത്തം ട്രൈസ്റ്റേറ്റ് കേരളാ ഫോറത്തിന് തികച്ചും അഭിമാനകരമെന്ന് വൈസ് ചെയർമാൻ വിൻസെന്റ് ഇമ്മാനുവേൽ അറിയിച്ചു.

കേരളത്തിന്റെ പാരമ്പര്യവും സംസ്കാരവും പുതുതലമുറയ്ക്ക് പകർന്നുനൽകുക എന്ന ലക്ഷ്യത്തോടെ സംഘടിപ്പിക്കുന്നവന്നോണം പൊന്നോണം എന്ന് നാമകരണം ചെയ്യപ്പെട്ടിരിക്കുന്ന ഈ വർഷത്തെ ഓണാഘോഷത്തിൽ വൈവിധ്യമാർന്ന കലാപരിപാടികളാണ് അണിനിരക്കുന്നത്.

മലയാളികളുടെ പ്രിയപ്പെട്ട പിന്നണി ഗായകൻ ബിജു നാരായണനും സംഘവും അവതരിപ്പിക്കുന്ന ഗാനമേളയാണ് പ്രധാന ആകർഷണം. അദ്ദേഹത്തിന്റെ ഹൃദയസ്പർശിയായ ഗാനങ്ങൾ ഓണാഘോഷത്തിന് സംഗീതവിരുന്നായി മാറുമെന്നാണ് പ്രതീക്ഷ എന്ന് സംഘടനയുടെ ചെയർമാനായ ലെനോ സ്കറിയ, ജനറൽ സെക്രട്ടറി ജോബി ജോർജ്, ട്രഷറർ രാജൻ സാമുവൽ എന്നിവർ അഭിപ്രായപ്പെട്ടു.

മാതാ ഡാൻസ് അക്കാദമിയുടെ നേതൃത്വത്തിൽ നൂറുകണക്കിന് വനിതകൾ അണിനിരക്കുന്ന മെഗാ തിരുവാതിര ഈ വർഷത്തെ ആഘോഷത്തിന്റെ മറ്റൊരു പ്രധാന പരിപാടിയാണ്. കേരളത്തിന്റെ തനത് കലാരൂപമായ തിരുവാതിരയെ അതിന്റെ ഭംഗിയും ചാരുതയും നിലനിർത്തി അവതരിപ്പിക്കുന്നതിനായി ഇതിനകം തന്നെ പരിശീലനങ്ങൾ പുരോഗമിക്കുകയാണെന്ന് സംഘാടകർ അറിയിച്ചു.

ഓണസദ്യ, ചെണ്ടമേളം, പഞ്ചവാദ്യം, കുട്ടികളുടെയും യുവജനങ്ങളുടെയും കലാപരിപാടികൾ, നൃത്താവിഷ്കാരങ്ങൾ, നാടൻ കലാരൂപങ്ങൾ, വിവിധ മത്സരങ്ങൾ എന്നിവയും ആഘോഷത്തിന്റെ ഭാഗമായി നടക്കും.

പെൻസിൽവാനിയ, ന്യൂജേഴ്സി, ഡെലവെയർ എന്നീ സംസ്ഥാനങ്ങളിലെ പതിനഞ്ചോളം മലയാളി സംഘടനകളെ ഏകോപിപ്പിക്കുന്ന ട്രൈസ്റ്റേറ്റ് കേരള ഫോറത്തിന്റെ നേതൃത്വത്തിൽ എല്ലാ വർഷവും സംഘടിപ്പിക്കുന്ന ഓണാഘോഷം മലയാളികളുടെ ഏറ്റവും വലിയ സാംസ്കാരിക സംഗമങ്ങളിലൊന്നായി മാറിയിട്ടുണ്ട്. വിവിധ മത,രാഷ്ട്രീയ, സാമൂഹിക മേഖലകളിലെ പ്രമുഖരും വിശിഷ്ടാതിഥികളും ചടങ്ങിൽ പങ്കെടുക്കും.

# ടെക്സാസിലെ മക്കിനിയിൽനിന്ന് ആദ്യ കൊമേഴ്സ്യൽ വിമാനങ്ങൾ; അഞ്ച് നഗരങ്ങളിലേക്ക് സർവീസ്

– പ്രസാദ് തീയാടിക്കൽ

ടെക്സാസ്: ടെക്സാസിലെ മക്കിനി നാഷണൽ എയർപോർട്ടിൽ നിന്ന് ആദ്യമായി വാണിജ്യ വിമാനസർവീസുകൾ ആരംഭിക്കുന്നതായി അവേലോ എയർലൈൻസ് പ്രഖ്യാപിച്ചു. ഇതോടെ കോളിൻ കൗണ്ടിയുടെ ചരിത്രത്തിലെ ആദ്യ സ്ഥിരം കൊമേഴ്സ്യൽ വിമാനസർവീസിന് തുടക്കമാകും. ആദ്യഘട്ടത്തിൽ അഞ്ച് നോൺസ്റ്റോപ്പ് ലക്ഷ്യസ്ഥാനങ്ങളിലേക്കാണ് സർവീസ് ആരംഭിക്കുന്നത്. നെവാഡയിലെ ലാസ് വെഗാസിനും ഫ്ലോറിഡയിലെ ഫോർട്ട് ലോഡർഡെയിൽ, ഫോർട്ട് മയേഴ്സ്, ഓർലാൻഡോ, ടാംപ എന്നീ നാല് നഗരങ്ങളിലേക്കുമാണ് നേരിട്ടുള്ള സർവീസുകൾ.

ചില റൂട്ടുകളിൽ ആഴ്ചയിൽ രണ്ട് സർവീസുകളും, കൂടുതൽ ആവശ്യക്കാർ പ്രതീക്ഷിക്കുന്ന റൂട്ടുകളിൽ ആഴ്ചയിൽ അഞ്ച് സർവീസുകളും ഉണ്ടായിരിക്കും. പുതിയ യാത്രാ ടെർമിനൽ പ്രവർത്തനം ആരംഭിക്കുന്നതോടൊപ്പം നവംബർ 11 മുതൽ സർവീസുകൾ ആരംഭിക്കുമെന്നാണ് കമ്പനി അറിയിച്ചിരിക്കുന്നത്. 184 സീറ്റുകളുള്ള ബോയിങ് 737800 വിമാനങ്ങളാണ് സർവീസിനായി വിന്യസിക്കുന്നത്. പുതിയ സർവീസിലൂടെ നൂറിലധികം പ്രാദേശിക തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുമെന്നും അധികൃതർ അറിയിച്ചു.

28 July - **World Hepatitis Day**

World Hepatitis Day is observed annually on 28 July to generate an opportunity to step up national and international efforts on hepatitis. Also, this day makes people aware of hepatitis disease and its consequences in the life of the people suffering from it.

# വേൾഡ് മലയാളി കൗൺസിൽ ഫിലഡൽഫിയ പ്രവിശ്യയുടെ ഏകദിന കുടുംബ പിക്നിക് ആവേശോജ്വലമായി




– ലൂക്കോസ് മാത്യു

ഫിലാഡൽഫിയ: വേൾഡ് മലയാളി കൗൺസിലിന്റെ കുടുംബാംഗങ്ങളും സുഹൃത്തുക്കളും പങ്കെടുത്ത ഗ്രീൻ ലൈൻ പാർക്കിലേക്കുള്ള ഏകദിന വിനോദയാത്ര ആവേശകരമായ അനുഭവമായി മാറി. വിവിധ പ്രായക്കാരായ അംഗങ്ങൾ ഒരുമിച്ചുകൂടിയ ഈ യാത്ര സൗഹൃദവും കുടുംബബന്ധങ്ങളും കൂടുതൽ ദൃഢമാക്കുന്ന മനോഹരമായ അവസരമായി.

ഈ മാസം ഇരുപത്തിയേഴാം തീയതി, ശനിയാഴ്ച രാവിലെ ഏഴുമണിക്ക് ഫിലാഡൽഫിയായിൽനിന്നും പുറപ്പെട്ട അംഗങ്ങൾ പ്രൊവിൻസിന്റെ ചെയർപേഴ്സൺ അജിപണിക്കരുടെ ഗിൽബെർട്സ്‌വില്ലയിലുള്ള ഭവനത്തിൽ ഒൻപതുമണിയോടുകൂടി ഒത്തുചേരുകയും അവിടെ ഒരുക്കിയിരുന്ന പ്രഭാതഭക്ഷണം ആസ്വദിച്ചു ഗ്രീൻ ലൈൻ പാർക്കിലേക്ക് പുറപ്പെട്ടു.

പ്രകൃതിസൗന്ദര്യം നിറഞ്ഞ വിനോദസഞ്ചാര കേന്ദ്രത്തിൽ നടന്ന സംഗമത്തിൽ കുട്ടികൾക്കും മുതിർന്നവർക്കുമായി നിരവധി വിനോദപരിപാടികൾ, കായികമത്സരങ്ങൾ, ടീം ഗെയിമുകൾ എന്നിവ സംഘടിപ്പിച്ചു. വിജയികൾക്ക് ട്രോഫികളും സമ്മാനങ്ങളും നൽകി ആദരിച്ചു.

പരിപാടിയുടെ മറ്റൊരു പ്രധാന ആകർഷണമായിരുന്നു കുട്ടായ്മയിൽ ഒരുക്കിയ ബാർബിക്യൂ വിരുന്ന്. അംഗങ്ങൾ ചേർന്ന് വിവിധതരം ബാർബിക്യൂ വിഭവങ്ങൾ തയ്യാറാക്കി പരസ്പരം പങ്കുവെച്ച് ആസ്വദിച്ചു. സ്നേഹത്തിന്റെയും സഹകരണത്തിന്റെയും രുചി നിറഞ്ഞ ഈ വിരുന്ന് എല്ലാവരുടെയും മനസിൽ മധുരമായ ഓർമ്മകൾ സമ്മാനിച്ചു. ബാർബിക്യൂ വിഭവങ്ങളുടെ ഒരുക്കത്തിനും വിതരണത്തിനും പ്രസിഡന്റ് നൈനാൻ മത്തായിയും ജെയിംസ് പീറ്ററും നൽകിയ നേതൃത്വം ഭക്ഷണവിരുന്നിനെ കൂടുതൽ ആസ്വാദ്യകരമാക്കി. ഓരോ അംഗത്തിന്റെയും നിസ്വാർത്ഥ സേവനവും സഹകരണവുമാണ് ഈ പിക്നിക്കിന്റെ വിജയത്തിന് ശക്തമായ അടിത്തറയായത്.

പരിപാടിയുടെ ആസൂത്രണവും ഏകോപനവും വേൾഡ് മലയാളി കൗൺസിൽ ചെയർപേഴ്സൺ അജി പണിക്കരും ഭർത്താവും അതീവ ആത്മാർഥതയോടെയും സമർപ്പണ ബോധത്തോടെയും നിർവഹിച്ചു. അവരുടെ കൃത്യമായ ആസൂത്രണവും കൂട്ടായ പരിശ്രമവും അംഗങ്ങളുടെ സഹകരണവും പരിപാടിയെ വൻ വിജയമാക്കി മാറ്റുന്നതിൽ നിർണായക പങ്കുവഹിച്ചു.

വേൾഡ് മലയാളി കൗൺസിലിന്റെ ഈ പിക്നിക് പരിപാടിക്ക് മെഡിക്കൽ മിഷൻ സിസ്റ്റേഴ്സ് നോർ ത്ത് അമേരിക്കയുടെ ജസ്റ്റിസ് പ്രൊമോട്ടർ സിസ്റ്റർ ഫിലോ മോറിസിന്റെ സാന്നിധ്യം മാറ്റുകൂട്ടി. പരിപാടിയിൽ മുഴുവൻ സമയവും പങ്കെടുത്ത് അംഗങ്ങളോടൊപ്പം സന്തോഷകരമായ നിമിഷങ്ങൾ പങ്കുവെച്ച അവർ, സമാപന സമ്മേളനത്തിൽ വിജയികൾക്ക് ട്രോഫികൾ വിതരണം ചെയ്യുകയും എല്ലാവരെയും പ്രചോദിപ്പിക്കുന്ന സന്ദേശം നൽകുകയും ചെയ്തു.

തോമസ്കുട്ടി വർഗീസ് പരിപാടിയുടെ വിജയത്തിനായി പ്രവർത്തിച്ച സംഘാടകരോടും സന്നദ്ധ പ്രവർത്തകരോടും അംഗങ്ങളോടും വിശിഷ്ടാതിഥികളോടും ഹൃദയം നിറഞ്ഞ നന്ദി രേഖപ്പെടുത്തി. സന്തോഷത്തിന്റെയും സൗഹൃദത്തിന്റെയും മനോഹരമായ ഓർമ്മകൾ സമ്മാനിച്ച് പരിപാടി വൈകിട്ട് അഞ്ചുമണിയോടുകൂടി സമാപിച്ചു.

# വ്യത്യസ്ത മത്സരം വ്യത്യസ്ത സമ്മാനം കുട്ടികൾക്ക് ഒരുക്കി മിഷൻലീഗ്





ഡാളസ്: ക്രിസ്തുരാജ ഇടവകയിൽ മിഷൻ ലീഗ് കുട്ടികൾക്കായി വ്യത്യസ്ഥ മത്സരവും വ്യത്യസ്ഥ സമ്മാനവും തിരുഹൃദയ മാസത്തിൽ ഒരുക്കപ്പെട്ടു. തിരുഹൃദയ വണക്കത്തിലൂടെ ലഭിക്കുന്ന 12 വാഗ്ദാനങ്ങൾ അവധിക്കാലത്തിന്റെ ഉല്ലാസമധ്യേ പഠിച്ച് ഏറ്റുപറയുന്ന മത്സരവിജയികൾക്ക് സൈക്കിൾ സമ്മാനമായി നൽകി. കുട്ടികൾക്ക് ഇത് ഒരു സർപ്രൈസ് സമ്മാനമായി മാറി.

തങ്ങളുടെ 25–ാം വിവാഹ വാർഷികത്തോട് അനുബന്ധിച്ച് അരീച്ചിറ സുബാഷ്, ജ്യോതി ദമ്പതികൾ ആണ് സമ്മാനങ്ങൾ സ്പോൺസർ ചെയ്തത്.

ജോഹാൻ, ലീറ പാറയ്ക്കശ്ശേരിൽ, ജേമി കുഴിച്ചിൽ എന്നീ കുട്ടികൾ സമ്മാനർഹരായി. കുട്ടികളെയും അവരെ അതിനായി ഒരുക്കിയ മാതാപിതാക്കളെയും വികാരി ഫാ.ബിൻസ് ചേത്തലിൽ പ്രത്യേകം അഭിനന്ദിച്ചു.

## നൃത്തവേദിയിൽ വിസ്മയമായി നന്ദിത ശരത്തിന്റെ ഭരതനാട്യം അരങ്ങേറ്റം

- സണ്ണി മാളിയേക്കൽ



ടെക്സസ്: കലയിലും കായികരംഗത്തും മികവ് തെളിയിച്ച നന്ദിത ശരത്തിന്റെ അരങ്ങേറ്റം അതിമനോഹരമായി, ലൂയിസ് വിൽ ഗ്രാൻഡ് തീയേറ്ററിൽ പ്രൗഢഗംഭീരമായ സദസ്സിന് മുമ്പിൽ അരങ്ങേറി. അഞ്ചാം വയസ്സിൽ ശ്രീലക്ഷ്മണന്റെ കീഴിൽ ഭരതനാട്യം അഭ്യസിച്ചു തുടങ്ങിയ നന്ദിത, കഴിഞ്ഞ 11 വർഷമായി മിനി ശ്യാമിന്റെ കീഴിലാണ് നൃത്തപഠനം തുടരുന്നത്.ശ്രീ സ്കൂൾ ഓഫ് ഡാൻസിലൂടെ നോർത്ത് ടെക്സാസിലെ വിവിധ സാംസ്കാരിക സംഘടനകൾക്കും ചാരിറ്റി പ്രവർത്തനങ്ങൾക്കും പിന്തുണയേകി വർഷം തോറും നടക്കാറുള്ള നൃത്തോത്സവങ്ങളിൽ നന്ദിത സജീവമായി പങ്കെടുക്കാറുണ്ട്.


ഭരതനാട്യം തന്റെ മതപരമായ പൈതൃകത്തെക്കുറിച്ച് ആഴത്തിലുള്ള അറിവ് നൽകാനും ആത്മീയബോധം വളർത്താനും സഹായിച്ചതായി നന്ദിത പറയുന്നു.

നൃത്തത്തിന് പുറമെ, പ്രൈമറി സ്കൂൾ കാലഘട്ടം മുതൽ എയർ റൈഫിൾ ഷൂട്ടിംഗിൽ പരിശീലനം നേടുന്ന നന്ദിത നിരവധി ദേശീയ തലത്തിലുള്ള മത്സരങ്ങളിൽ പങ്കെടുത്തിട്ടുള്ള ഒരു മികച്ച കായികതാരം കൂടിയാണ്. കൂടാതെ പ്രഗത്ഭയായ ഒരു ഡ്രമ്മറും പരിസ്ഥിതി പ്രവർത്തകയുമാണ്.

2024 മുതൽ കീപ്പ് ടെക്സാസ് ബ്യൂട്ടിഫുൾ അംബാസഡറായി സേവനമനുഷ്ഠിക്കുന്ന നന്ദിത, പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ട നിരവധി സാമൂഹിക മുന്നേറ്റങ്ങൾക്ക് നേതൃത്വം നൽകിയിട്ടുണ്ട്.

പ്ലാനോ ഈസ്റ്റ് സീനിയർ ഹൈസ്കൂളിൽ നിന്ന് ഉയർന്ന മാർക്കോടെ ഉന്നതവിജയം കരസ്ഥമാക്കിയ നന്ദിത, കെമിക്കൽ എഞ്ചിനീയറിംഗ് ഉപരിപഠനത്തിനായി ഓസ്റ്റിനിലെ യൂണിവേഴ്സിറ്റി ഓഫ് ടെക്സാസിലേക്ക് പ്രവേശനം നേടിയിരിക്കുകയാണ്. ശരത്, ഗാഥ ദമ്പതികളുടെ മകളാണ് നന്ദിത ശരത്.

## ലാൽ വർഗീസിന്റെ എ ഫെയ്ത്ത് ജേർണി പ്രസിദ്ധീകരിച്ചു




ഡാലസ്: അമേരിക്കയിലെ ഡാലസിൽ അഭിഭാഷകനായ ലാൽ വർഗീസിന്റെ രണ്ടാം ഗ്രന്ഥമായ എ ഫെയ്ത്ത് ജേർണി; മൈൽസ്റ്റോൺസ് ഇൻ ദ ഹിസ്റ്ററി ഓഫ് ദ മലങ്കര മർത്തോമ ചർച്ച്ആമസോൺ കിറ്റിൽ ഇ ബുക്സ് പ്ലാറ്റ്ഫോമിലൂടെ ലോകമെമ്പാടുമുള്ള വായനക്കാർക്ക് ഇപ്പോൾ ലഭ്യമാണ്. അമേരിക്കയിൽ ഇതിന്റെ വില 5.99 യു. എസ്.ഡോളറാണ്.

മലങ്കര മാർത്തോമ്മാ സുറിയാനി സഭയുടെ ചരിത്രം, പൈതൃകം, വിശ്വാസം, ആരാധനാക്രമം (ലിറ്റർജി), കൂട്ടായ ആരാധന, സഭാപാരമ്പര്യങ്ങൾ, നവീകരണ പ്രസ്ഥാനം എന്നിവയെ സമഗ്രമായും സംക്ഷിപ്തമായും പരിചയപ്പെടുത്തുന്ന ഗ്രന്ഥമാണിത്. പ്രത്യേകിച്ച് മാർത്തോമ്മാ സഭയുടെ അടുത്ത തലമുറയ്ക്ക് അവരുടെ സഭയുടെ വിശ്വാസപാരമ്പര്യവും ആത്മീയ പൈതൃകവും ആഴത്തിൽ മനസ്സിലാക്കുന്നതിനും സംരക്ഷിക്കുന്നതിനും ഈ ഗ്രന്ഥം സഹായകമാകുമെന്ന പ്രത്യാശയിലാണ് ഇത് പ്രസിദ്ധീകരിച്ചിരിക്കുന്നത്.

മലങ്കര മാർത്തോമ്മാ സഭയുടെ ചരിത്രം അചഞ്ചലമായ വിശ്വാസത്തിന്റെയും നവീകരണാത്മക ദർശനത്തിന്റെയും സുവിശേഷമൂല്യങ്ങളോടുള്ള പ്രതിബദ്ധതയുടെയും തെളിവാണ്. കിഴക്കൻ സഭയുടെ സമ്പന്നമായ പാരമ്പര്യത്തിൽ വേരൂന്നിക്കൊണ്ട് കാലാനുസൃതമായ നവീകരണം സ്വീകരിച്ച സഭയുടെ യാത്രയാണ് ഈ ഗ്രന്ഥം അവതരിപ്പിക്കുന്നത്.

ഡോ.തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്ത ആമുഖം എഴുതിയിട്ടുണ്ട്. വടക്കേ അമേരിക്കഭദ്രാസനാധ്യക്ഷൻ ഡോ.എബ്രഹാം മാർ പൗലോസ് എപ്പിസ്കോപ്പയും, ഇംഗ്ലണ്ടിലെ ആദ്യകാല മാർത്തോമ്മാ പ്രവാസിയും പണ്ഡിതനുമായ ഡോ. സാക്ക് വർഗീസ് ആശംസാസന്ദേശങ്ങൾ നൽകി.

## സെന്റ് പീറ്റേഴ്സ് മലങ്കര കത്തോലിക്ക ഇടവക പെരുന്നാൾ ഭക്തി നിർഭരമായി ആഘോഷിച്ചു



- ഡോ.ജോർജ് എം.കാക്കനാട്

ടെക്സാസ്: സെന്റ് പീറ്റേഴ്സ് മലങ്കര കാത്തലിക് ചർച്ചിൽ ഇടവക മധ്യസ്ഥനായ വിശുദ്ധ പത്രോസ് ശ്ലീഹായുടെ തിരുനാൾ അതീവ ഭക്തിനിർഭരമായി പ്രാർത്ഥനാപൂർവ്വമായ അന്തരീക്ഷത്തിലും വൈവിധ്യമാർന്ന പരിപാടികളോടെയും ആഘോഷിച്ചു.

ഒരാഴ്ച നീണ്ടുനിന്ന തിരുനാൾ ആഘോഷങ്ങളിൽ പ്രത്യേക പ്രാർത്ഥനകൾ, ആത്മീയ ധ്യാനം, ഭക്തിനിർഭരമായ പ്രദക്ഷിണം, വൈവിധ്യമാർന്ന കലാപരിപാടികൾ, ചെണ്ടമേളം, കരിമരുന്ന് പ്രയോഗം, സ്നേഹവിരുന്ന് എന്നിവ ഉൾപ്പെട്ടിരുന്നു.

തിരുനാളിന്റെ സമാപന ദിവസത്തെ പൊന്തിഫിക്കൽ വിശുദ്ധ കുർബാനയ്ക്ക് മാവേലിക്കര ഭദ്രാസനാധിപൻ അഭിവന്ദ്യ മോസ്റ്റ് റവ .ഡോ.മാത്യൂസ് മാർ പോളിക്കാർപ്പോസ് മെത്രാപ്പോലീത്ത മുഖ്യകാർമ്മികത്വം വഹിച്ചു. വിശുദ്ധ പത്രോസിന്റെയും പൗലോസിന്റെയും ജീവചരിത്രവും വിശ്വാസയാത്രയും ആസ്പദമാക്കി അദ്ദേഹം നൽകിയ വചനസന്ദേശം വിശ്വാസികൾക്ക് ഏറെ പ്രചോദനമേകുന്നതായിരുന്നു. സഭയുടെ വളർച്ചയ്ക്കും സുവിശേഷ ദൗത്യത്തിനും ഈ രണ്ട് ശ്ലീഹന്മാർ നൽകിയ സംഭാവനകൾ കാലാതീതമാണെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു. തന്റെ പ്രസംഗത്തിൽ വിശുദ്ധ പത്രോസിന്റെ ജീവിതത്തിലെ മൂന്ന് പ്രധാനപ്പെട്ട വശങ്ങളെക്കുറിച്ച് അദ്ദേഹം പ്രത്യേകം പ്രതിപാദിച്ചു.

ജീവിതത്തിലെ പ്രതിസന്ധികളിലും പരാജയങ്ങളിലും ഭയപ്പെടാതെ ക്രിസ്തുവിലേക്ക് തിരിയണമെന്ന സന്ദേശമാണ് ഇതിലൂടെ ലഭിക്കുന്നത്. മൂന്നാമതായി, തിബേരിയാസ് കടൽത്തീരത്തുവെച്ച് യേശു പത്രോസിനോട് ചോദിച്ച നീ എന്നെ സ്നേഹിക്കുന്നുവോ? എന്ന ചോദ്യത്തെ അദ്ദേഹം വിശകലനം ചെയ്തു. യേശു ആവശ്യപ്പെടുന്നത് മനുഷ്യന്റെ ഭൗതിക നേട്ടങ്ങളല്ല, മറിച്ച് ആത്മാർത്ഥമായ സ്നേഹമാണെന്നും ആ സ്നേഹമാണ് ക്രൈസ്തവ ശിഷ്യത്വത്തിന്റെ അടിസ്ഥാനമെന്നും ബിഷപ്പ് കൂട്ടിച്ചേർത്തു.

തുടർന്ന് ആദ്യകുർബാന സ്വീകരിച്ച കുട്ടികളെയും അദ്ദേഹം പ്രത്യേകം അനുമോദിച്ചു. ആദ്യകുർബാന സ്വീകരണം ഒരു ക്രിസ്ത്യാനിയുടെ ജീവിതത്തിലെ ഏറ്റവും ഓർമ്മിക്കപ്പെടേണ്ട ദിവസമാണെന്നും, ഈ നിമിഷത്തിൽ കുട്ടികൾ യേശുവിനെ തങ്ങളുടെ ഹൃദയത്തിലേക്ക് സ്വീകരിച്ച് ദൈവവുമായി സവിശേഷമായ രീതിയിൽ ഒന്നാകുകയാണെന്നും ബിഷപ്പ് ഓർമ്മിപ്പിച്ചു. പെരുന്നാൾ ആഘോഷങ്ങൾ ഇത്രയും മനോഹരമായി ക്രമീകരിച്ച ഇടവകാംഗങ്ങളെ അദ്ദേഹം അഭിനന്ദിച്ചു.

ഈ വർഷത്തെ പെരുന്നാളിന് മാറ്റുകൂട്ടാൻ ഇടവകയുടെ സ്വന്തം ചെണ്ടമേള ഗ്രൂപ്പിന്റെ പ്രകടനവും ഉണ്ടായിരുന്നു. ഇതോടൊപ്പം ഇടവകയിലെ പുരുഷന്മാരുടെ കൂട്ടായ്മയായ മെൻസ് ഫോറത്തിന്റെ ഔദ്യോഗിക ലോഗോ പ്രകാശനം നിർവ്വഹിക്കപ്പെട്ടു.

ഇടവക വികാരി റവ.ഫാ.ബിന്നി ഫിലിപ്പ്, പാരിഷ് കൗൺസിൽ അംഗങ്ങൾ, വിവിധ കമ്മിറ്റി ഭാരവാഹികൾ എന്നിവർ നേതൃത്വം നൽകി.

## ഹൂസ്റ്റണിൽ സീനിയർ മിനിസ്ട്രിയുടെ സമ്മർ ആഘോഷം



- ബിബി തെക്കനാട്ട്

ഹൂസ്റ്റൺ: ഹൂസ്റ്റൺ സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ഫൊറോന ഇടവകയിലെ സീനിയർ മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ ഹൂസ്റ്റണിലെ പ്രശസ്തമായ ഹെർമൻ പാർക്കിൽ വെച്ച് വിപുലമായ രീതിയിൽ സമ്മർ ആഘോഷം നടത്തി. മുതിർന്നവർക്കായി സംഘടിപ്പിച്ച ഈ ഒത്തുചേരൽ ഏറെ ആനന്ദകരവും അവിസ്മരണീയവുമായിരുന്നു.

ആഘോഷങ്ങളുടെ ഭാഗമായി പാർക്കിലൂടെയുള്ള മനോഹരമായ ട്രെയിൻ യാത്രയും വിവിധ തരത്തിലുള്ള വിനോദ പരിപാടികളും അംഗങ്ങൾക്കായി ഒരുക്കിയിരുന്നു. തുടർന്ന് വിഭവസമൃദ്ധമായ ഉച്ചഭക്ഷണവും ഉണ്ടായിരുന്നു. ചടങ്ങുകൾക്ക് സീനിയർ മിനിസ്ട്രിയുടെ ഭാരവാഹികളോടൊപ്പം വികാരി ഫാ. ഏബ്രഹാം മുത്തോലത്ത്, അസിസ്റ്റന്റ് വികാരി ഫാ. ജോഷി വലിയവീട്ടിൽ, സിസ്റ്റർ റെജി, ബിബി തെക്കനാട്ട് എന്നിവർ നേതൃത്വം നല്കി.

സെന്റ് മേരീസ് ഇടവകയിലെ സീനിയർ മിനിസ്ട്രി ഏറെ സജീവമായ പ്രവർത്തനങ്ങളാണ് കാഴ്ചവെക്കുന്നത്. എല്ലാ ബുധനാഴ്ചകളിലും പള്ളിയിൽ വെച്ച് ഈ കൂട്ടായ്മയിലെ അംഗങ്ങൾ ഒത്തുചേരാറുണ്ട്. ഈ ദിവസങ്ങളിൽ വിശുദ്ധ കുർബാനയിൽ പങ്കുചേരുകയും, ജപമാല ചൊല്ലി പ്രാർത്ഥിക്കുകയും ചെയ്യുന്നു.മുതിർന്നവരുടെ ശാരീരികമാനസിക ആരോഗ്യത്തിനായി വിവിധ വിനോദങ്ങൾ, ചർച്ചകൾ, ലഘു വ്യായാമങ്ങൾ എന്നിവയും ഇതോടൊപ്പം നടത്തിവരുന്നു. ഒടുവിൽ ഒന്നിച്ച് ഉച്ചഭക്ഷണവും കഴിച്ചാണ് ഇവർ പിരിയുന്നത്.